
VOL NO: 07 I ISSUE 46
www.nerpatham.com
mail@nerpatham.com
2023 NOVEMBER 18 I ₹10

# നേർപഥം

വാരിക



# ഇസ്‌ലാം വെറിയുടെ മലയാള പരിസരം

കേരളം കണ്ട ഏറ്റവും വലിയ ഭീകരാക്രമണം കഴിഞ്ഞിട്ട് മൂന്നാഴ്ച പിന്നിട്ടു. ഇലയനക്കങ്ങൾക്ക് പോലും ഞെട്ടിയുണരാറുള്ള മലയാള മാധ്യമങ്ങൾ പലതും അക്രമിയുടെ പേര് കണ്ടതിന് ശേഷം സുഖസുഷുപ്തി വിട്ടുണർന്നിട്ടില്ല. തുടർമരണങ്ങൾ പലതും ചരമകോളത്തിലേക്ക് മാറി. പക്ഷപാത 'മാധ്യമസേവന'ത്തിന് കേരളം മാത്രം മടിച്ചുനിൽക്കുന്നതെന്തിന്!

## വിമർശനത്തെ ഭയക്കുന്നവർ ഭീരുക്കൾ

|| മറ്റുള്ളവർക്കുവേണ്ടിയും പ്രാർഥിക്കുക

|| മക്കളുടെ മൊബൈൽ ഫോൺ ഉപയോഗം കുറക്കാൻ

|| ഭൂമിയിൽ ജൂതരാഷ്ട്രം സ്ഥാപിതമാകില്ലെന്ന് ഖാദിയാനി 'നബി'യുടെ പ്രവചനം!

## ഹുസൈൻ സലഫിയുടെ **പ്രകാശം പരത്തിയ പ്രവാചകന്മാർ** എന്ന പുസ്തക പരമ്പരയിലെ **830 രൂപ** വില വരുന്ന 5 പുസ്തകങ്ങൾ ഇപ്പോൾ വെറും **622 രൂപക്ക്**




കോപ്പികൾ ഉറപ്പിക്കാൻ ബന്ധപ്പെടുക | Mobile: + 91 73567 66478
Whatsapp: 73567 66478

WISDOM BOOKS

**PUBLISHING | DISTRIBUTION**

WISDOM BOOKS, E.K.P. Building, Calicut

www.wisdomislam.org publication@wisdomislam.org

0495 4019437 73567 66478



yono SBI | SBI Payments

MERCHANT NAME: WISDOM BOOKS AND PUBLICATIONS
UPI ID: WISDOMBOOKS@SBI

SCAN & PAY

BHIM SBI Pay
BHIM UPI

### പുതിയ പുസ്തകങ്ങൾ

| | | |
|---|---|---|
| 01. | ആരാധനകളുടെ ആത്മാവ് | ശമീർ മദീനി |
| 02. | വിശ്വാസത്തിന്റെ അടിത്തറ ഭാഗം 2 | ഉമർ കോയ മദീനി |
| 03. | പ്രകാശം പരത്തിയ പ്രവാചകന്മാർ/ഭാഗം 5 | ഹുസൈൻ സലഫി |
| 04. | പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 05. | പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. | സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 07. | മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 08. | വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 09. | ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 10. | പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ. അബ്ദുല്ലത്തീഫ് മദനി |

0356
നേർപഥം
വാരിക
2023 നവംബർ 18
1445 ജു.ഊലാ 04
പുസ്തകം 07 / ലക്കം 46



Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly

കവർ സ്റ്റോറി 10




ഇസ്‌ലാം വെറിയുടെ
മലയാള പരിസരം
മുജീബ് ഒട്ടുമ്മൽ

മുഖമൊഴി
വിമർശനത്തെ ഭയക്കുന്നവർ ഭീരുക്കൾ 05

വിമർശനം
ശൈഖ് ജീലാനിയുടെ അക്വീദയും ഹൈതമിയുടെ ‘കടത്തിക്കൂട്ടൽ’ വാദവും
അബൂഫർഹാൻ ബിൻ യൂസുഫ് 06

വനിതാപഥം
സസ്നേഹം സഹോദരിമാരോട്
സഹ്റ സുല്ലമിയ്യ 08

ലേഖനം
ഭ്രൂണ വളർച്ച
ഡോ. ഷാനവാസ് യു.എസ്.എ 18

ലേഖനം
ഹേമന്ദ് ഗുപ്തയുടെ വിധിന്യായങ്ങളിലൂടെ-06
സുഫ്‌യാൻ അബ്ദുസ്സലാം 22

കാഴ്ച
25 മക്കളുടെ മൊബൈൽ ഫോൺ ഉപയോഗം കുറക്കാൻ
സലാം സുറുമ എടത്തനാട്ടുകര

ലേഖനം
26 പൗരോഹിത്യത്തിന്റെ വേരുകൾ
ഇ.യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ

ലേഖനം
30 ഭൂമിയിൽ ജൂതരാഷ്ട്രം സ്ഥാപിതമാകില്ലെന്ന് ഖാദിയാനി ‘നബി’യുടെ പ്രവചനം!
പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ

ക്വുർആൻ ദർശനം
32 സൂറ: അസ്സുമർ
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി

നമുക്കുചുറ്റും
34 അവസാനിപ്പിക്കണം ഈ ധൂർത്തുകൾ
നബീൽ പയ്യോളി



# 'പ്രൊഫെയ്സ്' വിസ്ഡം പ്രൊഫഷണൽസ് ഫാമിലി കോൺഫറൻസ് സമാപിച്ചു

അങ്കമാലി: സാമൂഹികഭദ്രത നിലനിറുത്തുവാനും ലിബറൽ ചിന്താഗതികൾക്കെതിരെ പോരാടുവാനും പ്രൊഫഷണൽ സമൂഹം രംഗത്തിറങ്ങണമെന്ന ആഹ്വാനത്തോടെ വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ സംസ്ഥാന സമിതി അങ്കമാലിയിലെ അഡ്‌ലക്സ് ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ സംഘടിപ്പിച്ച 'പ്രൊഫെയ്സ്' മൂന്നാമത് പ്രൊഫഷണൽസ് ഫാമിലി കോൺഫറൻസ് സമാപിച്ചു.

പ്രൊഫഷണലുകളുടെ ഗവേഷണപരവും തൊഴിൽപരവുമായ മികവുകൾ നിലനിറുത്താൻ സംസ്ഥാന സർക്കാർ പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കണം. മികച്ച പ്രൊഫഷണലുകളുടെ സേവനം രാജ്യത്തു തന്നെ ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള ശ്രമങ്ങൾ അധികൃതരുടെ ഭാഗത്തുനിന്നുണ്ടാകണം.

ഫലസ്തീനികളുടെ ജന്മാവകാശത്തിൽ ക്രൂരമായ കയ്യേറ്റം തുടരുന്ന ഇസ്രായേൽ ഭീകരതക്കെതിരെ ലോകമനസ്സാക്ഷി ഉണരണമെന്നും നിരപരാധികളായ കുഞ്ഞുങ്ങളെയും ആശുപത്രിയിൽ കഴിയുന്ന രോഗികളെയും കൂട്ടക്കൊല ചെയ്യുന്ന ഭീകരതക്കെതിരെ ലോകരാഷ്ട്രങ്ങൾ ഒന്നിക്കണമെന്നും കോൺഫൻസ് പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. നിരപരാധികളായ കുഞ്ഞുങ്ങളെയും ആശുപത്രിയിൽ കഴിയുന്ന രോഗികളെയും കൂട്ടക്കൊല ചെയ്യുന്ന ഭീകരതക്കെതിരെ ലോകരാഷ്ട്രങ്ങൾ ശബ്ദിക്കണം.

'യുവത്വം നിർവചിക്കപ്പെടുന്നു' എന്ന പ്രമേയത്തിൽ ഫെബ്രുവരി 10, 11 തീയതികളിൽ മലപ്പുറത്ത് നടക്കുന്ന കേരള യൂത്ത് കോൺഫറൻസിന്റ ഭാഗമായാണ് പ്രൊഫഷണൽസ് ഫാമിലി കോൺഫറൻസ് സംഘടിപ്പിച്ചത്. പ്രൊഫഷണൽ തിരക്കുകൾക്കിടയിൽ കുടുംബത്തോടും സമൂഹത്തോടും രാഷ്ട്രത്തോടുമുള്ള കടപ്പാടുകളെ കുറിച്ച് ചർച്ച ചെയ്ത കോൺഫറൻസിൽ കേരളത്തിൽനിന്നുള്ള ആയിരത്തിലധികം പ്രൊഫഷണൽ കുടുംബങ്ങൾ പങ്കെടുത്തു.

സൗദി എംബസി കൾച്ചറൽ അറ്റാഷെ ഡോ. ഖാലിദ് യൂസുഫ് എ. ബർഖാവി ഉൽഘാടനം ചെയ്തു. വിസ്ഡം യൂത്ത് സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ. പി.പി.അബ്ദുൽ മാലിക് അധ്യക്ഷനായി. വിവിധ സെഷനുകളിലായി ഹാരിസ് കായക്കൊടി, ഡോ. മുഹമ്മദ്കുട്ടി കണ്ണിയൻ, യൂനുസ് പി, ഷംജാദ് കെ അബ്ബാസ്, ഡോ. സമാൻ, മുഹമ്മദ് അജ്മൽ സി, ഡോ. ജൗഹർ മുനവ്വർ, ജാസിർ സാബ്‌രി, മിറാജ് മുഹമ്മദ്, ടി.കെ. അഷ്‌റഫ്, കെ. സജ്ജാദ്, ജംഷീർ സ്വലാഹി, അഡ്വ. മായൻകുട്ടി മേത്തർ, യു. മുഹമ്മദ് മദനി, ടി. കെ. നിഷാദ് സലഫി, ത്വാഹാ റഷാദ്, മുഹമ്മദ് ഖാൻ, കെ. താജുദ്ദീൻ സ്വലാഹി, ബഷീർ വി.പി, ഹാരിസ് ബിൻ സലീം, ഡോ. അബ്ദുല്ല ബാസിൽ, സകരിയ്യ പാണ്ടിക്കാട്, ഹാസിൽ അഹ്മദ് എന്നിവർ സംസാരിച്ചു.

പ്രൊഫഷണൽ രംഗത്ത് നീതിബോധവും സേവനതൽപരതയും വളർത്തുക, കുടുംബബന്ധത്തിലെ ധാർമിക സദാചാര മര്യാദകളെ കുറിച്ച് ബോധവൽകരിക്കുക, നവനാസ്തികതയുണ്ടാക്കുന്ന സാമൂഹിക പ്രത്യാഘാതങ്ങളെ കുറിച്ച് അവബോധം നൽകുക, ഏകദൈവവിശ്വാസം നൽകുന്ന ആത്മബലവും വ്യക്തിസംസ്കരണവും പകർന്നു നൽകുക, അരാഷ്ട്രീയ പ്രവണതകൾക്കെതിരെ ബോധവൽകരിക്കുക, മാനവിക മൂല്യങ്ങൾ ഉൾക്കൊണ്ടുള്ള സാമൂഹികസൃഷ്ടി സാധ്യമാക്കുക, സ്ത്രീസുരക്ഷ ഉറപ്പാക്കുന്നതും സന്താന പരിപാലന മാർഗങ്ങളും പ്രായോഗികമായി നിർവചിക്കുന്നതുമായ ഇസ്‌ലാമിക പാഠങ്ങളെ കുറിച്ച് അവബോധമുണ്ടാക്കുക, ആൽഫ ജനറേഷൻ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെയും പാരന്റിംഗ് കാര്യക്ഷമമാക്കാനുള്ള മാർഗങ്ങളെയും കുറിച്ച് അവബോധം നൽകുക എന്നീ ലക്ഷ്യങ്ങളിലൂന്നിയാണ് വിവിധ സെഷനുകൾ ഒരുക്കിയത്.

കോൺഫറൻസിലെത്തിയ പ്രൊഫഷണലുകളുടെ കുട്ടികൾക്കായി പ്രത്യേക സെഷനുകളും സംഘടിപ്പിച്ചു. വിവിധ പ്രായക്കാരെ സ്വീറ്റ് ബഡ്സ്, ബട്ടർഫ്ളൈസ്, ലിറ്റിൽ വിങ്സ്, ടീൻ സ്പേസ് എന്നിങ്ങനെ തിരിച്ച് പാട്ടും കഥകളും കളികളും ഗുണപാഠങ്ങളും പകർന്നു നൽകി.

# വിമർശനത്തെ ഭയക്കുന്നവർ ഭീരുക്കൾ

പ്രജകൾ എങ്ങനെ ചിന്തിക്കണമെന്നും എങ്ങനെ പ്രവർത്തിക്കുകയും പ്രതികരിക്കുകയും ചെയ്യണമെന്നും തീരുമാനിക്കാനുള്ള അവകാശം തന്നിൽ നിക്ഷിപ്തമാണെന്ന് ഓരോ ഭരണാധികാരിയും കരുതുന്നു; അങ്ങനെയാകാൻ ആഗ്രഹിക്കുന്നു. ഈ ആഗ്രഹം അമിതമാകുമ്പോഴാണ് ജനങ്ങളുടെ അഭിപ്രായ സ്വാതന്ത്ര്യത്തിനും അറിയാനുള്ള അവകാശത്തിനും മാധ്യമ സ്വാതന്ത്ര്യത്തിനും കൂച്ചുവിലങ്ങിടുന്നത്. അത്തരം ഭരണാധികാരികൾക്ക് തങ്ങൾ വിമർശിക്കപ്പെടുന്നത് അസഹ്യമായിരിക്കും. തങ്ങളെ വിമർശിക്കുന്നതിനെ രാജ്യദ്രോഹമായി ചിത്രീകരിക്കാനും വിമർശകരെ തുറുങ്കിലടക്കാനും അവർ മടികാണിക്കില്ല.

തങ്ങളുടെ വിദ്യാർഥികളെല്ലാം വാക്കിലും നോക്കിലും നടപ്പിലും ഇരിപ്പിലും തങ്ങൾ മനസ്സിൽ രൂപപ്പെടുത്തിയ മാതൃകയാകണമെന്ന് പല അധ്യാപകരും ആഗ്രഹിക്കുന്നു. യാതൊന്നും മറുത്തു പറയാതെ, കുഴപ്പംപിടിച്ച ചോദ്യങ്ങളൊന്നും ഉന്നയിക്കാതെ, കുസൃതികളും കളിതമാശകളും കാണിക്കാതെ, എഴുത്തും വായനയും ഹോംവർക്കുമെല്ലാം കൃത്യമായി നിർവഹിക്കുന്ന സ്ഥിതിയിൽ എല്ലാ വിദ്യാർഥികളും ആയാൽ ഈ അധ്യാപകർ അത്യധികം സന്തുഷ്ടരായിയിരിക്കും. മാതൃകായോഗ്യർ എന്ന് അറിയപ്പെടുന്നവരും അവാർഡ് ജേതാക്കളുമൊക്കെയായ മികച്ച ഗുരുനാഥൻമാരുടെ മനോഗതിയും ഏറെക്കുറെ ഇങ്ങനെയായിരിക്കും.

തങ്ങളുടെ അണികൾ ഏറ്റവുമധികം അച്ചടക്കം പാലിക്കുന്നവരും തങ്ങളുടെ അജണ്ട പൂർണമായി നടപ്പിലാക്കുന്നവരും ആയിരിക്കണമെന്ന് മിക്ക സംഘടനാസാരഥികളും ആഗ്രഹിക്കുന്നു. സഹപ്രവർത്തകരൊക്കെയും തങ്ങളുടെ ചിന്താഗതികളോടും സമീപനങ്ങളോടും പൂർണമായി യോജിക്കുന്നവരാകണമെന്നും വിശദാംശങ്ങളിൽ പോലും അവർ വ്യത്യസ്തമായ വീക്ഷണങ്ങളും നിലപാടുകളും പുലർത്തുന്നവരാകരുതെന്നും അവർ ആഗ്രഹിക്കും. സ്വേച്ഛാധിപത്യ ചിന്താഗതിയുള്ളവരിൽ മാത്രമല്ല ഈ ആഗ്രഹം ഉണ്ടാവുക. സംഘടനയുടെ കെട്ടുറപ്പും വ്യതിരിക്തതയും കാത്തുസൂക്ഷിക്കുന്നതിനും വീക്ഷണ വ്യത്യാസങ്ങളും വ്യതിയാനങ്ങളും ഉണ്ടാകാതെ സൂക്ഷിക്കുവാനും ഈ ജാഗ്രത അനിവാര്യമാണെന്ന് മനസ്സിലാക്കുന്ന നല്ല സംഘാടകരിലും ഈ ചിന്താഗതി കാണാം. സംഘടനയുടെ കെട്ടുറപ്പിന്റെ കാര്യത്തിൽ തികഞ്ഞ നിഷ്കർഷത പുലർത്താതെ മുന്നോട്ട് നീങ്ങാൻ കഴിയില്ല എന്ന നിലപാട് ഉദ്ദേശ്യശുദ്ധിയെ മാനിക്കുന്ന ആർക്കും അവഗണിക്കാൻ കഴിയില്ല.


നടേ സൂചിപ്പിച്ച ഭരണാധികാരികളും അധ്യാപകരും സംഘടനാസാരഥികളും ഒരു മൗലികമായ യാഥാർഥ്യം വിസ്മരിക്കുന്നു.

വ്യക്തികളെ അവരുടെ തനതായ രൂപത്തിൽ പരിഗണിക്കുകയും അവരുടെ ചിന്താപരവും സ്വഭാവപരവുമായ വ്യതിരിക്തത നിലനിർത്താൻ അനുവദിക്കുകയും ചെയ്താലേ അവർക്കും അവർ മുഖേന സമൂഹത്തിനും വികാസത്തിനുള്ള മുഴുവൻ സാധ്യതകളും ഉപയോഗപ്പെടുത്താൻ കഴിയൂ എന്ന സുപ്രധാന വസ്തുതയാണ് അവർ വിസ്മരിക്കുന്നത്. ഭരണാധികാരികൾ എന്തു പറഞ്ഞാലും എന്തു ചെയ്താലും എതിർത്തൊന്നും ഉരിയാടാതെ സ്തുതിപാഠകരും റാൻമൂളികളുമായി കഴിയുന്ന പ്രജകൾ മുഖേന സാമൂഹ്യമാറ്റമോ രാജ്യപുരോഗതിയോ ഉണ്ടാവുകയില്ല എന്ന് മാത്രമല്ല വിമർശനങ്ങളും തിരുത്തലുകളും നടക്കാത്തതിനാൽ ഭരണകൂടം തന്നെ ജീർണിക്കുകയും അധഃപതിക്കുകയും ചെയ്യുന്നതിന് അവരുടെ നിലപാട് ഇടവരുത്തുകയും ചെയ്യും.

ഓരോരുത്തരും അവരവരുടെ വ്യക്തിത്വത്തിന്റെ സവിശേഷതകളും കഴിവുകളും കഴിവുകേടുകളും തിരിച്ചറിഞ്ഞാൽ, ജനങ്ങളെ നയിക്കുന്നവർക്കും ഈ തിരിച്ചറിവുണ്ടായാൽ എല്ലാവർക്കും അഭിപ്രായ പ്രകടന സ്വാതന്ത്ര്യം നൽകുന്നത് വളരെ പ്രയോജനപ്രദമാണെന്ന് വ്യക്തമാകും.

# ശൈഖ് ജീലാനിയുടെ അക്വീദയും ഹൈതമിയുടെ 'കടത്തിക്കൂട്ടൽ' വാദവും

അബു ഫർഹാൻ ബിൻ യൂസുഫ്
കോട്ടക്കൽ




ബറേൽവികളെ (അശ്അരികളെ) കാഫിറിന്റെ വിധികൾ ചാർത്തി അകൽച്ച പാലിക്കണമെന്ന് അതിശക്തമായി പ്രഖ്യാപിച്ച ശൈഖ് ജീലാനിയെതന്നെ ആയിരം തവണ വിളിച്ചുതേടുന്നതാണ് അതിലും വലിയ അത്ഭുതം! സമസ്തക്കാർക്കാണെങ്കിലോ അദ്ദേഹം മുജസ്സിമും! ശിർക്കിനെതിരെ അങ്ങേയറ്റം ശബ്ദിച്ച ഇബ്റാഹീം നബി(അ)യെ തന്നെ മക്കാമുശ്രിക്കുകൾ വിഗ്രഹമാക്കി ആരാധിച്ചതുപോലെയുള്ള ബന്ധമാണ് സമസ്തക്കാരും മുഹ്യിദ്ദീൻ ശൈഖും തമ്മിലുള്ളത്!

മുഹ്യിദ്ദീൻ ശൈഖിന്റെ അക്വീദ പ്രകാരം സമസ്തക്കാർ പിഴച്ചവരും ഇസ്‌ലാമിൽനിന്നുതന്നെ പുറത്തുപോകുന്ന വിശ്വാസക്കാരുമാണ്. സമസ്ത ബറേൽവികൾക്ക് ജീലാനി(റഹി) മുജസ്സിമുകളുടെ വിശ്വാസക്കാരനുമാണ്. ശൈഖ് ജീലാനി തുടരുന്നു:

"അല്ലാഹുവിന്റെ സംസാരത്തിന് സൗത്ത് (ശബ്ദം) ഉണ്ടെന്ന് ഈ ആയത്തുകൾകൊണ്ടും അഖ്ബാറുകൾകൊണ്ടും വ്യക്തമാകുന്നു. എന്നാൽ അത് സൃഷ്ടികളുടെ ശബ്ദം പോലെയല്ല. അവന്റെ അറിവിനെയും അവന്റെ കഴിവിനെയും അവശേഷിക്കുന്ന മറ്റു വിശേഷണങ്ങളെയും സൗത്ത് (ശബ്ദം) പോലെത്തന്നെ സൃഷ്ടികളുമായി സാമ്യപ്പെടുത്തരുത്. ഇമാം

**ബറേൽവികളെ (അശ്അരികളെ) കാഫിറിന്റെ വിധികൾ ചാർത്തി അകൽച്ച പാലിക്കണമെന്ന് അതിശക്തമായി പ്രഖ്യാപിച്ച ശൈഖ് ജീലാനിയെതന്നെ ആയിരം തവണ വിളിച്ചുതേടുന്നതാണ് അതിലും വലിയ അത്ഭുതം! സമസ്തക്കാർക്കാണെങ്കിലോ അദ്ദേഹം മുജസ്സിമും! ശിർക്കിനെതിരെ അങ്ങേയറ്റം ശബ്ദിച്ച ഇബ്റാഹീം നബി(അ)യെ തന്നെ മക്കാമുശ്രിക്കുകൾ വിഗ്രഹമാക്കി ആരാധിച്ചതുപോലെയുള്ള ബന്ധമാണ് സമസ്തക്കാരും മുഹ്യിദ്ദീൻ ശൈഖും തമ്മിലുള്ളത്! മുഹ്യിദ്ദീൻ ശൈഖിന്റെ അക്വീദ പ്രകാരം സമസ്തക്കാർ പിഴച്ചവരും ഇസ്‌ലാമിൽനിന്നുതന്നെ പുറത്തുപോകുന്ന വിശ്വാസക്കാരുമാണ്. സമസ്ത ബറേൽവികൾക്ക് ജീലാനി(റഹി) മുജസ്സിമുകളുടെ വിശ്വാസക്കാരനുമാണ്.**

അഹ്മദുബ്നു ഹമ്പലി(റഹി)യിൽനിന്നും അല്ലാഹുവിന്റെ വാചകത്തിനു ശബ്ദമുണ്ടെന്നു വ്യക്തമായി സ്ഥിരപ്പെട്ടിട്ടുണ്ട്. നമ്മുടെ അസ്വ്ഹാബിൽനിന്ന് ഒരുകൂട്ടം പേർ അത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്'' (കിതാബുൽ ഗുൻയഃ 1/131).

പരിശുദ്ധ ക്വുർആൻ സൃഷ്ടിയാണോ എന്ന് ഒരു അശ്അരിയോട് ചോദിച്ചാൽഅവൻപറയുംസൃഷ്ടിയല്ലെന്ന്. എന്നാൽ അതിന്റെ വിശദാംശങ്ങളിലോക്ക് പോയാൽ അവൻ സൃഷ്ടിയാണെന്നും പറയും! 'യഥാർഥ ക്വുർആനിനു ശബ്ദമോ അക്ഷരങ്ങളോ വാചകങ്ങളോ ഇല്ല, അതിന്റെ ആശയം മാത്രമാണുള്ളത്. ജിബ്‌രീലിന്റെ വാചകങ്ങളും അക്ഷരങ്ങളുമാണ് ഇന്ന് നാം പാരായണം ചെയ്യുന്ന ക്വുർആൻ...' ഇങ്ങനെ ക്വുർആനിലെ വാക്കുകളും ശബ്ദവും സൃഷ്ടിക്കപ്പെട്ടതാണെന്നു പറഞ്ഞ അശ്അരികളെയാണ് ശൈഖ് അബ്ദുൽ ക്വാദിർ ജീലാനി(റഹി) പുത്തൻ വാദികളെന്നു വിശേഷിപ്പിച്ചതും അന്ത്യനാളിൽ അവരെ അല്ലാഹു വിചാരണ ചെയ്യുമെന്ന് പറഞ്ഞതും. ശബ്ദവും പദങ്ങളും അടങ്ങുന്ന ക്വുർആൻ വചനം സൃഷ്ടിയല്ലെന്ന് പറഞ്ഞതിന്റെ പേരിൽ പീഡനം ഏറ്റുവാങ്ങി ജയിലിൽ അടക്കപ്പെട്ട ഇമാമു അഹ്‌ലുസ്സുന്ന അഹ്മദ് ബിൻ ഹമ്പലിന് അശ്അരികളുടെ, ക്വുർആൻ സൃഷ്ടിയാണെന്നും അല്ലെന്നും പറഞ്ഞ കുബുദ്ധി അറിയില്ലല്ലോ! അതുകൊണ്ടാവാം ജയിലിലടക്കപ്പെട്ടതും!

യഥാർഥ ക്വുർആനിന് അക്ഷരങ്ങളും ശബ്ദങ്ങളും ഉണ്ടോ എന്നതാണ് തർക്കം. ഒരാൾ ക്വുർആൻ പാരായണം ചെയ്യുമ്പോൾ ആ പാരായണം ചെയ്യുന്നയാളുടെ ശബ്ദവും പേനയും പേപ്പറും സൃഷ്ടിക്കപ്പെട്ടതാണെന്നതിൽ ആർക്കും തർക്കമില്ല. ഇങ്ങനെ ക്വുർആനിനെ സൃഷ്ടിയാക്കാൻ ശ്രമിക്കുന്ന അശ്അരി സമസ്തക്കാർക്കും കൂടിയുള്ള മറുപടിയായിട്ടാണ് ശൈഖ് ജീലാനി, സൃഷ്ടികളുടെ സംസാരം പോലെയല്ല എന്നു പറഞ്ഞത്. അല്ലാഹു സംസാരിക്കുന്നവനാണെന്നുള്ളത് അശ്അരികൾക്കുള്ള ശക്തമായ തിരുത്താണ്. അശ്അരി-ബറേൽവി-സമസ്തക്കാർ യഥാർഥ പുത്തൻവാദികൾ തന്നെയാണെന്നാണ് ശൈഖ് ജീലാനി ഇവിടെയും സ്ഥാപിക്കുന്നത്. ഒരിക്കൽപോലും തുടർന്നു നമസ്കരിക്കാൻ പറ്റാത്ത പുത്തൻ വാദികളായിട്ടാണ് ഇക്കൂട്ടരെ ജീലാനി(റഹി) കാണുന്നത് എന്നർഥം.

ഇതെല്ലാം കണ്ട, അങ്ങേയറ്റത്തെ സലഫി വിരുദ്ധനും കടുത്ത സൂഫി-അശ്അരി പക്ഷപാതിയുമായ ഇബ്നു ഹജറുൽ ഹൈതമിക്ക്; സൂഫികൾ നിർമിച്ച കടത്തിക്കൂട്ടൽ കഥ ഏറ്റെടുത്ത് പ്രചരിപ്പിക്കുകയല്ലാതെ ഒരു മാർഗവുമില്ല. സമസ്തക്കാർക്കാണെങ്കിലോ ജീലാനി നടത്തുന്ന ബിദ്അത്ത് ആരോപണം അവരെപ്പറ്റിയാണെന്ന് മനസ്സിലായതുമില്ല. ഹമ്പലികളുടെ അക്വീദയെക്കുറിച്ചോ അവരുടെ ചരിത്രത്തെക്കുറിച്ചോ ശൈഖ് ജീലാനിയുടെ കാലഘട്ടത്തെക്കുറിച്ചോ ഹൈതമി ശ്രദ്ധിച്ചിട്ടില്ലെന്നതാണു വാസ്തവം. ഇതറിയാമായിരുന്നെങ്കിൽ കിതാബുൽ ഗുൻയഃയെക്കുറിച്ച് ഇത്രയും വലിയ അബദ്ധം പറയില്ലായിരുന്നു.

സമസ്തക്കാരുടെപ്രയാസങ്ങളും ഹൈതമിയുടെ വിവരക്കേടും വിവരിക്കുകവഴി കിതാബുൽ ഗുൻയഃയിൽ, പ്രത്യേകിച്ചും അസ്സാഉ വസ്സിഫാത്തിൽ കടത്തിക്കൂട്ടൽ നടന്നിട്ടില്ലെന്നതിനു പകൽവെളിച്ചം പോലുള്ള പത്തു തെളിവുകൾ നിരത്തി ഈ കൂട്ടിച്ചേർക്കൽ വാദത്തെ ഖണ്ഡിക്കാൻ കഴിയും. അത് തുടർന്ന് വിവരിക്കാം, ഇൻശാ അല്ലാഹ്.

*(തുടരും)*



# സസ്നേഹം സഹോദരിമാരോട്

സഹ്റ സുല്ലമിയ്യ

മാനവരാശിയുടെ ആദിപിതാവായ ആദം നബി (അ)യും മാതാവായ ഹവ്വയും സ്വർഗത്തിൽ പാർക്കുകയാണ്. എവിടെയും സഞ്ചരിക്കാം. എവിടെയും വിശ്രമിക്കാം. എന്തും തിന്നാം. എന്തും കുടിക്കാം. പക്ഷേ, ഒരു വിലക്കു മാത്രം; ഒരു മരത്തിൽനിന്നു മാത്രം കനി ഭക്ഷിക്കരുത്. ഒരു ബുദ്ധിമുട്ടും പ്രയാസവുമില്ല. ഈ സമയം പിശാച് ഒരു ഉപദേശകന്റെ രൂപത്തിൽ വന്ന് ഈ മരത്തിലെ കനി ഭക്ഷിച്ചാൽ നിങ്ങൾക്ക് ഇവിടെ ശാശ്വതമായി താമസിക്കാം, അല്ലെങ്കിൽ ഇവിടെ നിന്നും പുറത്തു പോകേണ്ടിവരും എന്ന് പറയുന്നു. അവർ തൽക്കാലം അല്ലാഹുവിന്റെ കല്പന വിസ്മരിച്ചു. പിശാചിന്റെ ഉപദേശം സ്വീകരിച്ചു. അതോടെ അവരുടെ നഗ്നത വെളിവായി. നഗ്നത വെളിവായപ്പോൾ നാണം വന്നു. നഗ്നത മറക്കണമെന്ന് ബോധം വന്നു. പക്ഷേ, എന്തു ചെയ്യും? സ്വർഗത്തിലെ മരത്തിലെ ഇലയെടുത്ത് മറയ്ക്കാൻ തുടങ്ങി.

അന്നുമുതൽ വസ്ത്രം ധരിക്കേണ്ടതായിവന്നു. വസ്ത്രം എങ്ങനെ ധരിക്കണം? എന്തിനു ധരിക്കണം? സ്രഷ്ടാവായ അല്ലാഹു അക്കാര്യം പറഞ്ഞുതന്നിട്ടുണ്ട്:

“ആദം സന്തതികളേ, നിങ്ങൾക്കു നാം നിങ്ങളുടെ ഗോപ്യസ്ഥാനങ്ങൾ മറയ്ക്കാനുതകുന്ന വസ്ത്രവും അലങ്കാരവസ്ത്രവും നൽകിയിരിക്കുന്നു. ധർമനിഷ്ഠയാകുന്ന വസ്ത്രമാകട്ടെ അതാണു കൂടുതൽ ഉത്തമം” (ക്വുർആൻ 7:26).

അപ്പോൾ നാം വസ്ത്രം ധരിക്കണം. എന്തിന്? നഗ്നത മറയ്ക്കാൻ! അതോടൊപ്പം വസ്ത്രം അലങ്കാരമാണ്, ഭംഗിയാണ്. ഭംഗിയിൽ നമുക്ക് വസ്ത്രം ധരിക്കാം. അലങ്കാരമായി ധരിക്കാം. പക്ഷേ, എന്താണ് ആ ഭംഗിയും അലങ്കാരവും? നഗ്നത മറച്ചുകൊണ്ടുള്ള അലങ്കാരം. അപ്പോൾ വളരെ നേരിയത്? അത് നഗ്നത പ്രദർശിപ്പിക്കുന്നതാണ്, മറയ്ക്കുന്നതല്ല. അവ ധരിക്കാൻ പാടില്ല. അതുപോലെ ശരീരത്തിൽ ഒട്ടിക്കിടക്കുന്ന (ടൈറ്റായ) വസ്ത്രം; അതും നഗ്നത മറയ്ക്കില്ല, കൂടുതൽ മുഴച്ചുകാട്ടുകയാണ് ചെയ്യുക. വസ്ത്രം ധരിക്കുമ്പോൾ സൂക്ഷ്മത വേണം. അതായത് എന്റെ രക്ഷിതാവിന്റെ കൽപനയനുസരിച്ചാണ് ഞാൻ വസ്ത്രം ധരിക്കുന്നത് എന്ന ബോധം. അവൻ മറയ്ക്കാൻ കൽപിച്ച എല്ലാ ഭാഗവും മറയ്ക്കേണ്ടതുണ്ട് എന്ന ബോധം.

മുഖവും മുൻകൈയും ഒഴികെയുള്ള എല്ലാ ഭാഗങ്ങളും മറയ്ക്കാൻ സ്രഷ്ടാവ് കൽപിച്ചു. അപ്പോൾ അതിൽ കാലും ഉൾപ്പെട്ടു. പക്ഷേ, മിക്ക സ്ത്രീകളും അത് ശ്രദ്ധിക്കാറില്ല. നബി(സ്വ) പുരുഷന്മാരോട് വസ്ത്രം നെരിയാണിക്ക് മുകളിൽ ഉയർത്താൻ കൽപിച്ചപ്പോൾ സ്ത്രീകളോട് നെരിയാണിക്കു താഴെ നീട്ടിയിടാൻ കൽപിച്ചു. അപ്പോൾ, സ്ത്രീയുടെ വസ്ത്രം അത്രയും താഴ്ന്നിരിക്കണം. നമുക്ക് കാലിൽ സോക്സ് ധരിക്കാം. എന്നാൽ കാല് മറയും. നെരിയാണിക്ക് താഴെ വസ്ത്രം വലിച്ചിഴക്കുന്നവരിലേക്ക് അല്ലാഹു കാരുണ്യത്തിന്റെ നോട്ടം നോക്കില്ല എന്ന് വളരെ വ്യക്തമായി അറിയിച്ചിട്ടും പല പുരുഷന്മാരും അത് ഗൗരവത്തിലെടുക്കാതെ വസ്ത്രം വലിച്ചിഴച്ച് നടക്കുന്നതായി കാണാം. അത് അല്ലാഹുവിന്റെ തിരുനോട്ടം കിട്ടാത്ത കാര്യമാണെന്ന് അവർ മനസ്സിലാക്കണം. എന്നാൽ വസ്ത്രം താഴ്ത്തണം എന്ന് കൽപിക്കപ്പെട്ട സ്ത്രീകൾ വസ്ത്രം കയറ്റി

**അല്ലാഹു നമ്മോട് നമ്മുടെ വേഷം എങ്ങനെയാകണം എന്നു കൽപിച്ചത് നമ്മുടെ സംരക്ഷണത്തിനും നാം തിരിച്ചറിയപ്പെടാനുമാണ്. പിന്നെ, നാം എന്തിന് മറ്റുള്ളവരെ അനുകരിക്കണം? ചീത്തനോട്ടത്തിൽനിന്നും കാമക്കണ്ണുകളിൽനിന്നും ഈ വേഷം നമ്മെ സംരക്ഷിക്കുമെന്ന് നമുക്ക് ഉറപ്പുണ്ടായിട്ടും നാം എന്തിന് അതിനോട് വെറുപ്പ് കാണിക്കണം? ഏത് സദസ്സിലും ഏത് അവസരത്തിലും ധരിക്കാൻ പറ്റിയ മാന്യമായവേഷം നാമെന്തിന് കൈവെടിയണം.**

ധരിക്കുന്നതായും നാം കാണുന്നു. വളരെ നീളം കുറഞ്ഞ പാന്റ്സും അതിന്റെ താഴ്ഭാഗത്ത് ഒരു കെട്ടും! എന്തൊരു ആഭാസം!

ഖുർആൻ വളരെ വ്യക്തമായി പറഞ്ഞു; 'അവർ അവരുടെ മുഖമക്കനകൾ മാറിലൂടെ താഴ്ത്തിയിടട്ടെ.'

അപ്പോൾ, തല മറയ്ക്കുന്ന വസ്ത്രം മാറിലൂടെ താഴ്ത്തിയിടണം. ഈ കൽപന വളരെ വ്യക്തമായിട്ടും പലരും തലയിൽ അണിയുന്ന മഫ്ത മാറിൽനിന്നും കയറ്റി കഴുത്തിലൂടെ ചുറ്റിവെക്കുന്നത് കാണാം. ഇത് അല്ലാഹുവിന്റെ കൽപനയെ ധിക്കരിക്കലാണ്. എന്നാൽ ചിലർ മഫ്ത കെട്ടി മാറിലൂടെ ഷാൾ ചുറ്റുന്നത് കാണാം. താൻ ഷാൾ മാറിലൂടെ ഇട്ടിട്ടുണ്ടല്ലോ എന്നാണ് ധാരണ. എന്നാൽ യഥാർഥത്തിൽ തലയിൽ ഇടുന്ന വസ്ത്രം തന്നെയാണ് മാറിലൂടെ താഴ്ത്തിയിടേണ്ടത്. അല്ലാതെ ധരിക്കുന്നതും ഇവയും തമ്മിലുള്ള വ്യത്യാസം ഒറ്റനോട്ടത്തിൽതന്നെ കാണാൻ സാധിക്കും. അതിനാൽ സഹോദരിമാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണം.

നബി(സ്വ) ഒരു വിഭാഗം സ്ത്രീകളെ പരിചയപ്പെടുത്തി. അവർ വസ്ത്രം ധരിച്ചിട്ടുണ്ട്. പക്ഷേ, നഗ്നരാണ്. അവർ ചാഞ്ഞും ചെരിഞ്ഞുമാണ് നടക്കുന്നത്. അവരുടെ തല ഒട്ടകത്തിന്റെ പൂഞ്ഞപോലെയാണ്. അവർക്ക് സ്വർഗത്തിലേക്ക് പ്രവേശനമില്ല. അല്ല, അവർക്ക് സ്വർഗത്തിന്റെ മണം പോലും ലഭിക്കില്ല! ഞാൻ ആ വിഭാഗത്തെ കണ്ടിട്ടില്ല എന്നും നബി(സ്വ) പറഞ്ഞു. എന്നാൽ നമുക്ക് ചുറ്റും അങ്ങനെയുള്ളവരെ നാം കാണുന്നു. വളരെ നേരിയ, ശരീരത്തോട് ഒട്ടിച്ചേർന്ന വസ്ത്രം ധരിക്കുന്നവർ. കാലിൽ കിലുങ്ങുന്ന പാദസരം ധരിച്ചു ശബ്ദമുണ്ടാക്കി നടക്കുന്നവർ. നശ്വരമായ ലോകത്തിൽ അല്ലാഹുവിന്റെ കൽപനകൾക്ക് എതിരു പ്രവർത്തിച്ച് നരകം വാങ്ങുന്നവർ...!

വസ്ത്രധാരണത്തിന്റെ ആയത്തിറങ്ങുന്നതിന് മുമ്പും ശരീര ഭാഗങ്ങൾ കൃത്യമായി മറച്ചുകൊണ്ടുതന്നെയാണ് സ്വഹാബ വനിതകൾ ജമാഅത്തിൽ പങ്കെടുക്കാൻ പള്ളിയിലെത്തിയിരുന്നത്. നബി(സ്വ) തല മറയ്ക്കുന്ന വസ്ത്രം മാറിലൂടെ താഴ്ത്തിയിടണമെന്നു പറയുന്ന സൂക്തം ഓതിക്കേൾപിച്ചപ്പോൾ അവരുടെ അടുത്ത് അതിനു മാത്രം നീളമുള്ള തട്ടമില്ലായിരുന്നു. എന്നിട്ടും അവർ പല കഷ്ണങ്ങൾ ഏച്ചുകൂട്ടിയും മറ്റും ആ കൽപന പാലിക്കാൻ ഉടനടി തയ്യാറായതായി ചരിത്രം പറയുന്നു.

വസ്ത്രത്തിന് വളരെ ബുദ്ധിമുട്ടുള്ള കാലത്തും യാതൊരു പരാതിയുമില്ലാതെ മറയ്ക്കേണ്ട ഭാഗങ്ങൾ അവർ പരിപൂർണമായും മറച്ചു. ഇന്ന് വസ്ത്രത്തിന്റെ ആധിക്യമാണുള്ളത്. എത്ര കൂട്ടം അലമാരയിലിരിക്കുന്നുവെന്ന് പോലും അറിയില്ല. എന്നാലും മറയ്ക്കേണ്ട ഭാഗം പലരും മറയ്ക്കുന്നില്ല. ചില പെൺകുട്ടികൾ രണ്ടോ മൂന്നോ മീറ്ററുള്ള വലിയ ഷാൾ പല മടക്കുകളാക്കി തലയിൽ മാത്രം ചുറ്റി ഉയർത്തിക്കെട്ടുന്ന സമ്പ്രദായം ഇന്നു കാണാം. ടർബൻ എന്ന് അവർ അതിന് പേര് വിളിക്കുന്നു. 'അവരുടെ തല ഒട്ടകത്തിന്റെ പൂഞ്ഞപോലെയാണ്' എന്ന് നബി(സ്വ) പറഞ്ഞത് ഇവരെക്കാണുമ്പോൾ ഓർമവരും.

ചില സ്ത്രീകൾ ഷാൾ ചുറ്റിക്കെട്ടുമെങ്കിലും നല്ല രൂപത്തിൽ പിൻചെയ്യാതെ അത് അങ്ങോട്ടുമിങ്ങോട്ടും മാറ്റി മാറ്റി; മറച്ചു, എന്നാൽ മറച്ചില്ല എന്നമട്ടിൽ നടക്കുന്നതു കാണാം. ഇതും നാം ശ്രദ്ധിക്കണം. എന്തിനാണ് ഇങ്ങനെയൊക്കെ ചെയ്യുന്നത്? അല്ലാഹു നമ്മോട് നമ്മുടെ വേഷം എങ്ങനെയാകണം എന്നു കൽപിച്ചത് നമ്മുടെ സംരക്ഷണത്തിനും നാം തിരിച്ചറിയപ്പെടാനുമാണ്. പിന്നെ, നാം എന്തിന് മറ്റുള്ളവരെ അനുകരിക്കണം? ചീത്തനോട്ടത്തിൽനിന്നും കാമക്കണ്ണുകളിൽനിന്നും ഈ വേഷം നമ്മെ സംരക്ഷിക്കുമെന്ന് നമുക്ക് ഉറപ്പുണ്ടായിട്ടും നാം എന്തിന് അതിനോട് വെറുപ്പ് കാണിക്കണം? ഏത് സദസ്സിലും ഏത് അവസരത്തിലും ധരിക്കാൻ പറ്റിയ മാന്യമായവേഷം നാമെന്തിന് കൈവെടിയണം.

ചില സ്ഥാപനങ്ങളിൽ ഈ വേഷത്തിന് വിലക്കു പറയുമ്പോൾ നാം അതിനെതിരെ ശബ്ദിക്കണം. അതിനുള്ള അവകാശം നമുക്ക് രാജ്യം തന്നെ നൽകുന്നുണ്ട്. ഇത് എന്റെ നിർബന്ധ വേഷമാണ്, എനിക്കിത് ധരിച്ചേ മതിയാവൂ എന്ന് ഒന്നാം ദിവസം തന്നെ തുറന്നു പ്രഖ്യാപിക്കണം. എന്നാൽ നമുക്ക് നമ്മുടെ വേഷം ധരിക്കാൻ സാധിക്കും. വല്ല അയവും നാം കാണിച്ചാൽ പിന്നെ നമുക്ക് ഒരിക്കലും ആ വസ്ത്രം ധരിക്കാൻ സാധിക്കാത്ത അവസ്ഥ വരും. അതിന് തീരെ സമ്മതിക്കാത്ത സ്ഥാപനമാണെങ്കിൽ, ജോലിയാണെങ്കിൽ നമ്മുടെ പരലോകം കളഞ്ഞ് നാം എന്തിന് അവിടെ പഠിക്കണം? എന്തിന് ആ ജോലി മുന്നോട്ടു കൊണ്ടുപോകണം?

മറ്റൊരു വിരോധഭാസം കൂടി ഇവിടെ കുറിക്കട്ടെ. നല്ല രൂപത്തിൽ വസ്ത്രം ധരിച്ചു നടക്കുന്ന ചിലർ കല്യാണദിവസം ആ വേഷം ഒഴിവാക്കുന്നതായി കാണാം. ആ ദിവസം എല്ലാറ്റിനും ലൈസൻസ് ഉള്ളതുപോലെയാണ്! അതിനെപ്പറ്റി പറഞ്ഞാൽ അവർ പറയും; ഇന്നൊരു ദിവസമല്ലേ, ഇത് ജീവിതത്തിൽ ഒന്നല്ലേ ഉണ്ടാവുകയുള്ളൂ എന്ന്! കൂടുതൽ ആളുകൾ കാണുന്ന ദിവസത്തിൽ കുറച്ചു മറയ്ക്കാൻ ആരാണ് അനുമതി നൽകിയത്? നാം നമ്മുടെ ഐഡന്റിറ്റി കാത്തുസൂക്ഷിച്ചാൽ നമുക്ക് ഒരിക്കലും എവിടെയും കോട്ടം തട്ടില്ല. ഈമാനിൽ ഉറച്ചുനിന്ന് അതിനനുസരിച്ച് പ്രവർത്തിച്ചാൽ നമ്മുടെ അന്തസ്സ് വർധിക്കുകയേയുള്ളൂ. ■

# ഇസ്‌ലാം വെറിയുടെ മലയാള പരിസരം

മുജീബ് ഒട്ടുമ്മൽ
:97444 31890

**കേരളം കണ്ട ഏറ്റവും വലിയ ഭീകരാക്രമണം കഴിഞ്ഞിട്ട് മൂന്നാഴ്ച പിന്നിട്ടു. ഇലയനക്കങ്ങൾക്ക് പോലും ഞെട്ടിയുണരാറുള്ള മലയാള മാധ്യമങ്ങൾ പലതും അക്രമിയുടെ പേര് കണ്ടതിന് ശേഷം സുഖസുഷുപ്തി വിട്ടുണർന്നിട്ടില്ല. തുടർമരണങ്ങൾ പലതും ചരമകോളത്തിലേക്ക് മാറി. പക്ഷപാത 'മാധ്യമസേവന'ത്തിന് കേരളം മാത്രം മടിച്ചുനിൽക്കുന്നതെന്തിന്?**

2023 ഒക്ടോബർ 29 കേരളത്തിന്റെ മതനിരപേക്ഷ മുഖങ്ങളിൽ ചിലരുടെ തനിസ്വരൂപം പ്രകടമായ ദിനമായിരുന്നു. മതേതരത്വത്തിന്റെയും നിഷ്പക്ഷതയുടെയും മുഖമായി മലയാളികൾ കണ്ടിരുന്ന ചിലരുടെ ഹൃദയങ്ങൾ ഇസ്‌ലാമോഫോബിയയുടെ അണുബാധയേറ്റ് വ്രണമായി പഴുത്ത്, അർബുദമായി പൊട്ടിയൊഴുകിയ ദിനം. തങ്ങളുടെ നാവിൽ നിന്ന് പെയ്തിറങ്ങുന്ന വാക്കുകളെ തൊണ്ടതൊടാതെ വിഴുങ്ങാൻ സമൂഹത്തെ പ്രേരിപ്പിക്കുന്ന പൊതുബോധ നിർമിതിയുടെ വക്താക്കളുടെ മുഖംമൂടി അഴിഞ്ഞു വീണ് ദംഷ്ട്രങ്ങൾ സമുദായത്തിനുനേരെ ആർത്തിയോടെ വെളിവാക്കിയ ദിനം. മുസ്‌ലിം സമുദായത്തിന്റെ വേഷവിധാനങ്ങളെയും ആചാരങ്ങളെയും വിശ്വാസങ്ങളെയും സമീപനങ്ങളെയും സംശയത്തോടെയും ഭീതിയോടെയും നോക്കിക്കാണുംവിധം മലയാളിമനസ്സുകളെ രൂപപ്പെടുത്താൻ ഇവർ ചെയ്യുന്ന 'സേവനങ്ങൾ' ചെറുതൊന്നുമല്ല.

ഇവർ സത്യത്തിന്റ അപ്പോസ്തലരായി ക്യാമറകൾക്കു മുമ്പിൽ നിന്ന് ഇസ്‌ലാം വെറുപ്പിൽ നുണകൾ കൊണ്ട് വാചാലരാകുമ്പോൾ മലയാളി പൊതുബോധം ഉൻമാദത്തിലാറാടിയിരിക്കും. കൊച്ചിയിലെ കളമശ്ശേരി മെഡിക്കൽ കോളേജിന് സമീപം സംറ ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ നടന്ന യഹോവ സാക്ഷികളുടെ പ്രാർഥനാസദസ്സിൽ നടന്ന ബോംബ് സ്ഫോടന പരമ്പരയോടനുബന്ധിച്ചാണ് മലയാളി പൊതുബോധം മുസ്‌ലിം സമുദായത്തെ മുൾമുനയിൽ നിറുത്തിയുള്ള മണിക്കൂറുകൾ സമ്മാനിച്ചത്. മനുഷ്യരാണ് മരിച്ചുവീഴുന്നതെന്ന ചിന്തയിൽ പരമാവധി സഹായങ്ങളെത്തിക്കാനും പരിക്കേറ്റവർക്ക് ഉചിത




മായ ചികിൽസയും പരിചരണവും ലഭിക്കാനുമായി, ജനശ്രദ്ധയും അധികാരികളുടെ ഇടപെടലും കാര്യക്ഷമമാക്കാൻ പങ്കു വഹിക്കേണ്ടിയിരുന്ന മാധ്യമങ്ങൾ സ്ഫോടന പരമ്പരയുടെ ഉത്തരവാദിത്തം മുസ്‌ലിം സമുദായത്തിനുമേൽ അടിച്ചേൽപിക്കാനുള്ള ശ്രമങ്ങളിലായിരുന്നു. ഇസ്‌ലാമോഫോബിയയുടെ പ്രചാരകരായ സാമ്രാജ്യത്വ മാധ്യമങ്ങളെ പോലും അതിശയിപ്പിക്കും വിധമാണ് മലയാളി മാധ്യമങ്ങൾ കളമശ്ശേരി സ്ഫോടന കുറ്റം ആരോപിച്ചുകൊണ്ട് സമുദായത്തിനു നേരെ വിരൽ ചൂണ്ടിയത്.

മൂന്നുദിവസം നീണ്ടുനിന്ന യഹോവ സാക്ഷികളുടെ സമ്മേളനം അവസാന ദിവസം ആരംഭിച്ച് നാൽപതാം മിനുട്ടിലാണ് സ്ഫോടനങ്ങൾ അരങ്ങേറിയത്. മിനുട്ടുകൾക്കുള്ളിൽ രാജ്യമാകെ ഈ വാർത്ത കാട്ടുതീ പോലെ പടർന്നു. മലയാള മാധ്യമങ്ങൾ വാർത്ത ബ്രേക്ക് ചെയ്യുമ്പോൾ കേരളം ആദ്യമൊന്ന് നടുങ്ങിയെങ്കിലും നിമിഷങ്ങൾക്കകം വാർത്തയുടെ ചിത്രം മാറിത്തുടങ്ങി. പൊലീസിന്റെ സ്ഥിരീകരണം വരുന്നതിന് മുമ്പുതന്നെ 'ഭീകരാക്രമണം' എന്ന് മാധ്യങ്ങൾ വിധിയെഴുതിത്തുടങ്ങി. വൈകാതെ തന്നെ ഫലസ്തീനിലെ, ഇസ്റായേലിന്റ നരനായാട്ടും ഹമാസിന്റെ പ്രതിരോധവുമെല്ലാം സ്ഫോടനങ്ങളുമായുള്ള ബന്ധമായി വിളക്കിച്ചേർത്ത് ഭീകരാക്രമണത്തിന്റ ആങ്കിൾ നിശ്ചയിച്ച് ചർച്ച തുടങ്ങുകയുണ്ടായി. ആഭ്യന്തരമന്ത്രി അമിത് ഷാക്ക് രാജ്യത്തോടും ജനങ്ങളോടുമുള്ള പ്രതിപത്തി മുറ്റിനിന്ന സമയമായിരുന്നു അത്.

മണിപ്പൂരിന്റെ മണ്ണിൽ കൊന്നുതള്ളിയ നിരപരാധികളെ കുറി

**മനുഷ്യരാണ് മരിച്ചുവീഴുന്നതെന്ന ചിന്തയിൽ പരമാവധി സഹായങ്ങളെത്തിക്കാനും പരിക്കേറ്റവർക്ക് ഉചിതമായ ചികിൽസയും പരിചരണവും ലഭിക്കാനുമായി, ജനശ്രദ്ധയും അധികാരികളുടെ ഇടപെടലും കാര്യക്ഷമമാക്കാൻ പങ്കു വഹിക്കേണ്ടിയിരുന്ന മാധ്യമങ്ങൾ സ്ഫോടന പരമ്പരയുടെ ഉത്തരവാദിത്തം മുസ്‌ലിം സമുദായത്തിനുമേൽ അടിച്ചേൽപിക്കാനുള്ള ശ്രമങ്ങളിലായിരുന്നു. ഇസ്‌ലാമോഫോബിയയുടെ പ്രചാരകരായ സാമ്രാജ്യത്വ മാധ്യമങ്ങളെ പോലും അതിശയിപ്പിക്കും വിധമാണ് മലയാളി മാധ്യമങ്ങൾ കളമശ്ശേരി സ്ഫോടന കുറ്റം ആരോപിച്ചുകൊണ്ട് സമുദായത്തിനു നേരെ വിരൽ ചൂണ്ടിയത്.**

ച്ച് വ്യാകുലപ്പെടാത്ത ആഭ്യന്തര വകുപ്പ് പെട്ടെന്നുതന്നെ എൻഐഎയെ കേരളത്തിലേക്ക് അയക്കുന്നുവെന്ന് കേരള മുഖ്യമന്ത്രിയെ വിളിച്ചറിയിച്ചു കൊണ്ട് ഭീകരതയ്ക്ക് മാറ്റുകൂട്ടി. മലയാളത്തിലെ മുൻനിര ചാനലുകളായ ഏഷ്യാനെറ്റും ന്യൂസ് 18 കേരളയും ഭീകരതയ്ക്ക് നിറം നൽകി ജനങ്ങളുടെ മനസ്സിൽ ഭീതിവിതച്ചുകൊണ്ടിരുന്നു. കണ്ണൂർ റെയിൽവേ സ്റ്റേഷനിലുണ്ടായിരുന്ന യാത്രക്കാരനായ, തൊപ്പിയും വെള്ള വസ്ത്രവും ധരിച്ച ഒരു ഗുജറാത്തി മുസ്‌ലിമിന്റെ പടം ന്യൂസ് 18 കേരള ചാനലിൽ പ്രദർശിപ്പിച്ചുകൊണ്ടാണ് സ്ഫോടന വാർത്തക്ക് എരിവു പകർന്നത്. ഭീകരതയുടെ അടയാളങ്ങൾ എപ്പോഴും പ്രതിഫലിപ്പിക്കണമെങ്കിൽ ആഗോള സാമ്രാജ്യത്വം രൂപകൽപന ചെയ്ത സിമ്പൽ തന്നെ വേണമല്ലോ! കേരളത്തിലെ പ്രബുദ്ധരായ മലയാളികളുടെ മനസ്സുകളിൽ ഇസ്‌ലാമോഫോബിയയുടെ തീക്കനലുകൾ കോരിയിടാൻ ന്യൂസ് 18 കേരള ചാനൽ നടത്തിയ ശ്രമത്തിനു പിന്നിലെ ചേതോവികാരം വ്യക്തമാണ്. ഫലസ്തീൻ-ഹമാസ് സംഭവങ്ങളെ തുടർന്ന് യഹോവ സാക്ഷികളെ ജൂതൻമാരാണെന്ന് തെറ്റിദ്ധരിച്ച് ആക്രമിച്ചതാകാമെന്ന് ഇന്റലിജൻസിന്റെ പേരിൽ സമർഥിക്കാൻ ശ്രമിക്കുകയായിരുന്നു ഈ ചാനൽ. ഏഷ്യാനെറ്റ് ന്യൂസ് ചാനലും ഈയൊരു നിഗമനം ആവർത്തിച്ച് പറഞ്ഞുകൊണ്ടിരിക്കുന്നുണ്ടായിരുന്നു.

കേരളത്തിൽ ഗുരുതരമായ സാഹചര്യമെന്ന് കേന്ദ്രം വിലയിരുത്തുന്നതായും തീവ്രവാദ ആക്രമണസാധ്യത പരിശോധിക്കുന്നതായും ഏഷ്യാനെറ്റ് കൂട്ടിച്ചേർത്ത് രംഗം കൊഴുപ്പിക്കുന്നുണ്ടായിരുന്നു. യഹോവ സാക്ഷികളെ ലക്ഷ്യംവെച്ചത് ഇസ്രായേൽ- ഫലസ്തീൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിലെന്ന് പൊലീസ് സംശയിക്കുന്നതായി മാതൃഭൂമിയും ന്യൂസ് നിരത്തി. റിപ്പോർട്ടർ ചാനൽ തലവനും കേരളത്തിലെ മുൻനിര മാധ്യമപ്രവർത്തകനുമായ നികേഷ് കുമാർ ഇസ്രായേൽ-ഫലസ്തീൻ യുദ്ധവുമായി സംഭവത്തിന് ബന്ധമുണ്ടോ എന്ന് തൽസമയ പരിപാടിയിൽ സംശയമുയർത്തി. ഇടതു സഹയാത്രികനും മുൻ എംപിയും മതനിരപേക്ഷ കേരളത്തിന്റ 'പത്തരമാറ്റ്' മുഖവുമായ സെബാസ്റ്റ്യൻ പോളിനോട് നികേഷ് ചോദിക്കുന്നതും അതിന് അദ്ദേഹം യാഥാർഥ്യവുമായി യാതൊരു ബന്ധവുമില്ലാത്ത മറുപടി പറയുന്നതും മുസ്‌ലിം സമുദായം ആശങ്കയോടെയാണ് കേട്ടിരുന്നത്. യഹോവ സാക്ഷികളുടെ വിശ്വാസത്തിന് ജൂതൻമാരുമായി സാമ്യതയുണ്ടെന്നും ഇരുകൂട്ടരുടെയും ദൈവം ഒന്നാണെന്നും അവർ ക്രിസ്ത്യാനികളല്ലെന്നുമാണ് സെബാസ്റ്റ്യൻ അബദ്ധങ്ങളെ സങ്കോചമില്ലാതെ അവതരിപ്പിച്ചത്. കേരളത്തിലെ ഫലസ്തീൻ അനുകൂല റാലികൾ എടുത്തുപറഞ്ഞ് നികേഷിന്റ ചോദ്യത്തിന് ബലം നൽകിയും സ്ഫോടനത്തിന് ഫലസ്തീൻ അനുകൂല ഭീകരവാദഭാഷ്യം നൽകുകയായിരുന്നു അദ്ദേഹം.




**കേരളത്തിൽ ഗുരുതരമായ സാഹചര്യമെന്ന് കേന്ദ്രം വിലയിരുത്തുന്നതായും തീവ്രവാദ ആക്രമണസാധ്യത പരിശോധിക്കുന്നതായും ഏഷ്യാനെറ്റ് കൂട്ടിച്ചേർത്ത് രംഗം കൊഴുപ്പിക്കുന്നുണ്ടായിരുന്നു. യഹോവ സാക്ഷികളെ ലക്ഷ്യംവെച്ചത് ഇസ്രായേൽ- ഫലസ്തീൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിലെന്ന് പൊലീസ് സംശയിക്കുന്നതായി മാതൃഭൂമിയും ന്യൂസ് നിരത്തി. റിപ്പോർട്ടർ ചാനൽ തലവനും കേരളത്തിലെ മുൻനിര മാധ്യമപ്രവർത്തകനുമായ നികേഷ് കുമാർ ഇസ്രായേൽ-ഫലസ്തീൻ യുദ്ധവുമായി സംഭവത്തിന് ബന്ധമുണ്ടോ എന്ന് തൽസമയ പരിപാടിയിൽ സംശയമുയർത്തി. ഇടതു സഹയാത്രികനും മുൻ എംപിയും മതനിരപേക്ഷ കേരളത്തിന്റ 'പത്തരമാറ്റ്' മുഖവുമായ സെബാസ്റ്റ്വൻ പോളിനോട് നികേഷ് ചോദിക്കുന്നതും അതിന് അദ്ദേഹം യാഥാർഥ്യവുമായി യാതൊരു ബന്ധവുമില്ലാത്ത മറുപടി പറയുന്നതും മുസ്‌ലിം സമുദായം ആശങ്കയോടെയാണ് കേട്ടിരുന്നത്.**

മലയാളികളുടെ മനസ്സിൽ മുസ്‌ലിം സമുദായത്തിനെതിരെ മാത്രമായി വെറുപ്പിന്റ കനലുകളെറിഞ്ഞ് ഭീകരതയാരോപിക്കുന്നത് ലക്ഷ്യമാക്കിയ ഷാജൻ സ്കറിയ അയാളുടെ ഓൺലൈൻ ചാനലിലൂടെ വിസർജിച്ചതും തുല്യതയില്ലാത്ത വർഗീയ വിഷമാണ്. അയാളതിന് തലക്കെട്ടു നൽകിയത് 'ഇസ്രായേലിനുള്ള തിരിച്ചടിയാണോ കളമശ്ശേരി?', 'ഹമാസ് പ്രേമി പിണറായിക്ക് സുഖമല്ലേ?' 'കളമശ്ശേരിയിൽ നടന്നത് ഇസ്രായേൽ വിരുദ്ധ സ്ഫോടനമോ?' എന്നിങ്ങനെയാണ്. ഇതിനോട് ചുവടു വെച്ച് ദേശീയമാധ്യമങ്ങളും സ്ഫോടനങ്ങളുടെ ഉത്തരവാദിത്തം സമുദായത്തിനുമേൽ ചാർത്തി നൽകാനുള്ള ശ്രമത്തിലായിരുന്നു. ഹമാസ് തലവൻ ഖാലിദ് മിഷ്അൽ മലപ്പുറത്ത് നടന്ന ഫലസ്തീൻ അനുകൂല

റാലിയെ അഭിസംബോധന ചെയ്തതിനു പിന്നാലെ കേരളത്തിൽ കൂടുതൽ ജൂതൻമാരുള്ള കളമശ്ശേരിയിൽ ഭീകരാക്രമണം നടത്തുകയായിരുന്നുവെന്ന് 'രോഹൻ ദുവാ' എന്ന സംഘപരിവാർ അനുഭാവമുള്ള മാധ്യമ പ്രവർത്തകൻ 'എക്സി'ൽ വാർത്ത ബ്രേക് ചെയ്യുന്നുണ്ടായിരുന്നു. 'ദി ന്യൂ ഇന്ത്യൻ' എന്ന സംഘപരിവാര പോർട്ടൽ പുറത്തുവിട്ട ദൃശ്യങ്ങൾ പകർത്തിയാണ് ദേശീയ മാധ്യമങ്ങൾ സ്ഫോടന വാർത്തകൾ ആഘോഷിച്ചത്. പ്രമുഖ വാർത്താ ഏജൻസിയായ എഎൻഐ, ഹിന്ദുസ്ഥാൻ ടൈംസ്, ഇന്ത്യാ ഡോട്ട് കോം ഉൾപ്പെടെയുള്ള മാധ്യമങ്ങളെല്ലാം ഇത് ഏറ്റുപാടി. അവസരമുപയോഗിച്ച് വെറുപ്പിന്റെ പ്രത്യയശാസ്ത്ര വക്താക്കൾ സമൂഹ മാധ്യമങ്ങളിലൂടെയും അല്ലാതെയും 'മുസ്‌ലിം ഭീകരത'യുടെ പേരിൽ വർണങ്ങൾ നൽകി പ്രചാരണം നൽകി.

**സമുദായത്തെ പ്രതിക്കൂട്ടിലാക്കുന്നവരോട്**

നാലര നൂറ്റാണ്ട് നീണ്ട വൈദേശിക മേധാവിത്വത്തിന്റെ കരാളഹസ്തങ്ങളിൽനിന്ന് രാജ്യത്തിന്റെ വിമോചനത്തിനായി സ്വാതന്ത്ര്യദാഹികളായ ജനതയോടൊപ്പം പോരാട്ടങ്ങളുടെ രണഭേരി മുഴക്കാൻ മുന്നിലുണ്ടായിരുന്ന മുസ്‌ലിം സമുദായത്തെയാണ് സുരക്ഷാ ഭീഷണിയായി ഇവർ അവരോധിക്കാൻ ശ്രമിക്കുന്നത്. അധിനിവേശത്തിന്റെ ക്രൂരമുഖങ്ങളായി കേരള തീരത്ത് വന്നണഞ്ഞ പറങ്കികളുടെ പൊയ്മുഖം തിരിച്ചറിഞ്ഞ് പ്രതിരോധം തീർക്കാൻ തയ്യാറാക്കിയ സൈനിക മുന്നേറ്റത്തിന്റെ നേതൃത്വവും മുസ്‌ലിം യോദ്ധാക്കൾക്കായിരുന്നുവെന്നത് ഇവർ തിരിച്ചറിയാതെ പോയതല്ല. പോർച്ചുഗീസുകാരുടെ അധിനിവേശങ്ങളെ പ്രതിരോധിക്കാൻ കൂടുതൽ ആൾനാശവും സാമ്പത്തിക നഷ്ടവും വ്യാപാരത്തകർച്ച യുമെല്ലാം നേരിടേണ്ടിവന്ന മുസ്‌ലിം സമുദായത്തെയാണ് ഇവർ പ്രതിക്കൂട്ടിലാക്കാൻ ശ്രമിക്കുന്നത്.

**അധിനിവേശത്തിന്റെ ക്രൂരമുഖങ്ങളായി കേരള തീരത്ത് വന്നണഞ്ഞ പറങ്കികളുടെ പൊയ്മുഖം തിരിച്ചറിഞ്ഞ് പ്രതിരോധം തീർക്കാൻ തയ്യാറാക്കിയ സൈനിക മുന്നേറ്റത്തിന്റെ നേതൃത്വവും മുസ്‌ലിം യോദ്ധാക്കൾക്കായിരുന്നുവെന്നത് ഇവർ തിരിച്ചറിയാതെ പോയതല്ല. പോർച്ചുഗീസുകാരുടെ അധിനിവേശങ്ങളെ പ്രതിരോധിക്കാൻ കൂടുതൽ ആൾനാശവും സാമ്പത്തിക നഷ്ടവും വ്യാപാരത്തകർച്ചയുമെല്ലാം നേരിടേണ്ടിവന്ന മുസ്‌ലിം സമുദായത്തെയാണ് ഇവർ പ്രതിക്കൂട്ടിലാക്കാൻ ശ്രമിക്കുന്നത്.**

കേരളത്തിന്റെ നാഗരികതയും സംസ്കാരവും മൈത്രി ബന്ധങ്ങളും സമ്പന്നതയും വികസനവുമെല്ലാം മുസ്‌ലിം സ്പർശത്തിലൂടെ സാധ്യമായവയാണ്. കേരളത്തിന്റെ സുവർണ കാലഘട്ടങ്ങളിലെല്ലാം അധികാരത്തിലും സാമ്പത്തിക മേൽകോയ്മയിലും വ്യാപാരവികാസത്തിലും മുസ്‌ലിംകളുടെ സാന്നിധ്യമുണ്ടായിരുന്നുവെന്നതിന് ചരിത്രരേഖകൾ സാക്ഷിയാണ്. തൊഴിലിടങ്ങളിലും വ്യവസായ, വാണിജ്യ മേഖലകളിലും; രാഷ്ട്രീയ, സാംസ്കാരിക പ്രവർത്തനങ്ങളിലും ഭരണസംവിധാനങ്ങളിലും കലാകായിക രംഗങ്ങളിലുമെല്ലാം മുസ്‌ലിംകളും തങ്ങളുടെ ഭാഗധേയത്വം നിർണയിച്ചിട്ടുണ്ട്. സംശയാസ്പദമായ സമീപനങ്ങളോ അക്രമസ്വഭാവമോ വെറുപ്പുൽപാദന ശൈലിയോ സ്വീകരിച്ചിരുന്നതായി സഹപ്രവർത്തകരായ ഇതര സമുദായാംഗങ്ങളിൽ ഒരാൾക്കും പറയാനാകില്ല. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സംഘടനകൾ, പ്രസിദ്ധീകരണങ്ങൾ, പുസ്തകാലയങ്ങൾ, ഓൺലൈൻ-ഓഫ് ലൈൻ വൈജ്ഞാനിക സംരംഭങ്ങൾ, പ്രഭാഷണങ്ങൾ, സമ്മേളനങ്ങൾ തുടങ്ങി കേരളത്തിലെ ഒട്ടുമിക്ക മേഖലകളിലും മുസ്‌ലിം സമുദായം ഒറ്റക്കും ഇതര സമുദായങ്ങളോട് ചേർന്നു നിന്നും പ്രവർത്തിച്ച് പോരുന്നുണ്ട്. ആശയപരമായ വൈജാത്യങ്ങൾക്കും അഭിപ്രായ ഭിന്നതകൾക്കും വിശ്വാസ, ആചാരാനുഷ്ഠാനങ്ങളിലെ കണിശതകൾക്കുമപ്പുറം പരസ്പര വെറുപ്പിന്റെയോ വിദ്വേഷത്തിന്റെയോ പ്രചാരണങ്ങൾ മുസ്‌ലിം സമുദായത്തിൽനിന്ന് കാണാനാവില്ലെന്നത് നിഷ്തർക്കമാണ്. എല്ലാ സമൂഹത്തിലുമെന്നപോലെ എണ്ണപ്പെട്ട ചിലരിൽനിന്ന് വിവേകമില്ലാത്ത ഇടപെടലുകളുണ്ടായിട്ടുണ്ടെന്നത് നിഷേധിക്കുന്നില്ല. എന്നാൽ അവരെ തിരുത്താനും ഗുണദോഷിക്കാനും വിവേകത്തിന്റെ പ്രവാചകപാഠം പകർന്നുനൽകാനും മുസ്‌ലിം സംഘടനകൾ ശ്രമി



ച്ചിട്ടുണ്ടെന്നുള്ളതും നിഷേധിക്കാനാവില്ല. എന്നിട്ടും സമുദായത്തെ ലക്ഷ്യമാക്കി ആരോപണങ്ങൾ പടച്ചുവിടുന്നവർ സാമ്രാജ്യത്വത്തിനും വെറുപ്പിന്റെ സംഘ പരിവാര രാഷ്ട്രീയത്തിനും വിധേയത്വം കാണിക്കുകയാണ്. എന്നാൽ ആയിരക്കണക്കിന് ശാഖകളുള്ള ആർഎസ്എസ് ആയുധപരിശീലനം നടത്തുന്നത് സ്ഥിരം കാഴ്ചയാണ്. 'കാസ' പോലുള്ള ക്രിസ്ത്യൻ തീവ്രവാദ സംഘടനകൾ നടത്തുന്ന വിദ്വേഷ പ്രചാരണം കൈരളിയെ വല്ലാതെ മലീമസമാക്കുന്നുണ്ട്. ഇതെല്ലാം കണ്ടില്ലെന്ന് നടിക്കുകയും എന്തെങ്കിലും അക്രമം നടന്നാൽ ശരിയായ അന്വേഷണം നടത്തി റിപ്പോർട്ട് പുറത്തു വരുന്നതിന് മുമ്പുതന്നെ മുസ്‌ലിം സമുദായത്തിന്മേൽ കുറ്റം ചാർത്താൻ ശ്രമിക്കുന്ന മലയാളി പൊതുബോധം വല്ലാതെ ഭയപ്പെടുത്തുന്നുവെന്നതാണ് സത്യം.

**മുസ്‌ലിംകൾ തീവ്രമായി പ്രതികരിക്കുന്നവരോ?**

മുസ്‌ലിം സമുദായത്തിന്റെ സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ പിന്നാക്കാവസ്ഥയെ കുറിച്ച് പഠിക്കാനും പരിഹാരം കാണാനും ഡോ. മൻമോഹൻ സിംഗിന്റെ നേതൃത്വത്തിലുണ്ടായിരുന്ന കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ച ജസ്റ്റിസ് സജീന്ദർ സച്ചാർ കമ്മീഷൻ റിപ്പോർട്ടിലെ ഒരു പരാമർശം ശ്രദ്ധേയമാണ്. ഇസ്‌ലാമോഫോബിയയും മുസ്‌ലിംകളെ തീവ്രവാദികളായി ചിത്രീകരിക്കാനുള്ള വ്യാപകമായ ശ്രമങ്ങളുമാണ് കമ്മീഷൻ കണ്ടെത്തിയ ഒരു പ്രധാന കാര്യം. കളമശ്ശേരി സ്ഫോടനത്തിന്റെ പശ്ചാത്തലത്തിൽ കൂടുതൽ വ്യക്തമായതും ബോധ്യമായതുമാണ് ഇത്. യഥാർഥത്തിൽ ഇന്ത്യയിൽ നടന്നിട്ടുള്ള ഭീകരാക്രമണങ്ങൾ ഓരോന്നുമെടുത്ത് പരിശോധിച്ചാൽ മുസ്‌ലിം സമുദായമല്ല അത്തരം അപരാധങ്ങളുടെ മുന്നിലെന്ന് വ്യക്തമാകും. ബ്രിട്ടീഷുകാരിൽനിന്ന് ഇന്ത്യ സ്വാതന്ത്ര്യം നേടിയതിന്റെ പിറ്റേ

> **എല്ലാ സമൂഹത്തിലുമെന്നപോലെ എണ്ണപ്പെട്ട ചിലരിൽനിന്ന് വിവേകമില്ലാത്ത ഇടപെടലുകളുണ്ടായിട്ടുണ്ടെന്നത് നിഷേധിക്കുന്നില്ല. എന്നാൽ അവരെ തിരുത്താനും ഗുണദോഷിക്കാനും വിവേകത്തിന്റ പ്രവാചകപാഠം പകർന്നുനൽകാനും മുസ്‌ലിം സംഘടനകൾ ശ്രമിച്ചിട്ടുണ്ടെന്നുള്ളതും നിഷേധിക്കാനാവില്ല. എന്നിട്ടും സമുദായത്തെ ലക്ഷ്യമാക്കി ആരോപണങ്ങൾ പടച്ചുവിടുന്നവർ സാമ്രാജ്യത്വത്തിനും വെറുപ്പിന്റെ സംഘ പരിവാര രാഷ്ട്രീയത്തിനും വിധേയത്വം കാണിക്കുകയാണ്. എന്നാൽ ആയിരക്കണക്കിന് ശാഖകളുള്ള ആർഎസ്എസ് ആയുധപരിശീലനം നടത്തുന്നത് സ്ഥിരം കാഴ്ചയാണ്. 'കാസ' പോലുള്ള ക്രിസ്ത്യൻ തീവ്രവാദ സംഘടനകൾ നടത്തുന്ന വിദ്വേഷ പ്രചാരണം കൈരളിയെ വല്ലാതെ മലീമസമാക്കുന്നുണ്ട്. ഇതെല്ലാം കണ്ടില്ലെന്ന് നടിക്കുകയും എന്തെങ്കിലും അക്രമം നടന്നാൽ ശരിയായ അന്വേഷണം നടത്തി റിപ്പോർട്ട് പുറത്തു വരുന്നതിന് മുമ്പുതന്നെ മുസ്‌ലിം സമുദായത്തിന്മേൽ കുറ്റം ചാർത്താൻ ശ്രമിക്കുന്ന മലയാളി പൊതുബോധം വല്ലാതെ ഭയപ്പെടുത്തുന്നുവെന്നതാണ് സത്യം.**

വർഷംതന്നെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയെ വെടിവെച്ചു കൊന്നത് നാഥുറാം വിനായക് ഗോഡ്സെ എന്ന സംഘപരിവാര പ്രവർത്തകനായിരുന്നു. സ്വതന്ത്ര ഇന്ത്യ ദർശിച്ച ആദ്യത്തെ ഭീകരാക്രമണമായിരുന്നു അത്.

1984 ഒക്ടോബർ 31ന് ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്ന ശ്രീമതി ഇന്ദിരാഗാന്ധി വെടിയേറ്റ് മരിക്കുകയുണ്ടായി. സിഖുകാരായ സത്വന്ത് സിംഗ്, ബിയാന്ത് സിംഗ് എന്നീ അംഗരക്ഷകരാണ് അവരെ വധിച്ചുകളഞ്ഞത്. സുരക്ഷാ ഗാർഡായ സത്വന്ത് സിംഗ് തന്റെ തോംസൺ ഓട്ടോമാറ്റിക് ഗണ്ണുകൊണ്ട് ആദ്യം നിറയൊഴിച്ചു. വെടിയേറ്റ് ഇന്ദിരാഗാന്ധി വീണപ്പോൾ സത്വന്ത് ആകെ പകച്ചുപോയി. അടുത്ത നിമിഷം ബിയാന്ത് സിംഗിന്റെ ഘോരശബ്ദം മുഴങ്ങി: 'സത്വന്ത്, ഗോലി ചലാവോ...' ഞെട്ടിയുണർന്ന സത്വന്ത് സിംഗ് തന്റെ യന്ത്രത്തോക്കിലെ ഇരുപത്തഞ്ച് ഉണ്ടകളും ഇന്ദിരാഗാന്ധിയുടെ ദേഹത്തേക്ക് പായിച്ചു. അപ്പോഴേക്കും ബിയാന്ത് സിംഗിന്റെ റിവോൾവറിൽനിന്ന് ആദ്യ ഉണ്ട പോയിട്ട് 25 സെക്കന്റ് കഴിഞ്ഞിരുന്നു. മറ്റു സുരക്ഷാ ഭടന്മാർക്ക് അതുവരെ തിരിച്ച് ഒരു വെടിപോലും പൊട്ടിക്കാനായിരുന്നില്ല. സത്വന്ത് സിംഗ് തന്റെ യന്ത്രത്തോക്കിലെ ഉണ്ടകൾ ഇന്ദിരയുടെ ദേഹത്തേക്ക് പായിപ്പിച്ചുകൊണ്ടിരുന്ന നേരത്ത്, ഏറ്റവും പിന്നിലുണ്ടായിരുന്ന രാമേശ്വർ ദയാൽ ഓടി മുന്നോട്ടുവന്നു. അടുത്തെത്തിയതും സത്വന്ത് സിംഗിന്റെ തോക്കിൽനിന്നുമുതിർന്ന ഉണ്ടകൾ ദയാലിന്റെ കാലിലും തുടയിലും തുളച്ചുകയറി. അദ്ദേഹം നിലത്ത് വീണുപോയി. ഈ ഭീകരാക്രമണത്തിനു പിന്നിലും മുസ്‌ലിംകളായിരുന്നില്ല.

1991 മെയ് 21ന്, പ്രധാനമന്ത്രിയായിരുന്ന രാജീവ് ഗാന്ധിയെ ലോകസഭാ തെരഞ്ഞെടുപ്പ് പ്രചാരണത്തിനിടെ എൽടിടിഇ അംഗമായ, തനു എന്നും തേൻമൊഴി രാജരത്നം എന്നും അറിയപ്പെടുന്ന കലൈവാണി രാജരത്നം ആത്മഹത്യാബോംബറായി ശ്രീപെരുമ്പത്തൂരിൽ വെച്ച് കൊലപ്പെടുത്തുകയുണ്ടായി. അവരും മുസ്‌ലിമായിരുന്നില്ല. 1992 ഡിസമ്പർ 6ന് ഇന്ത്യയുടെ മതേതരത്വത്തിന് കളങ്കം ചാർത്തി, നാനൂറ് വർഷത്തിലധികം പഴക്കമുണ്ടായിരുന്ന ബാബരി മസ്ജിദ് തകർത്തുകൊണ്ട് കലാപം സൃഷ്ടിച്ചിച്ചതും മുസ്‌ലിം സമുദായത്തിൽ പെട്ടവരല്ല. ആറോളം പേരുടെ മരണത്തിനും നൂറിലേറെ പേരുടെ പരിക്കിനും ഇടയാക്കിയ രണ്ടാം മാലേഗാവ് സ്ഫോടനത്തിനു പിന്നിൽ പ്രജ്ഞാ

സിങ് ഠാക്കൂർ, സൈനിക ഇന്റലിജൻസ് ഉദ്യോഗസ്ഥൻ ലഫ്. കേണൽ പ്രസാദ് പുരോഹിത് എന്നിവരടക്കമുള്ള ഏഴു പേരാണ് ഉണ്ടായിരുന്നത്. അതിനു മുമ്പ് 2006ൽ മാലേഗാവിൽ 35 പേരുടെ മരണത്തിനിടയാക്കിയ ഭീകരാക്രമണത്തിൽ ഇതേ സംഘത്തിന്റെ ഇടപെടലുകൾ കണ്ടെത്തിയിരുന്നു. മുഖ്യപ്രതികളിലൊരാളായ പ്രജ്ഞാസിങ് ഠാക്കൂർ നിലവിൽ ഭോപ്പാലിൽനിന്നുള്ള ബിജെപി എംപിയാണ്. 2007 മെയ് 18നാണ് ഹൈദരാബാദിലെ മക്കാ മസ്ജിദിൽ വെള്ളിയാഴ്ച നമസ്കാരത്തിനിടെ സ്ഫോടനമുണ്ടായത്. സ്ഫോടനത്തിൽ 9 പേർ കൊല്ലപ്പെടുകയും 58 പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു. സ്ഫോടനം നടന്നതിൽ പ്രതിഷേധിച്ച് പിന്നീട് മസ്ജിദിനു പുറത്ത് നടന്ന പ്രതിഷേധ പ്രകടനത്തിനിടെയുണ്ടായ സംഘർഷത്തിലും പോലീസ് വെടിവെപ്പിലും അഞ്ചുപേർ കൊല്ലപ്പെട്ടിരുന്നു. ഇതിലൊന്നും മുസ്‌ലിം സമുദായത്തിലെ ആർക്കും യാതൊരു പങ്കുമുണ്ടായിരുന്നില്ല. ഇങ്ങനെ രാജ്യത്തെ ജനങ്ങളെയാകമാനം ഭീതിയിലാക്കുകയും ഭരണസ്തംഭനത്തിന് കാരണമാകുംവിധം കലാപങ്ങൾ വിതക്കുകയും ചെയ്ത അനേകം സംഭവങ്ങൾക്ക് നേതൃത്വം നൽകിയത് മുസ്‌ലിംകളായിരുന്നില്ല. മണിപ്പൂരിന്റെ തെരുവോരങ്ങളിൽ ഇന്നും വേട്ടയാടപ്പെട്ടുകൊണ്ടിരിക്കുന്ന മനുഷ്യജീവനുകൾ മനസ്സിന് തീരാനൊമ്പരമാണ്. അവിടെയും സമുദായമില്ല. ഉത്തരേന്ത്യയിലെ ആൾക്കൂട്ട കൊലപാതകങ്ങളിലും കലാപങ്ങളിലും കൂടുതലും ഇരയാക്കപ്പെട്ടത് മുസ്‌ലിം സമുദായമാണ്. എന്നിട്ടും ഭീകരതയാരോപിക്കപ്പെടുന്നതിലെ യുക്തി ഇസ്‌ലാം വെറുപ്പല്ലാതെ മറ്റെന്താണ്?

**ഇരകളായിരുന്നിട്ടും പ്രകോപിതരാകാതെ**

മുസ്‌ലിം സമുദായത്തിന്റ മനസ്സിന് മാരകമായ മുറിവേൽപിച്ചുകൊണ്ട് രാജ്യത്ത് വ്യാപകമായ അക്രമസംഭവങ്ങൾ എത്രയോ അരങ്ങേറിയിട്ടുണ്ട്. 400ലേറെ വർഷം പഴക്കമുള്ള ബാബരി മസ്ജിദ് തകർത്തതിന്റെ ഭാഗമായി സുപ്രീം കോടതി നടത്തിയ നൈതികത തൊട്ടുതീണ്ടിയില്ലാത്ത വിധി പ്രസ്താവം പ്രകോപനപരമായിരുന്നു. എന്നിട്ടും സമുദായം ക്ഷമയോടെ അതംഗീകരിച്ചു. പൂർണമായും സമാധാനപരമായ സമീപനം സ്വീകരിച്ചുകൊണ്ടാണ് സാഹചര്യങ്ങളെ സമുദായം മറികടന്നത്.

രാഷ്ട്രം സ്വന്തം മൂല്യങ്ങളെ ഉറപ്പിച്ച് നിറുത്തുന്ന സ്വാതന്ത്ര്യത്തിന്റെ എല്ലാ നൈതികബോധ്യങ്ങളെയും അട്ടിമറിച്ചുകൊണ്ട്, തെല്ലും മറയില്ലാത്തവിധം മുസ്‌ലിം ന്യൂനപക്ഷ വിരുദ്ധമായ പൗരത്വ ഭേദഗതി ബില്ല് അവതരിപ്പിച്ച് നവഹിന്ദുത്വ രാഷ്ട്രീയം നടത്തുന്ന നെറികേടിനെ ജനാധിപത്യപരമായ പ്രതിഷേധത്തിലൂടെ, സമാധാനപൂർവം നേരിടാനാണ് സമൂഹം തയ്യാറായത്. രാജ്യത്തെ ഏറ്റവും വലിയ ന്യൂനപക്ഷം എന്ന നിലയിൽ പ്രതിയോഗികൾ ആരോപിക്കുന്ന പോലെ ഭീകരതയുടെ പ്രയോക്താക്കളാണ് സമുദായമെങ്കിൽ രാജ്യത്തിന്റെ ഗതിയെന്താകുമായിരുന്നുവെന്നത് ആലോചിക്കേണ്ട കാര്യമാണ്. അവിടെയും സഹനത്തിലൂടെ സമാധാന സന്ദേശം ജീവിതത്തിലേക്ക് ചേർത്തുപിടിക്കുകയായിരുന്നു സമൂഹം. ഗുജറാത്തിലും ഹരിയാനയിലും ഉത്തർപ്രദേശിലും ഡൽഹിയിലുമെല്ലാം ഉണ്ടായ കലാപങ്ങളിൽ ഇരകളായവർ മുസ്‌ലിംകളായിരുന്നു. ലിഞ്ചിംഗ് കൊലപാതകങ്ങൾക്കും ബുൾഡോസർ രാജ് അക്രമങ്ങൾക്കും ഇരയായവരും മുസ്‌ലിംകൾ തന്നെയായിരുന്നു.



> **രാജ്യത്തെ ജനങ്ങളെയാകമാനം ഭീതിയിലാക്കുകയും ഭരണസ്തംഭനത്തിന് കാരണമാകുംവിധം കലാപങ്ങൾ വിതക്കുകയും ചെയ്ത അനേകം സംഭവങ്ങൾക്ക് നേതൃത്വം നൽകിയത് മുസ്‌ലിംകളായിരുന്നില്ല. മണിപ്പൂരിന്റെ തെരുവോരങ്ങളിൽ ഇന്നും വേട്ടയാടപ്പെട്ടുകൊണ്ടിരിക്കുന്ന മനുഷ്യജീവനുകൾ മനസ്സിന് തീരാനൊമ്പരമാണ്. അവിടെയും സമുദായമില്ല. ഉത്തരേന്ത്യയിലെ ആൾക്കൂട്ട കൊലപാതകങ്ങളിലും കലാപങ്ങളിലും കൂടുതലും ഇരയാക്കപ്പെട്ടത് മുസ്‌ലിം സമുദായമാണ്. എന്നിട്ടും ഭീകരതയാരോപിക്കപ്പെടുന്നതിലെ യുക്തി ഇസ്‌ലാം വെറുപ്പല്ലാതെ മറ്റെന്താണ്?**

സംഘപരിവാര രാഷ്ട്രീയം മലയാളമണ്ണിനെ കലാപകലുഷിതമാക്കാൻ ശ്രമിക്കുമ്പോഴെല്ലാം

അവധാനതയോടെയും വിവേകത്തോടെയുമുള്ള സമുദായ സമീപനം ഇന്നും വെറുപ്പിന്റെ പ്രത്യയശാസ്ത്രക്കാർക്ക് തലവേദനയാണ്. സാംസ്കാരിക പ്രബുദ്ധമെന്ന് മേനിനടിക്കുന്ന കേരളക്കരയിൽ പോലും സമീപകാലത്ത് അരങ്ങേറിയ ചില സംഭവവികാസങ്ങൾ സമുദായത്തെ പ്രകോപിപ്പിക്കുന്നതായിരുന്നു. ഇഷ്ടമുള്ള ആശയം സ്വീകരിക്കാനും അതനുസരിച്ച് ജീവിക്കാനുമുള്ള മൗലികാവകാശവും സ്വാതന്ത്ര്യവും ഉപയോഗപ്പെടുത്തി ഇസ്‌ലാം സ്വീകരിച്ച മലപ്പുറം ജില്ലയിലെ കൊടിഞ്ഞിയിലെ ഫൈസൽ എന്ന സഹോദരനെ ആർഎസ്എസ്സുകാർ ക്രൂരമായി കൊലപ്പെടുത്തിയത് സമുദായ മനസ്സിൽ ഇന്നും നൊമ്പരമാണ്. പ്രതികൾ ഇന്നും സമൂഹത്തിൽ സ്വൈര്യവിഹാരം നടത്തിക്കൊണ്ടിരിക്കുന്നത് സമുദായത്തിന്റെ സമാധാനമനസ്സിന്റെ പ്രതിഫലനവും നിയമസംവിധാനങ്ങളോടുള്ള വിശ്വാസവുമാണ്; സർവോപരി നിയമത്തോടുള്ള പ്രതിബദ്ധതയുമാണ്. കാസർകോട്ടെ ചൂരിയിലെ മദ്റസാധ്യാപകനായിരുന്ന റിയാസ് മൗലവി ഹിന്ദുത്വ ഭീകരതയുടെ ഇരയാണ്. പള്ളിയിൽ കിടന്നുറങ്ങുകയായിരുന്ന അദ്ദേഹത്തെ ക്രൂരമായി കൊലപ്പെടുത്തുകയായിരുന്നു.

സ്വന്തം സമുദായത്തെ പോലും കുരുതികൊടുത്ത് സമൂഹത്തിന്റെ സ്വൈര്യം കെടുത്താൻ ഇറങ്ങിപ്പുറപ്പെട്ട സംഘപരിവാര രാഷ്ട്രീയത്തിന് എന്നും നിരാശയായിരുന്നു ഫലം. മതഘോഷയാത്രയിൽ ഒത്തുകൂടിയ സ്വന്തം സമുദായക്കാരെ സ്ഫോടനത്തിലൂടെ കൂട്ടക്കൊല നടത്തി മുസ്‌ലിം സമുദായത്തിനു മേൽ അതിന്റെ അപരാധം കെട്ടിവെക്കാനുള്ള ശ്രമം പോലും ഹിന്ദുത്വ രാഷ്ട്രീയത്തിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ട്. താനൂരിൽ ശ്രീകൃഷ്ണ ജയന്തിയോടനുബന്ധിച്ച് നടന്ന ഘോഷയാത്രയിൽ ബോംബ് വെച്ച് പിഞ്ചോമനകളെപോലും കൊന്നുതള്ളി രാഷ്ട്രീയലാഭം നേടിയെടുക്കാനുള്ള ശ്രമം അതിന്റെ ഭാഗമായിരുന്നു. നിയമപാലകരുടെ ശ്രദ്ധേയമായ ഇടപെടലുകൊണ്ടാണ് മഹാദുരന്തത്തിൽനിന്ന് നാട് രക്ഷപ്പെട്ടത്. എന്നിട്ടും ഭീകരത ആരോപിക്കപ്പെടുന്നത് മുസ്‌ലിം സമുദായത്തിന്റെ മേലാണ്. രാഷ്ട്രീയ കൊലപാതകങ്ങളിൽ അമ്പത് വെട്ട് വെട്ടിയവരും സ്കൂളിലെ പിഞ്ചോമനകളുടെ മുന്നിൽ വെച്ച് ക്രൂരമായി അധ്യാപകനെ വെട്ടിക്കൊന്നവരും മുസ്‌ലിംകളായിരുന്നില്ല. മതേതരത്വത്തിന്റെ 'പത്തരമാറ്റ് തങ്കക്കുടങ്ങൾ' 'മാശാ അല്ലാഹ്' സ്റ്റിക്കർ കൊലപാതകികളുടെ വാനിൽ ഒട്ടിച്ച് മുസ്‌ലിം സമുദായത്തെ പ്രതിക്കൂട്ടിൽ കയറ്റാൻ ശ്രമിച്ചപ്പോഴും വിവേകത്തോടെ പ്രതികരിക്കാനേ ഈ സമുദായം ശ്രമിച്ചിട്ടുള്ളൂ. ഇങ്ങനെയൊക്കെയാണെങ്കിലും എപ്പോഴും ഭീകരതയാരോപിക്കപ്പെടാൻ സമുദായം വിധിക്കപ്പെടുകയാണ്.

**ഭീകരത ആരുടെ കുത്തകയാണ്?**

കളമശ്ശേരിയിലെ യഹോവസാക്ഷികളുടെ പ്രാർഥനാസംഗമത്തിൽ ബോംബ് സ്ഫോടനം നടന്നയുടൻതന്നെ അതിന്റെ ഉത്തരവാദിത്തം,

**സ്വന്തം സമുദായത്തെ പോലും കുരുതികൊടുത്ത് സമൂഹത്തിന്റെ സ്വൈര്യം കെടുത്താൻ ഇറങ്ങിപ്പുറപ്പെട്ട സംഘപരിവാര രാഷ്ട്രീയത്തിന് എന്നും നിരാശയായിരുന്നു ഫലം. മതഘോഷയാത്രയിൽ ഒത്തുകൂടിയ സ്വന്തം സമുദായക്കാരെ സ്ഫോടനത്തിലൂടെ കൂട്ടക്കൊല നടത്തി മുസ്‌ലിം സമുദായത്തിനു മേൽ അതിന്റെ അപരാധം കെട്ടിവെക്കാനുള്ള ശ്രമം പോലും ഹിന്ദുത്വ രാഷ്ട്രീയത്തിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ട്. താനൂരിൽ ശ്രീകൃഷ്ണ ജയന്തിയോടനുബന്ധിച്ച് നടന്ന ഘോഷയാത്രയിൽ ബോംബ് വെച്ച് പിഞ്ചോമനകളെപോലും കൊന്നുതള്ളി രാഷ്ട്രീയലാഭം നേടിയെടുക്കാനുള്ള ശ്രമം അതിന്റെ ഭാഗമായിരുന്നു.**



ഫലസ്തീൻ പ്രശ്നം പറഞ്ഞുകൊണ്ട് മുസ്‌ലിം സമുദായത്തിനുമേൽ കെട്ടിവെക്കാനുള്ള ശ്രമമാണ് മാധ്യമങ്ങൾ നടത്തിയത്. എന്നാൽ മാർട്ടിൻ ഡൊമിനിക് എന്ന ക്രൈസ്തവ വിശ്വാസി കുറ്റം സമ്മതിച്ചുകൊണ്ട് രംഗത്ത് വന്നതോടുകൂടി 'ഭീകരാക്രമണം' കേവലം 'പ്രതിരോധ'മായി മാറിയെന്നത് ഏറെ ചിന്തിക്കാൻ വകയുള്ള കാര്യമാണ്. നിരപരാധികളെ ക്രൂരമായി കൊലപ്പെടുത്താൻ ആര് സ്ഫോടനം നടത്തിയാലും അത് ഭീകരാക്രമണം തന്നെയാണ്. ഇവിടെ മാർട്ടിൻ ഡൊമിനിക് ചെയ്തതും ഭീകരാക്രമണമാണെന്ന് പറയാൻ മലയാള മാധ്യമങ്ങൾ പോലും മടിച്ചതിലെ യുക്തി എല്ലാവർക്കും തിരിയും. ഭീകരതയും തീവ്രവാദവും മുസ്‌ലിംകളുടെ കുത്തകയാണെന്ന സാമ്രാജ്യത്വ കുതന്ത്രങ്ങളെ വാരിപ്പുണരാൻ മലയാള മാധ്യമങ്ങൾ കാണിക്കുന്ന ഉൽസാഹമാണ് ഇവിടെയും തെളിഞ്ഞുവന്നത്. എന്നാൽ തീവ്രവാദത്തിന്റെയും ഭീകരതയുടെയും മൊത്ത കുത്തകാവകാശം ആർക്കാണെന്ന് ചരിത്രം പരിശോധിച്ചാൽ മനസ്സിലാകും.

1881ൽ റഷ്യയിലെ ഭരണാധികാരിയായിരുന്ന സർ അലക്സാണ്ടർ കാളവണ്ടിയിൽ സെന്റ് പീറ്റേഴ്സ്ബർഗ് പട്ടണത്തിലൂടെ യാത്ര ചെയ്യവെ ബോംബുസ്ഫോടനത്തിൽ കൊല്ലപ്പെടുകയുണ്ടായി. കാഴ്ചക്കാരായ ഇരുപതോളം നിരപരാധികളും കൊല്ലപ്പെട്ടു. പോൾ എന്ന, ബുൾബുസ്ക് സ്വദേശി

**ഒന്നാം ലോകമഹായുദ്ധവും രണ്ടാം ലോകമഹായുദ്ധവും കൊന്നൊടുക്കിയ മനുഷ്യജീവനുകൾക്ക് കൈയും കണക്കുമില്ല. ഇന്നും അമേരിക്ക പോലുള്ള രാജ്യങ്ങളുടെ സഹായത്തോടെ സിയോണിസ്റ്റ് ഭീകരവാദികൾ ഫലസ്തീനിൽ കൊന്നുതള്ളിക്കൊണ്ടിരിക്കുന്നത് പിഞ്ചോമനകളെയും സ്ത്രീകളെയും വയോധികരെയുമാണ്. ലോകത്തെ ഭയപ്പെടുത്തിയ ഭീകര നരനായാട്ടുകളിൽ ഇസ്‌ലാമിന്റെ ഒരു പങ്കും തെളിക്കാൻ കഴിയാതിരുന്നിട്ടും ആക്രമണങ്ങളിൽ മുസ്‌ലിമിനെ മാത്രം തിരയുന്നത് മനോരോഗമല്ലാതെ മറ്റെന്താണ്? അത് മലയാളമണ്ണിലെ മതേതര മുഖങ്ങളിലും പ്രത്യക്ഷപ്പെട്ടുതുടങ്ങിയെന്ന് മാത്രം.**

യായ കൊലപാതകി ഒരു അരാജകവാദിയും 'ഇഗ്നിസ്' എന്ന തീവ്രവാദ സംഘടനയിലെ അംഗവുമായിരുന്നു. അയാൾ മുസ്‌ലിമായിരുന്നില്ല. 1901 സെപ്റ്റംബർ 6ന് അന്നത്തെ അമേരിക്കൻ പ്രസിഡന്റായിരുന്ന വില്യം മെക്കെയിൽ വധിക്കപ്പെട്ടു. ലിയോൺ എന്ന അരാജകവാദിയായിരുന്നു കൊലപാതകി. 1910 ഒക്ടോബർ 4ന് ലോസാഞ്ചലിസിലെ ടൈംസ് പേപ്പർ ബിൽഡിംഗിലുണ്ടായ സ്ഫോടനത്തിൽ നിരപരാധികളായ 21 പേർ കൊല്ലപ്പെട്ടു. ജെയിംസ്, ജോസഫ് എന്നീ രണ്ട് ക്രിസ്ത്യൻ തീവ്രവാദികളായിരുന്നു അതിനു പിന്നിൽ. ഒന്നാം ലോകമഹായുദ്ധത്തിന് പോലും കാരണമായ, ആസ്ട്രിയയുടെ ആർച്ച് ഡ്യൂക്കും ഭാര്യയും കൊല്ലപ്പെട്ടതിനു പിന്നിലും 'യങ്ങ് ബോസ്നിയ' എന്ന സെർബിയൻ ഗ്രൂപ്പായിരുന്നു. അവർ മുസ്‌ലിംകളായിരുന്നില്ല. 1925ൽ ബൾഗേറിയയുടെ തലസ്ഥാനമായ സോഫിയയിലെ സെന്റ് നദ്‌ലിയ ചർച്ചിൽ നടന്ന ബോംബ് സ്ഫോടനത്തിൽ 150ൽ അധികം നിരപരാധികൾ കൊല്ലപ്പെടുകയും 5000ൽ പരം പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ഇതിന്റെ പിന്നിൽ ബൾഗേറിയൻ കമ്യൂണിസ്റ്റ് പാർട്ടിയായിരുന്നു.

1934ൽ യുഗോസ്ലോവ്യൻ ഭരണാധികാരിയായിരുന്ന കിംഗ് അലക്സാണ്ടർ ചക്രവർത്തിയെ വെടിവെച്ചു കൊന്ന ലിഡ ജോർജിഫ് മുസ്‌ലിമായിരുന്നില്ല.1995 ഏപ്രിൽ 19ലെ ഒക്‌ലോഹമ ബോംബു സ്ഫോടനത്തിൽ നൂറോളം നിരപരാധികൾ കൊല്ലപ്പെടുകയും നൂറിലധികം ആളുകൾക്ക് പരിക്കേൽക്കുകയും ചെയ്തതിന് പിന്നിൽ പ്രവർത്തിച്ചത് വലതുപക്ഷ പ്രസ്ഥാനങ്ങളുടെ പ്രവർത്തകരായിരുന്ന രണ്ട് ക്രിസ്ത്യൻ വിശ്വാസികളായിരുന്നു. രണ്ടാം ലോകമഹായുദ്ധത്തിന് ശേഷം എട്ടു വർഷത്തെ തുടർച്ചയായ യുദ്ധത്തിൽ 259 ആക്രമണങ്ങളാണ് ജൂത തീവ്രവാദികൾ നടത്തിയത്. 1946 ജൂലൈ 26ന് കിംഗ് ഡേവിഡ് ഹോട്ടലിൽ നടന്ന സ്ഫോടനത്തിനു പിന്നിൽ പ്രവർത്തിച്ചത് ഇഗ്നിസ തീവ്രവാദികളായിരുന്നു. 91 പേരാണ് കൊല്ലപ്പെട്ടത്. ഇന്നും ആക്രമണങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന ജൂത ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ ഉണ്ടായിരുന്ന മാനികിൻ ബിഗിൻ, ഏരിയൽ ഷാരോൺ എന്നിവർ ഇസ്റായേലിന്റെ പ്രധാനമന്ത്രിമാർവരെ ആയി. 1968 മുതൽ ജർമനിയിൽ ഒരു തീവ്രവാദഗ്രൂപ്പ് ധാരാളം നിരപരാധികളെ കൊലപ്പെടുത്തുകയുണ്ടായി. ഇറ്റലിയിൽ റെഡ് ബിഗ്രേഡ്സ് എന്ന ഭീകര സംഘടന മനുഷ്യക്കുരുതി നടത്തുകയും അവിടത്തെ പ്രധാനമന്ത്രിയെ തട്ടിക്കൊണ്ടുപോയി വധിക്കുകയും ചെയ്തു. ജാപ്പനീസ് റെഡ് ആർമി എന്ന, ജപ്പാനിലെ ബുദ്ധതീവ്രവാദികൾ ടോക്കിയോ സബ്‌വേയിൽ വെച്ച് നൂറു കണക്കിന് നിരപരാധികളെ കൊല്ലാൻ ശ്രമിച്ചെങ്കിലും 12 പേരാണ് മരിച്ചത്. ഇംഗ്ലണ്ടിൽ നൂറ് വർഷമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഐറിഷ് റിപ്പബ്ലികൻ ആർമി എന്ന കത്തോലിക്കൻ തീവ്രവാദ സംഘടന ആക്രമണങ്ങൾ നടത്തിക്കൊണ്ടേയിരിക്കുന്നു. സ്പെയിനിലെയും ഫ്രാൻസിലെയും തീവ്രവാദ പ്രസ്ഥാനമായ ഇടിഎ മുപ്പത്തിയാറ് ആക്രമണങ്ങളാണ് നടത്തിയത്. ആഫ്രിക്കയിലെ 'ദ ലോർഡ്സ് സാൽവേഷൻ ആർമി' ഒരു ക്രിസ്ത്യൻ തീവ്രവാദി പ്രസ്ഥാനമാണ്. ശ്രീലങ്കയിലെ എൽടിടിഇ ലോകത്തിലെ അപകടകാരികളായ ഒരു തീവ്രവാദി പ്രസ്ഥാനമാണ്. ഇന്ത്യയിലും പല മതങ്ങളിലും തീവ്രവാദി ഗ്രൂപ്പുകൾ ധാരാളമുണ്ട്. ഇങ്ങനെ ലോകത്ത് മാനവർക്കിടയിൽ ഭീതി വിതച്ച് ഭീകരാക്രമണ പരമ്പരകൾ നടത്തുന്ന അനേകായിരം സംഘടനകൾ വ്യത്യസ്ത മതവിഭാഗങ്ങളിൽ പ്രവർത്തിച്ച് കൊണ്ടിരിക്കുമ്പോഴും ഇസ്‌ലാമിനെ പ്രതിക്കൂട്ടിൽ നിറുത്തി അരികുവൽകരിക്കാൻ ശ്രമിക്കുന്നതിലെ യുക്തി എല്ലാവരും തിരിച്ചറിയണം.

മതങ്ങളുടെയും രാഷ്ട്രങ്ങളുടെയും ഭൗതിക പ്രത്യയശാസ്ത്രങ്ങളുടെയും തേരോട്ടങ്ങൾ കോടിക്കണക്കിന് മനുഷ്യരെയാണ് കൊന്നൊടുക്കിയത് എന്നു കാണാം. ഒന്നാം ലോകമഹായുദ്ധവും രണ്ടാം ലോകമഹായുദ്ധവും കൊന്നൊടുക്കിയ മനുഷ്യജീവനുകൾക്ക് കൈയും കണക്കുമില്ല. ഇന്നും അമേരിക്ക പോലുള്ള രാജ്യങ്ങളുടെ സഹായത്തോടെ സിയോണിസ്റ്റ് ഭീകരവാദികൾ ഫലസ്തീനിൽ കൊന്നുതള്ളിക്കൊണ്ടിരിക്കുന്നത് പിഞ്ചോമനകളെയും സ്ത്രീകളെയും വയോധികരെയുമാണ്. ലോകത്തെ ഭയപ്പെടുത്തിയ ഭീകര നരനായാട്ടുകളിൽ ഇസ്‌ലാമിന്റെ ഒരു പങ്കും തെളിക്കാൻ കഴിയാതിരുന്നിട്ടും ആക്രമണങ്ങളിൽ മുസ്‌ലിമിനെ മാത്രം തിരയുന്നത് മനോരോഗമല്ലാതെ മറ്റെന്താണ്? അത് മലയാളമണ്ണിലെ മതേതര മുഖങ്ങളിലും പ്രത്യക്ഷപ്പെട്ടുതുടങ്ങിയെന്ന് മാത്രം.





# ഭ്രൂണ വളർച്ച

ഡോ. ഷാനവാസ് യു.എസ്.എ
:94963 57979

ബീജസങ്കലനം വഴി ഉണ്ടാകുന്ന സിക്താണ്ഡം വളർച്ചയുടെ വ്യത്യസ്ത ഘട്ടങ്ങളിലൂടെയും മാറ്റങ്ങളിലൂടെയും കടന്നുപോകുന്നു. ഈ കാലയളവിനെ പ്രധാനമായും രണ്ടായി തിരിക്കാം. ആദ്യത്തെ 10 ആഴ്ച്ചവരെയുള്ള വളർച്ചാകാലഘട്ടത്തെ ഭ്രൂണഘട്ടം (embryonic stage) എന്നും തുടർന്നുള്ള കാലയളവിനെ ഗർഭപിണ്ഡഘട്ടം (fetal stage) എന്നും പറയാം.

“നിങ്ങളെ അവൻ പല ഘട്ടങ്ങളിലായി സൃഷ്ടിച്ചിരിക്കുകയാണല്ലോ” (ക്വുർആൻ 71:14).

“നിങ്ങളുടെ മാതാക്കളുടെ വയറുകളിൽ നിങ്ങളെ അവൻ സൃഷ്ടിക്കുന്നു. മൂന്നുതരം അന്ധകാരങ്ങൾക്കുള്ളിൽ, സൃഷ്ടിയുടെ ഒരു ഘട്ടത്തിനുശേഷം മറ്റൊരു ഘട്ടമായിക്കൊണ്ട്” (39:6).

“...തീർച്ചയായും നാമാണ് നിങ്ങളെ മണ്ണിൽനിന്നും പിന്നീട് ബീജത്തിൽനിന്നും പിന്നീട് ഭ്രൂണത്തിൽ നിന്നും, അനന്തരം രൂപംനൽകപ്പെട്ടതും രൂപംനൽകപ്പെടാത്തതുമായ മാംസപിണ്ഡത്തിൽനിന്നും സൃഷ്ടിച്ചത്. നാം നിങ്ങൾക്ക് കാര്യങ്ങൾ വിശദമാക്കിത്തരാൻ വേണ്ടി (പറയുകയാകുന്നു). നാം ഉദ്ദേശിക്കുന്നതിനെ നിശ്ചിതമായ ഒരു അവധിവരെ നാം ഗർഭാശയങ്ങളിൽ താമസിപ്പിക്കുന്നു. പിന്നീട് നിങ്ങളെ നാം ശിശുക്കളായി പുറത്ത് കൊണ്ടുവരുന്നു...” (22:5).

“...തീർച്ചയായും നാമാണ് നിങ്ങളെ മണ്ണിൽനിന്നും പിന്നീട് ബീജത്തിൽനിന്നും പിന്നീട് ഭ്രൂണത്തിൽ നിന്നും, അനന്തരം രൂപംനൽകപ്പെട്ടതും രൂപംനൽകപ്പെടാത്തതുമായ മാംസപിണ്ഡത്തിൽനിന്നും സൃഷ്ടിച്ചത്. നാം നിങ്ങൾക്ക് കാര്യങ്ങൾ വിശദമാക്കിത്തരാൻ വേണ്ടി (പറയുകയാകുന്നു). നാം ഉദ്ദേശിക്കുന്നതിനെ നിശ്ചിതമായ ഒരു അവധിവരെ നാം ഗർഭാശയങ്ങളിൽ താമസിപ്പിക്കുന്നു. പിന്നീട് നിങ്ങളെ നാം ശിശുക്കളായി പുറത്ത് കൊണ്ടുവരുന്നു...’’ (22:5).

ഭ്രൂണഘട്ടത്തെ നമുക്ക് അൽപം കൂടി വിശദമാക്കാം. അതിനുവേണ്ടി ഭ്രൂണവളർച്ചയെ വീണ്ടും ഘട്ടങ്ങളായി തിരിക്കാം.


*എ) ബീജസങ്കലനം*

പുരുഷബീജവും സ്ത്രീയുടെ അണ്ഡവും കൂടിച്ചേർന്ന് സിക്താണ്ഡം ഉണ്ടാകുന്നതിനെയാണ് ബീജസങ്കലനം എന്ന് പറയുന്നത്. ഇത് മുമ്പ് വ്യക്തമാക്കിയിട്ടുണ്ട്.

*ബി) പിളർപ്പും ബ്ലാസ്റ്റുലയും*

ബീജസങ്കലനംവഴിഉണ്ടാകുന്ന സിക്താണ്ഡം പ്രത്യേകമായ രീതിയിൽ വിഭജിക്കപ്പെടുന്നു. ഇതിനെയാണ് പിളർപ്പ് (cleavage) എന്ന് പറയുന്നത്. ഇതിന്റെ ഫലമായി കോശങ്ങളുടെ എണ്ണം വർധിക്കുന്നു. കോശങ്ങളുടെ എണ്ണം ഇരട്ടിയാവുന്നെങ്കിലും അവയുടെ വലിപ്പം മാതൃകോശത്തിന്റെ പകുതിയാവുകയും ജനിതകസംഖ്യ മാതൃകോശത്തിന് തുല്യമായിരിക്കുകയും ചെയ്യുന്നു. ഇങ്ങനെ രൂപപ്പെടുന്ന കോശങ്ങളുടെ കൂട്ടത്തെയാണ് ബ്ലാസ്റ്റുല (blastula)) എന്ന് പറയുന്നത്. ബ്ലാസ്റ്റുലയിൽ ദ്രാവകം നിറഞ്ഞ ഒരു ദ്വാരം രൂപപ്പെടുന്നു. ഇതിനെ ബ്ലാസ്റ്റോസിസ്റ്റ് (blastocyst)) എന്ന് വിളിക്കുന്നു.

*സി) ഗാസ്ട്രുലേഷൻ (Gastrulation)*



പിളർപ്പ് ( Cleavage)

ബ്ലാസ്റ്റുലയിലെ കോശങ്ങൾ പിന്നീട് വ്യത്യസ്തമായ മൂന്ന് അടുക്കുകളായി മാറുന്നു. ഇവയെ ജർമിനൽ ലയർ (germinal layer) എന്ന് വിളിക്കുന്നു. ഈ അടുക്കുകളിൽനിന്നുമാണ് പിന്നീട് ത്വക്ക് മുതൽ അതിസങ്കീർണമായ തലച്ചോറുവരെ രൂപപ്പെടുന്നത്. ഇവയിൽ ഓരോ അടുക്കിൽനിന്നും വ്യത്യസ്ത അവയവങ്ങൾ രൂപപ്പെടുകയാണ് ചെയ്യുന്നത്. ഈ പ്രക്രിയയെ ഗാസ്ട്രുലേഷൻ (Gastrulation) എന്ന് വിളിക്കുന്നു.

ഗർഭാശയത്തിനകത്ത് ഓരോ ദിവസവും പിന്നിടുമ്പോൾ ഓരോ ശരീരഭാഗങ്ങളായി രൂപപ്പെട്ടു വരികയും, അവ ക്രമേണ വളർന്ന് മനുഷ്യശരീരഭാഗങ്ങളുടെ രൂപത്തിലേക്ക് മാറിവരികയും ചെയ്യുന്നു. ആയതിനാൽ ഗർഭസ്ഥശിശു അതിന്റെ വളർച്ചയുടെ ആദ്യഘട്ടത്തിൽ പ്രത്യേകിച്ച് ഒരു രൂപമാറ്റം ഇല്ലാത്ത വെറുമൊരു മാംസപിണ്ഡമായിരിക്കും. പിന്നീട് അതിനു മനുഷ്യക്കുഞ്ഞിന്റെ രൂപം കൈവരികയാണ് ചെയ്യുന്നത്.

**ഭ്രൂണത്തിന്റെ വളർച്ച** (Embryonic stage)

| അവയവം | രൂപപ്പെടുന്ന സമയം |
|---|---|
| ഹൃദയം | 4 ആഴ്ചകൾ കൊണ്ട് |
| കൈകാലുകൾ മുളക്കൽ | 8 ആഴ്ചകൾ കൊണ്ട് |
| കൈകാലുകൾ നല്ല വളർച്ചയെത്തുന്നത് | 12 ആഴ്ച |
| മിക്കവാറും എല്ലാ അവയവങ്ങളും രൂപപ്പെടുന്നത് | 12 ആഴ്ച |
| തലയിലെ മുടി | 5 മാസം |
| കൺപീലികൾ | 24 ആഴ്ച |

*പടിപടിയായ അവയവങ്ങളുടെ രൂപപ്പെടൽ*
*(Development of organs in a fetus)*


**ഇരട്ടകൾ**

ഒരേസമയം ഒരു ഗർഭാശയത്തിൽ രണ്ടു കുഞ്ഞുങ്ങൾ വളരുന്ന പ്രതിഭാസത്തെയാണ് ഇരട്ടകൾ (twins) എന്ന് പറയുന്നത്. രണ്ടുതരത്തിലുള്ള ഇരട്ടകൾ ഉണ്ട്. അവയിൽ ഒന്ന് സമാന ഇരട്ടകളും (Identical twins) മറ്റേത് സാഹോദര്യ ഇരട്ടകളും(fraternity twins) ആണ്.


ഗർഭാശയത്തിൽ രൂപപ്പെട്ട ഭ്രൂണം വിഭജിക്കുമ്പോൾ (cleavage) അവയിലെ കോശങ്ങളുടെ എണ്ണം വർധിക്കുകയല്ലാതെ സാധാരണ നിലയിൽ വിഭജിക്കാറില്ല. എന്നാൽ ചില സാഹചര്യങ്ങളിൽ ഇവ വിഭജിക്കുകയും രണ്ടു വ്യത്യസ്ത ഭ്രൂണങ്ങൾ ആയി മാറുകയും ചെയ്യുന്നു. ഇവയെയാണ് സമാന ഇരട്ടകൾ (identical twins) എന്ന് വിളിക്കുന്നത്. ഒരേ ഭ്രൂണത്തിൽ നിന്നും രൂപപ്പെടുന്നതിനാൽ ഇവയുടെ ജനിതക ഘടനയും (chromosome) ഒന്ന് തന്നെയായിരിക്കും. ഒരു ജീവിയുടെ ശരീരഘടനയും ആന്തരിക ഘടനയും നിർണയിക്കുന്നത് അവയുടെ ജനിതക ഘടനയാണല്ലോ. ആയതിനാൽ ഇങ്ങനെ രൂപപ്പെടുന്ന ഇരട്ടകൾക്ക് ഒരേ രൂപവും ഒരേ ലിംഗവുമായിരിക്കും. അതായത് പേര് സൂചിപ്പിക്കുന്ന പോലെത്തന്നെ ഈ ഇരട്ടകൾ തമ്മിൽ കാര്യമായ വ്യത്യാസങ്ങൾ ഉണ്ടാവില്ല.

എന്നാൽ സാഹോദര്യ ഇരട്ടകളുടെ രൂപീകരണം വ്യത്യസ്തമാണ്. സാധാരണ ഒരു ഗർഭാശയത്തിൽ ഒരു പുരുഷബീജം ഒരു അണ്ഡവുമായി മാത്രമെ ഒരു സമയത്ത് കൂടിച്ചേരുകയുള്ളൂ (fertilization). അതായത് ഒരു സമയത്ത് ഒരു കൂടിച്ചേരൽ മാത്രം. എന്നാൽ ചില സന്ദർഭങ്ങളിൽ രണ്ടു വ്യത്യസ്ത ബീജങ്ങൾ രണ്ടു വ്യത്യസ്ത അണ്ഡങ്ങളുമായി കൂടിച്ചേർന്ന് രണ്ടു വ്യത്യസ്ത ഭ്രൂണങ്ങൾ രൂപപ്പെട്ടേക്കാം.


**സമാനഇരട്ടകളുടെ രൂപപ്പെടൽ**




**സാഹോദര്യ ഇരട്ടകളുടെ രൂപപ്പെടൽ**




**Embryo Development**





*ഭ്രൂണത്തിന്റെ വളർച്ച (Embryonic Stage)*



ഇങ്ങനെ രൂപപ്പെടുന്ന ഭ്രൂണങ്ങൾക്ക് വ്യത്യസ്ത ജനിതക ഘടന യായതിനാൽ അവയ്ക്ക് വ്യത്യസ്ത രൂപവുമായിരിക്കും. Y ക്രോമസോമിന്റെ സാന്നിധ്യവും അസാന്നിധ്യവും അനുസരിച്ച് അവയുടെ ലിംഗം സമാനമോ വ്യത്യസ്തമോ ആവാം.

**പേശിവ്യൂഹത്തിന്റെ വളർച്ച**

അസ്ഥികളും (bones) തരുണാസ്ഥികളും (cartilages) മാംസപേശികളും (muscles) ഉൾപ്പെടുന്നതാണ് പേശിവ്യൂഹം (musculoskeletal system). പേശിവ്യൂഹത്തിന്റെ ഏതാണ്ട് മുഴുവൻ ഭാഗങ്ങളും രൂപപ്പെടുന്നത് മീസോഡേം (mesoderm) എന്ന ജർമിനൽ പാളിയിൽ(germinal layer)നിന്നാണ്.




ഭ്രൂണവളർച്ചയിലെ ജർമിനൽ പാളികളുടെ പ്രാധാന്യവും ഗ്യാസ്ട്യുലേഷനും മുമ്പ് വിവരിച്ചിട്ടുണ്ട്. ഭ്രൂണവളർച്ചയുടെ ഭാഗമായി മീസോഡേം മൂന്നായി വിഭജിക്കപ്പെടുന്നു. ഇതിൽ നടുവിലത്തെ ഭാഗത്തെ പാരാക്സിയൽ മീസോഡേം (paraxial mesoderm) എന്ന് വിളിക്കുന്നു. ഇവ വളർന്ന് ഉരുണ്ട സോമൈറ്റുകളായി (somites) മാറുന്നു. ഭ്രൂണം വളരുന്നതിനനുസരിച്ച് സോമൈറ്റുകളുടെ എണ്ണവും കൂടുന്നു. ഇവ വീണ്ടും വിഭജിക്കപ്പെടുകയും അവയിൽനിന്നും മാംസപേശികളും നട്ടെല്ലും (vertebra) രൂപപ്പെടുകയും ചെയ്യുന്നു.

"...ആ എല്ലുകൾ നാം എങ്ങനെ കൂട്ടിയിണക്കുകയും, എന്നിട്ട് അവയെ മാംസത്തിൽ പൊതിയുകയും ചെയ്യുന്നു എന്നും നീ നോക്കുക..." (2:259).


നേരത്തെ സൂചിപ്പിച്ച പോലെ മീസോഡേമിൽനിന്ന് എല്ലുകളുടെ രൂപപ്പെടലാണ് ആദ്യം നടക്കുന്നത്. ആദ്യം തരുണാസ്ഥികളാണ് രൂപപ്പെടുക. ശേഷം ഇവയിൽനിന്നും ഓസ്റ്റിയോജെനിസിസ് (osteogenesis) എന്ന പ്രക്രിയയുടെ ഫലമായി എല്ലുകൾ രൂപപ്പെടുന്നു. ശേഷം എല്ലുകളുടെ നീളവും വലിപ്പവും വർധിക്കുകയും കൈകാലുകളും സന്ധികളും രൂപപ്പെടുകയും ചെയ്യുന്നു.

എന്നാൽ പേശികൾ (muscles) രൂപപ്പെടുന്നത് മയോബ്ലാസ്റ്റുകൾ (myoblasts) എന്ന കോശങ്ങൾ കൂടിച്ചേർന്നാണ്. എല്ലുകൾ രൂപപ്പെട്ടശേഷം മാംസപേശീ കോശങ്ങൾ എല്ലുകളിലേക്ക് പലായനം (migration) ചെയ്യുകയും എല്ലിന് ചുറ്റും ആവരണം ചെയ്യുകയും ചെയ്യുന്നു. ■

**"...ആ എല്ലുകൾ നാം എങ്ങനെ കൂട്ടിയിണക്കുകയും, എന്നിട്ട് അവയെ മാംസത്തിൽ പൊതിയുകയും ചെയ്യുന്നു എന്നും നീ നോക്കുക..." (2:259). നേരത്തെ സൂചിപ്പിച്ച പോലെ മീസോഡേമിൽനിന്ന് എല്ലുകളുടെ രൂപപ്പെടലാണ് ആദ്യം നടക്കുന്നത്. ആദ്യം തരുണാസ്ഥികളാണ് രൂപപ്പെടുക. ശേഷം ഇവയിൽ നിന്നും ഓസ്റ്റിയോജെനിസിസ് (osteogenesis) എന്ന പ്രക്രിയയുടെ ഫലമായി എല്ലുകൾ രൂപപ്പെടുന്നു. ശേഷം എല്ലുകളുടെ നീളവും വലിപ്പവും വർധിക്കുകയും കൈകാലുകളും സന്ധികളും രൂപപ്പെടുകയും ചെയ്യുന്നു.**

ലേഖനം

വിധി തേടുന്ന ഹിജാബും
കോടതിയിലെ വാദങ്ങളും - 39



# ഹേമന്ദ് ഗുപ്തയുടെ വിധിന്യായങ്ങളിലൂടെ 06

സുഫ്‌യാൻ അബ്ദുസ്സലാം
: 81296 17676

**മൗലികാവകാശങ്ങളിൽ നിയന്ത്രണങ്ങളോ?**

ഹിജാബ് കേസ് ശബരിമല കേസിന്റെ കൂടെ ഭരണഘടനാ ബെഞ്ചിന് വിടേണ്ടതില്ല എന്ന് വിധിച്ച ശേഷം സ്‌കൂൾ അധികൃതർക്ക് അവർ ഉദ്ദേശിക്കുന്ന വിധത്തിലുള്ള യൂണിഫോം നടപ്പിൽ വരുത്താൻ അവകാശമുണ്ടോ എന്ന വിഷയമാണ് ജസ്റ്റിസ് ഹേമന്ദ് ഗുപ്ത ചർച്ച ചെയ്തത്. പ്രസ്തുത വിഷയത്തിൽ അദ്ദേഹം ഉയർത്തിക്കാണിച്ചത് ഭരണഘടന നൽകുന്ന മൗലികാവകാശങ്ങൾ പരമമല്ല എന്ന പോയിന്റാണ്. അവയുടെ മേൽ ഭരിക്കുന്ന സർക്കാറുകൾക്ക് നിയന്ത്രണം കൊണ്ടുവരാനുള്ള അവകാശമുണ്ട് എന്നുമാണ് അദ്ദേഹം പറഞ്ഞുവന്നത്. അതിനായി സുപ്രീം കോടതി നേരത്തെ പുറപ്പെടുവിച്ച ചില സുപ്രധാന വിധികളിൽനിന്നും അദ്ദേഹം ധാരാളമായി ഉദ്ധരിക്കാൻ ശ്രമിക്കുന്നുണ്ട്. റാംജാവായ കേസ് പോലുള്ളവയിൽനിന്നും നിലവിലുള്ള ഹിജാബ് കേസുമായി യാതൊരു താരതമ്യവുമില്ലാത്ത വിധികളിൽനിന്നുള്ള വരികൾ സന്ദർഭത്തിൽനിന്നും അടർത്തിയെടുത്തുകൊണ്ടാണ് അദ്ദേഹം അത് സമർഥിക്കാൻ ശ്രമിക്കുന്നത്.

മൗലികാവകാശങ്ങൾ ലംഘിച്ചുകൊണ്ട് സർക്കാറുകൾക്ക് ഒരു നിയമവും ഉണ്ടാക്കാൻ അധികാരമില്ലെന്ന് വ്യക്തമാക്കുന്ന നിരവധി വിധികൾ അഭിഭാഷകർ ഉന്നയിച്ചിരുന്നു. അതിൽ അഡ്വ. ശുഐബ് ആലം ചൂണ്ടിക്കാണിച്ച വിധികളിലാണ് പ്രധാനമായും ജസ്റ്റിസ് ഗുപ്ത വിശദീകരണം നൽകാൻ ശ്രമിച്ചത്. സ്റ്റേറ്റ് ഓഫ് വെസ്റ്റ് ബംഗാൾ-അൻവർ അലി സർക്കാർ (1951), സ്റ്റേറ്റ് ഓഫ് മധ്യപ്രദേശ്-താക്കൂർ ഭാരത് സിംഗ് (1967), ബിഷംബർ ദയാൽ ചന്ദ്രമോഹൻ-സ്റ്റേറ്റ് ഓഫ് ഉത്തർപ്രദേശ് (1981), ഫാർമസി കൗൺസിൽ ഓഫ് ഇന്ത്യ-രാജീവ് കോളേജ് ഓഫ് ഫാർമസി (2022) തുടങ്ങിയ വിധികളാണ് ശുഐബ് ആലം ഉദ്ധരിച്ചിരുന്നത്. ഈ കേസുകളിലെ വിധികൾ മൗലികാവകാശങ്ങൾക്ക് വിരുദ്ധമായി യാതൊരുവിധത്തിലുമുള്ള നിയമങ്ങളും ഉണ്ടാക്കാൻ സർക്കാറുകൾക്ക് അധികാരമില്ല എന്ന് വ്യക്തമാക്കുന്നവയാണ്.

**13ാം അനുച്ഛേദം നൽകുന്ന ഉറപ്പുകൾ**

ഭരണഘടനയുടെ പതിമൂന്നാം അനുച്ഛേദമാണ് മുകളിൽ സൂചിപ്പിച്ച വിധികളിൽ സുപ്രീം കോടതി ഉയർത്തിപ്പിടിച്ചിരിക്കുന്നത്. പ്രസ്തുത അനുച്ഛേദം ഇങ്ങനെ വായിക്കാം:

അനുച്ഛേദം 13: മൗലികാവകാശങ്ങൾക്ക് സംഗതമല്ലാത്തതോ അവയ്ക്ക് ന്യൂനത വരുത്തുന്നതോ ആയ നിയമങ്ങൾ.

> **എല്ലാവരും ഒരേതരത്തിലുള്ള വസ്ത്രം ധരിച്ചുകൊണ്ട് പൊതുയിടങ്ങളിൽ പ്രത്യക്ഷപ്പെടുക എന്ന ആശയം യാഥാർഥ്യബോധത്തോടെയുള്ള ഒന്നല്ല. 'ഏകത' എന്ന ആശയം ഇന്ത്യൻ സാഹചര്യത്തിൽ പുലരുന്നത് 'നാനാത്വം' എന്ന യാഥാർഥ്യത്തെ അംഗീകരിക്കുമ്പോൾ മാത്രമാണ്. നാനാത്വത്തിൽ ഏകത്വം (Unity in diversity) എന്ന മുദ്രാവാക്യം രാജ്യം ഉയർത്തിപ്പിടിച്ചിട്ടുള്ളത് രാജ്യത്തെ സംസ്കാരങ്ങളെയും വസ്ത്രരീതികളെയും ഏകോപിപ്പിക്കുന്നതിന് വേണ്ടിയല്ല, പ്രത്യുത വിവിധ വസ്ത്രരീതികളെയും സംസ്കാരങ്ങളെയും വിശ്വാസങ്ങളെയും ഒരുമിപ്പിച്ച് ഒരേ പ്രതലത്തിൽ പ്രദർശിപ്പിക്കുന്നതിന് വേണ്ടിയാണ്.**

(1) ഈ ഭരണഘടനയുടെ പ്രാരംഭത്തിന് തൊട്ടുമുമ്പ് ഭാരതത്തിന്റെ ഭൂപ്രദേശത്ത് പ്രാബല്യത്തിലിരുന്ന എല്ലാ നിയമങ്ങളും ഈ നിയമത്തിലെ വ്യവസ്ഥകളോട് പൊരുത്തപ്പെടാത്തിടത്തോളം അവ അസാധുവായിരിക്കുന്നതാണ്.

(2) ഈ ഭാഗം നൽകിയിട്ടുള്ള അവകാശങ്ങൾ എടുത്തുകളയുകയോ കുറയ്ക്കുകയോ ചെയ്യുന്ന യാതൊരു നിയമവും രാഷ്ട്രം നിർമിക്കുവാൻ പാടില്ലാത്തതും ഈ ഖണ്ഡം ലംഘിച്ചുകൊണ്ട് നിർമിക്കുന്ന ഏതു നിയമവും അസാധുവായിരിക്കുന്നതാണ്.

മുകളിൽ നൽകിയ അനുച്ഛേദം ഏതൊരു പൗരന്റെയും മൗലികാവകാശങ്ങൾക്ക് പൂർണമായ സംരക്ഷണമാണ് നൽകിയിട്ടുള്ളത്. ഭരണഘടന നൽകിയിട്ടുള്ള ഉപാധികൾ പൊതുസമാധാനം, ധാർമികത, ആരോഗ്യം എന്നിവ മാത്രമാണ്. ഈ ഉപാധികളോടെ ഏതൊരു പൗരനും അയാളുടെ മനഃസാക്ഷി അനുവദിക്കുന്നതോ മതം അനുശാസിക്കുന്നതോ ആയ വേഷങ്ങളും ആചാരങ്ങളും പുലർത്തുന്നതിന് വിരുദ്ധമായി നിയമം ഉണ്ടാക്കാൻ സർക്കാറുകൾക്ക് അനുവാദമില്ല എന്നാണ് ഈ അനുച്ഛേദങ്ങളിലെ വ്യവസ്ഥകൾ വ്യക്തമാക്കുന്നത്.

### മൗലികാവകാശങ്ങൾക്ക് താഴെയാണ് സർക്കാർ

മൗലികാവകാശങ്ങൾക്കല്ല നിയന്ത്രണമുള്ളത്, മറിച്ച് സർക്കാറുകൾക്കാണ് നിയന്ത്രണമുള്ളത് എന്നാണ് ഇതെല്ലാം വ്യക്തമാക്കുന്നത്. സർക്കാറുകൾ എന്നുപറയുമ്പോൾ കേന്ദ്ര സർക്കാർ മാത്രമല്ല, രാജ്യത്തിനകത്തുള്ള സംസ്ഥാന സർക്കാർ, തദ്ദേശീയ ഭരണകൂടങ്ങൾ, പാർലമെന്റ്, ഓരോ സംസ്ഥാനത്തെയും നിയമനിർമാണ സഭകൾ എന്നിവയെല്ലാം ഇതിൽ പെടുമെന്ന് ഭരണഘടനയുടെ 12ാം അനുച്ഛേദവും വ്യക്തമാക്കുന്നുണ്ട്.

ഈ വസ്തുതകളെല്ലാം പരിഗണിച്ചുകൊണ്ടാണ് സുപ്രീംകോടതി മുകളിൽ സൂചിപ്പിച്ച കേസുകളിൽ സംസ്ഥാന സർക്കാറുകൾക്കെതിരായി വിധി പുറപ്പെടുവിച്ചത്. സംസ്ഥാന സർക്കാറുകൾ പ്രസ്തുത വിഷയങ്ങളിൽ ഉണ്ടാക്കിയ നിയമങ്ങൾ സുപ്രീം കോടതി ഭരണഘടനാവിരുദ്ധമായി പ്രഖ്യാപിക്കുകയും ചെയ്തതായി വിധികളിൽ കാണാം. എന്നാൽ ജസ്റ്റിസ് ഗുപ്ത ഈ വിധികളെ പരാമർശിച്ചുകൊണ്ട്, അവയിലെ ചില സാങ്കേതികതകളെ പർവതീകരിച്ച് അവയൊന്നും നിലവിലെ ശിരോവസ്ത്ര കേസുകൾക്ക് ബാധകമാക്കാൻ സാധിക്കില്ല എന്നാണ് പറയുന്നത്. അദ്ദേഹം പറയുന്ന സാങ്കേതികതകൾ എന്താണെന്ന് വിശദീകരിക്കാൻ അദ്ദേഹത്തിന് തന്നെ സാധിച്ചിട്ടില്ല എന്ന് വിധിന്യായം വായിച്ചാൽ മനസ്സിലാകും.

മൗലികാവകാശങ്ങളെ നിയന്ത്രിച്ചുകൊണ്ട് സർക്കാറുകൾക്ക് നിയമങ്ങൾ ഉണ്ടാക്കാമെന്ന വാദം അദ്ദേഹം കൊണ്ടുവരുന്നത് കർണാടക സർക്കാർ വിദ്യാർഥികളുടെ യൂണിഫോം അടക്കമുള്ള വിഷയങ്ങൾ നടപ്പാക്കാൻ കമ്മിറ്റികൾ രൂപീകരിച്ചത് ഭരണഘടനാനുസൃതമാണെന്ന് സ്ഥാപിക്കുവാൻ വേണ്ടിയാണ്. എന്നാൽ കമ്മിറ്റികൾ രൂപീകരിക്കുന്നതിലല്ല പ്രശ്നം, മറിച്ച് വിദ്യാർഥികളുടെ വിശ്വാസത്തിന്റെ ഭാഗമായുള്ള വസ്ത്ര സ്വാതന്ത്ര്യം എന്ന മൗലികാവകാശത്തിനു മേൽ കമ്മിറ്റികൾ കൈവെക്കുന്നതാണ് പ്രശ്നത്തിന്റെ മർമമെന്ന് അദ്ദേഹം വിസ്മരിച്ചുപോകുന്നു.

### ഏകത്വമല്ല; നാനാത്വമാണ് പ്രധാനം

തുടർന്ന് അദ്ദേഹം യൂണിഫോമിന്റെ ലക്ഷ്യങ്ങളെ കുറിച്ചാണ് പറയുന്നത്. അത് ഇങ്ങനെയാണ്:

"മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഇന്ത്യയിലെ എല്ലാ ജനങ്ങൾക്കുമിടയിൽ ഐക്യവും സാഹോദര്യവും പ്രോത്സാഹിപ്പിക്കുക, സ്ത്രീകളുടെ അന്തസ്സിന് അപമാനകരമായ ആചാരങ്ങൾ ഉപേക്ഷിക്കുക, നമ്മുടെ സംയോജിത സംസ്കാരത്തിന്റെ സമ്പന്നമായ പൈതൃകം സംരക്ഷിക്കുക; ശാസ്ത്രീയ മനോഭാവം, മാനവികത, അന്വേഷണത്തിന്റെയും പരിഷ്കരണത്തിന്റെയും മനോഭാവം എന്നിവ വികസിപ്പിക്കുക, വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മേഖലകളിലും മികവ് പുലർത്താൻ പരിശ്രമിക്കുകയും ചെയ്യുക തുടങ്ങിയവയാണ് കർണാടക വിദ്യാഭ്യാസ നിയമത്തിന്റെ സെക്ഷൻ 7(2) പ്രകാരമുള്ള പാഠ്യപദ്ധതി ഉയർത്തിപ്പിടിക്കുന്നത്. ഇതെല്ലാം ഭരണഘടനയുടെ നാലാം ഭാഗത്തിൽ 42ാം ഭേദഗതിയിലൂടെ പ്രത്യേകമായി പരാമർശിച്ചിട്ടുള്ളതുമാണ്."

എല്ലാവരും ഒരേതരത്തിലുള്ള വസ്ത്രം ധരിച്ചുകൊണ്ട് പൊതുയിടങ്ങളിൽ പ്രത്യക്ഷപ്പെടുക എന്ന ആശയം യാഥാർഥ്യബോധത്തോ

ടെയുള്ള ഒന്നല്ല. 'ഏകത' എന്ന ആശയം ഇന്ത്യൻ സാഹചര്യത്തിൽ പുലരുന്നത് 'നാനാത്വം' എന്ന യാഥാർഥ്യത്തെ അംഗീകരിക്കുമ്പോൾ മാത്രമാണ്. നാനാത്വത്തിൽ ഏകത്വം (Unity in diversity) എന്ന മുദ്രാവാക്യം രാജ്യം ഉയർത്തിപ്പിടിച്ചിട്ടുള്ളത് രാജ്യത്തെ സംസ്കാരങ്ങളെയും വസ്ത്രരീതികളെയും ഏകോപിപ്പിക്കുന്നതിന് വേണ്ടിയല്ല, പ്രത്യുത വിവിധ വസ്ത്രരീതികളെയും സംസ്കാരങ്ങളെയും വിശ്വാസങ്ങളെയും ഒരുമിപ്പിച്ച് ഒരേ പ്രതലത്തിൽ പ്രദർശിപ്പിക്കുന്നതിന് വേണ്ടിയാണ്. അതുകൊണ്ടുതന്നെ ജസ്റ്റിസ് ഗുപ്ത പറഞ്ഞ ആശയങ്ങൾ പ്രത്യക്ഷത്തിൽ ആകർഷകമാണെങ്കിലും ഭാരതീയ പരിപ്രേക്ഷ്യത്തിൽ അതിന് പ്രസക്തിയില്ല എന്നതാണ് വസ്തുത.

### മാർഗനിർദേശക തത്ത്വങ്ങൾ പറയുന്നത്

ഏകത എന്ന ആശയം ഭരണഘടനയുടെ നാലാം ഭാഗം ഉയർത്തിപ്പിടിക്കുന്നു എന്ന് പറയുന്നത് ഒട്ടും ശരിയല്ല. 42ാം ഭേദഗതിയിലും അതിനെക്കുറിച്ച് പറയുന്നില്ല. നാലാം ഭാഗം എന്ന് പറയുന്നത് മാർഗ നിർദേശക തത്ത്വങ്ങൾ (Directive Principles of State Policy) ആണ്. അതിലെവിടെയും വിദ്യാർഥികളുടെ യൂണിഫോമിനെക്കുറിച്ചോ അവരുടെ വസ്ത്രരൂപങ്ങൾ ഒരേ രൂപത്തിൽ ആകുന്നതിനെക്കുറിച്ചോ പ്രതിപാദിക്കുന്നില്ല. പിന്നെ എന്താണ് അവിടെ പറയുന്നത് എന്ന് പരിശോധിക്കാം. നാലാം ഭാഗത്തിലെ 39(f) ൽ ആണ് വിദ്യാർഥികളുമായി ബന്ധപ്പെട്ട പ്രതിപാദനമുള്ളത്. ഇത് ജസ്റ്റിസ് ഗുപ്ത പറഞ്ഞപോലെ 42ാം ഭരണഘടനാ ഭേദഗതിയിലൂടെ കടന്നുവന്നതാണ്. അതിങ്ങനെ വായിക്കാം:

"കുട്ടികൾക്ക് ആരോഗ്യകരമായ രീതിയിലും സ്വാതന്ത്ര്യവും അന്തസ്സുമുള്ള പരിതസ്ഥിതിയിലും വളരുവാൻ സൗകര്യങ്ങളും അവസരങ്ങളും നൽകുകയും ചൂഷണത്തിൽനിന്നും ധാർമികവും ഭൗതികവുമായ പരിത്യജനത്തിൽ നിന്നും ബാല്യത്തെയും യൗവനത്തെയും സംരക്ഷിക്കുകയും ചെയ്യേണ്ടതുണ്ട്."

ഈ അനുച്ഛേദത്തിൽ പറയപ്പെട്ട അന്തസ്സിനെ മറ്റൊരു വിധത്തിൽ വ്യാഖ്യാനിക്കുകയാണ് ജസ്റ്റിസ് ഗുപ്ത ചെയ്യുന്നത്. സ്വാതന്ത്ര്യം എന്ന പദത്തിന് നേരെ അദ്ദേഹം കണ്ണടക്കുകയും ചെയ്യുന്നു. Freedom and dignity എന്നാണ് അവിടെ പ്രയോഗിച്ചിട്ടുള്ളത്. മാത്രവുമല്ല കുട്ടികൾ ധാർമിക പാഠങ്ങൾ പരിത്യജിക്കപ്പെടരുത് അഥവാ ഉപേക്ഷിക്കപ്പെടരുത് എന്ന് പ്രത്യേകം എടുത്തു പറയുന്നുമുണ്ട്. ധാർമികത പ്രധാനമായും കുട്ടികൾക്ക് ലഭിക്കുന്നത് മതാധ്യാപനങ്ങളിലൂടെയും അതിന്റെ അടിസ്ഥാനത്തിലുള്ള സാംസ്കാരിക ബോധ്യങ്ങളിലൂടെയുമാണ്. മനഃസാക്ഷിയിലൂടെയും ലഭിച്ചെന്നിരിക്കാം. അവ ഓരോ കുട്ടികളിലും വ്യത്യസ്തമായിരിക്കും. അഥവാ ഈ അനുച്ഛേദം ഓരോ കുട്ടിയുടെയും ധാർമിക ബോധത്തിന്മേലുള്ള സ്വാതന്ത്ര്യത്തെയും അനുവദിച്ചുകൊടുക്കുന്നു എന്നതാണ് സത്യം. ഈ സത്യത്തെ മറച്ചുപിടിച്ച് മറ്റൊരു വിധത്തിൽ വ്യാഖ്യാനിച്ച് അവർക്ക് ഭരണഘടന നൽകുന്ന സ്വാതന്ത്ര്യത്തെ ഇല്ലാതാക്കുകയാണ് ഇവിടെ സംഭവിക്കുന്നത്.

### സെക്കുലർ സ്കൂളുകൾ എന്ന വാദം

വീണ്ടും അദ്ദേഹം ഈ വിഷയകമായി പറയുന്നത് ഇങ്ങനെയാണ്: "വിഭാഗീയ വൈവിധ്യങ്ങൾ ത്യജിക്കുക, മാനവികത വികസിപ്പിക്കുക, ശാസ്ത്രീയവും മതേതരവുമായ കാഴ്ചപ്പാട് വളർത്തിയെടുക്കുക എന്നിവയാണ് സർക്കാർ ചട്ടം ലക്ഷ്യമാക്കുന്നത്. ചില വിദ്യാർഥികൾ തങ്ങളുടെ മതവിശ്വാസങ്ങൾ സർക്കാർ നടത്തുന്ന 'സെക്കുലർ' സ്കൂളുകളിലേക്ക് കൊണ്ടുപോകുന്നത് വിഭാഗീയത വളർത്തും. അത് ചട്ടവിരുദ്ധമാണ്. സർക്കാറിന്റെ ചട്ടം അനുസരിക്കുക, അച്ചടക്കം പാലിക്കുക എന്നിവ എല്ലാ വിദ്യാർഥികൾക്കും നിർബന്ധമാണ്. വിദ്യാഭ്യാസം നൽകുമ്പോൾ ഐക്യരൂപം അനിവാര്യമാണ്. അതിൽ പ്രധാനപ്പെട്ടതാണ് യൂണിഫോം. അത് കൂട്ടിച്ചേർക്കലോ കുറയ്ക്കലോ ഇല്ലാതെ ധരിക്കുക നിർബന്ധമാണ്. ചില കുട്ടികൾ വസ്ത്രത്തിനടിയിൽ പുറത്തേക്ക് കാണാത്ത വിധത്തിൽ രുദ്രാക്ഷമോ കുരിശോ ധരിക്കുന്നത് യൂണിഫോമിലുള്ള ഏറ്റക്കുറച്ചിലായി കാണാൻ കഴിയില്ല."

സർക്കാറോ വിവിധ മാനേജ്മെന്റ് സമിതികളോ നിശ്ചയിക്കുന്ന വസ്ത്രരൂപങ്ങളെ എങ്ങനെയാണ് സെക്കുലർ എന്ന് വിശേഷിപ്പിക്കാൻ സാധിക്കുക? സെക്കുലർ എന്നതിന് ഭരണഘടനയും രാഷ്ട്രവും ഒരു നിർവചനം നൽകിയിട്ടുണ്ട്. ഓരോ വ്യക്തിക്കും അയാളുടെ മതപരമായ സ്വത്വം വെളിവാക്കുന്നതിനോ അനുഷ്ഠിക്കുന്നതിനോ വിരോധമില്ലെന്നും രാഷ്ട്രത്തിന് അത്തരം കാര്യങ്ങളിൽ ഇടപെടാൻ അനുവാദമില്ലെന്നുമാണ് പ്രസ്തുത നിർവചനം. സ്കൂളുകൾക്ക് 'സെക്കുലർ' എന്ന് നാമകരണം നടത്തി അവിടങ്ങളിൽ മതപരമായ യാതൊന്നും അനുവദിക്കില്ലെന്ന് പറയുന്നത് ഇന്ത്യ സെക്കുലർ എന്ന ആശയത്തിന് നൽകിയിട്ടുള്ള വിശദീകരണങ്ങൾക്ക് വിരുദ്ധമാണ്.

ഇതര മതവിഭാഗങ്ങളിൽ പെട്ട വിദ്യാർഥികൾ രുദ്രാക്ഷമോ കുരിശോ അണിയുന്നത് വസ്ത്രത്തിനുള്ളിൽ മാത്രമാണ് എന്നത് ബാലിശമായ വാദമാണ്. കൈകളിലും കഴുത്തിലുമെല്ലാം ഇത്തരത്തിലുള്ള മതചിഹ്നങ്ങൾ സർവസാധാരണയാണ്. അതെല്ലാം അവരുടെ വിശ്വാസത്തിന്റെ ഭാഗമാണ്. അതൊന്നും സ്കൂൾ പരിസരങ്ങളിൽ പുറത്തേക്ക് കാണാൻ പാടില്ല എന്ന് പറയുന്നതും സെക്കുലർ എന്ന ആശയത്തിന് എതിരാണ്.

*(അടുത്ത ലക്കത്തിൽ:*
*മനഃസാക്ഷി-മതസ്വാതന്ത്ര്യവും 25ാം അനുച്ഛേദവും)*




# മക്കളുടെ മൊബൈൽ ഫോൺ ഉപയോഗം കുറക്കാൻ

**സലാം സുറുമ എടത്തനാട്ടുകര**
: 94473 64751

"കുട്ടികൾ മുഴുവൻ സമയവും ഫോണിലാ സാറേ, കണ്ണ് തെറ്റിയാൽ എടുത്ത് ഗെയിം കളിക്കും. അല്ലെങ്കിൽ റീൽസും കണ്ട് ഇരിക്കും. ഇവരെ എന്തു ചെയ്യും?" ക്ലാസ് പി.ടി.എ. യോഗത്തിൽ മകളെക്കുറിച്ചുള്ള ഒരു രക്ഷിതാവിന്റെ പരാതി.

"ഞാൻ പുറത്ത് പോകുമ്പോൾ ഫോൺ കൂടെ കൊണ്ടുപോകാറാണ് പതിവ്. വീട്ടിൽ വെച്ചാൽ യുട്യൂബിൽ കയറി അവർ എന്തൊക്കെയാണ് കാണുന്നതെന്ന് നമുക്ക് അറിയില്ലല്ലോ"-മറ്റൊരു രക്ഷിതാവ് കൂട്ടിച്ചേർത്തു. 'ഞാൻ ഇടക്കിടെ കുട്ടിയുടെ ഫോൺ ഉപയോഗം പരിശോധിക്കാറുണ്ട്. പക്ഷേ, നമുക്ക് അറിയാത്ത പലതും അവർക്ക് അറിയാം. ഗ്യാലറിയിലും മറ്റും അവർ രഹസ്യഫോൾഡർ ഉണ്ടാക്കും എന്ന് ഞാൻ എവിടെയോ വായിച്ചു. ആ രഹസ്യഗ്യാലറി കണ്ടുപിടിക്കാൻ കഴിയുമോ മാഷേ' എന്നത് ഒരു മാതാവിന്റെ ചോദ്യം.

'ക്ലാസ് ഗ്രൂപ്പ് നോക്കാനെന്ന പേരിൽ ഫോൺ കൈക്കലാക്കി കുട്ടികൾ മാത്രമുള്ള ഗ്രൂപ്പിൽ ചാറ്റ് ചെയ്യലാ എന്റെ കുട്ടിയുടെ സ്ഥിരം പരിപാടി. ആ ഗ്രൂപ്പിൽ അധ്യാപകരുടെ കുറ്റവും കുറവുകളുംവരെ അവർ ചർച്ച ചെയ്യുന്നുണ്ട്' എന്ന് വേറൊരു രക്ഷിതാവ്.

'മൊബൈൽ ഫോണും ഇന്റർനെറ്റും നമ്മുടെ ജീവിതത്തിൽനിന്നും പറിച്ചുമാറ്റാൻ കഴിയാത്തതായി മാറിയിരിക്കുന്നു' എന്നത് മറ്റൊരു രക്ഷിതാവിന്റെ നിഗമനം.

ചെറിയ കുട്ടികൾക്കുവരെ ഇൻസ്റ്റയിൽ അക്കൗണ്ടുണ്ട്. അവർ ആരോടൊക്കെയാ ചാറ്റ് ചെയ്യുന്നതെന്ന് ദൈവം തമ്പുരാന് മാത്രമെ അറിയൂ. മക്കളുടെ ഫോൺ ഉപയോഗം അതിരുവിടുന്നതു കൊണ്ട് കാഴ്ചക്കും അമിതമായ ഇയർ ഫോൺ ഉപയോഗം മൂലം കേൾവിക്കും തകരാറുകൾ വരുന്നുണ്ട്... രക്ഷിതാക്കളുടെ ആശങ്കകൾ പരന്നൊഴുകി. ഇതിനെല്ലാം പരിഹാരം നിർദേശിക്കൽ എന്റെ ഊഴമായിരുന്നു.

മൊബൈൽ ഫോൺ ഇല്ലാതിരുന്ന കാലത്ത്, കുട്ടികൾക്ക് സമയം ചെലവഴിക്കാൻ രക്ഷിതാക്കൾ കുറെ അവസരങ്ങൾ നൽകിയിരുന്നു. പാടത്തും പറമ്പിലും കളിച്ചും അയൽവാസികൾക്കൊപ്പം കൂട്ടുകൂടിയും അവർ സമയം പോക്കിയിരുന്നു. ഇന്ന് രക്ഷിതാക്കൾ പല കാരണങ്ങളാൽ മക്കളെ പുറത്തുവിടാൻ മടികാണിക്കുന്നു. അതുകൊണ്ട് അവർ വീട്ടിൽ തന്നെ ചടഞ്ഞ് കൂടിയിരിക്കുന്നു. അവർക്ക് സമയം ചെലവഴിക്കാനായി ടി.വി. കാണലോ ഗെയിം കളിക്കലോ ഫോൺ ഉപയോഗിക്കലോ മാത്രമാണുള്ളത്. സമീപത്തെ പുസ്തക ലൈബ്രറികളിൽ അംഗത്വമെടുത്ത് അവരെ പതുക്കെ വായനയുടെ ലോകത്തേക്ക് പിടിച്ചുയർത്താം. മക്കളുടെ പിന്തുണയോടെ വീട്ടിൽ അടുക്കളത്തോട്ടം, മട്ടുപ്പാവ് കൃഷി, പൂന്തോട്ടം, ചെടികളുടെയും ഫലവൃക്ഷങ്ങളുടെയും നേഴ്സറി, അലങ്കാര മൽസ്യം, പശു, ആട്, കോഴി, താറാവ് വളർത്തൽ തുടങ്ങിയവ ആരംഭിച്ചാൽ ഒരു പരിധിവരെ മക്കളുടെ മൊബൈൽ ഫോൺ ഉപയോഗത്തിന്റെ സമയം കുറക്കാനാകും. മക്കളിൽ ഉത്തരവാദിത്തബോധം വളർത്താനും ഇത്തരം പ്രവൃത്തികൾ ഏറെ സഹായകമാകും.

ഇതിൽനിന്നും ലഭിക്കുന്ന വരുമാനത്തിന്റെ വിഹിതം മക്കൾക്ക് നൽകി അവരിൽ താൽപര്യം വളർത്താം. പഠനത്തോടൊപ്പം വരുമാനം കണ്ടെത്താനും അവരുടെ ഭാവിജീവിതം ചിട്ടപ്പെടുത്താനും ഇത് അവർക്ക് ഏറെ സഹായകമാകും. ഇത്തരം സംരംഭങ്ങളുടെ എല്ലാവിധ കണക്കുകളും രേഖപ്പെടുത്താനും അവരെ ചുമതലപ്പെടുത്താം. കൂടാതെ കുടുംബ ബജറ്റ് തയ്യാറാക്കാനും വരവുചെലവ് കണക്കുകൾ രേഖപ്പെടുത്താനും മക്കളെ ഏൽപിക്കാം.

വീട്ടിൽ നടത്തുന്ന നിർമാണ പ്രവർത്തനങ്ങളിൽ അവരുടെ നിർദേശങ്ങൾ പരിഗണിക്കുകയും അവരെ അതിൽ പങ്കാളികളാക്കുകയും ചെയ്യാം. സ്കൂളിലെ കലാ കായിക, ശാസ്ത്ര, ഗണിത, ഐ.ടി, പ്രവൃത്തി പരിചയ മേളകളിൽ മക്കളെ പങ്കെടുപ്പിച്ചും ആയോധന കലകളായ കരാത്തെ, കുങ്ഫു പോലുള്ളവയിൽ പരിശീലനത്തിനയച്ചും അവരിലെ മൊബൈൽ ഫോൺ ഉപയോഗത്തിന്റെ സമയം കുറക്കാം. കായികശേഷിയും ബുദ്ധിശക്തിയും അതുവഴി വർധിക്കുകയും ചെയ്യും. ■



ലേഖനം

യഹൂദർ: ചരിത്രത്തിലും വേദഗ്രന്ഥങ്ങളിലും 05

# പൗരോഹിത്യത്തിന്റെ വേരുകൾ


**ഇ.യൂസുഫ് സാഹിബ് നദുവി ഓച്ചിറ**

: 9497385707


പുരോഹിതന്മാരുടെ കൈകടത്തലുകൾക്ക് വിധേയമായ യഹൂദമതാധ്യാപനങ്ങൾ മൂഢവിശ്വാസങ്ങളുടെ കേദാരം തന്നെയാണ്. മതനേതാക്കളുടെ കർമശാസ്ത്ര വിധികളും ഇതേവിധത്തിലായിരുന്നു. കടത്തിന്റെയും പലിശയുടെയും വിധികളിൽ ഇസ്രയേല്യരും അനിസ്രയേല്യരും തമ്മിൽ വ്യക്തമായ വിവേചനം നിലനിന്നിരുന്നതായി ബൈബിളിൽ കാണാം. തൽമൂദിൽ ഇപ്രകാരം കാണാവുന്നതാണ്: "അന്യജാതിക്കാരനോടു നിനക്കു മുട്ടിച്ചു പിരിക്കാം; എന്നാൽ നിന്റെ സഹോദരൻ തരുവാനുള്ളതു നീ ഇളെച്ചു കൊടുക്കേണം" (ആവർത്തനം 15:03). ഇവിടെ അന്യജാതിക്കാരൻ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് യഹൂദർ അല്ലാത്തവരെയാണ്.

ശവശരീരം യഹൂദർ ഭക്ഷിക്കരുതെന്നും, യഹൂദർ അല്ലാത്തവർക്ക് അത് ഭക്ഷിക്കാൻ കൊടുക്കാമെന്നും തൗറാത്തിൽ കൂട്ടിച്ചേർത്ത് ഇവർ വ്യക്തമായ വർണവിവേചനം സ്ഥാപിക്കാനും ശ്രമിക്കുന്നതായി കാണാം. "താനേ ചത്ത ഒന്നിനെയും തിന്നരുത്; അതു നിന്റെ പട്ടണങ്ങളിലുള്ള പരദേശിക്കു തിന്മാൻ കൊടുക്കാം: അല്ലെങ്കിൽ അന്യജാതിക്കാരന്നു വിൽക്കാം; നിന്റെ ദൈവമായ യഹോവെക്കു നീ വിശുദ്ധജനമല്ലോ" (ആവർത്തനം 14:21).

പരദേശിക്കും സ്വദേശിക്കും ഒരേ പ്രമാണങ്ങൾ തന്നെയാണെ

**തങ്ങളുടെ ആമാശയ പൂരണത്തിനുതകുന്ന രീതിയിൽ ദൈവിക ഗ്രന്ഥത്തിന്റെ അർഥം മാറ്റിമറിക്കുക, വാക്കുകൾ വളച്ചൊടിച്ച് ദുരർഥം കണ്ടുപിടിക്കുക, ദുർവ്യാഖ്യാനങ്ങൾ നൽകുക തുടങ്ങിയ ദുസ്സ്വഭാവങ്ങൾ പ്രസ്തുത യഹൂദ സമുദായക്കാർ പിന്തുടർന്നുവന്നിരുന്നു. ഗ്രന്ഥം പാരായണം ചെയ്യുന്ന സമയങ്ങളിൽ തങ്ങളുടെ താൽപര്യങ്ങൾക്കും സ്വയംകൃത വിശ്വാസാദർശങ്ങൾക്കും വിരുദ്ധമായി വരുന്ന വചനങ്ങളെ വികൃതമായി ഉച്ചരിക്കുന്ന സ്വഭാവക്കാരായിരുന്നു അവർ.**

ന്ന് ഇടക്കിടെ തൗറാത്തിൽ കാണാമെങ്കിലും സിവിൽ-ക്രിമിനൽ നിയമങ്ങളുടെ പ്രായോഗികതയിൽ ഇതിൽനിന്നും തികച്ചും വിരുദ്ധമായ തത്ത്വങ്ങളാണ് ബൈബിളിൽ പഴയനിയമത്തിൽ വ്യാപകമായി കാണാനാകുന്നത്. പലിശയുടെ വിഷയത്തിൽപോലും ഇത്തരം വിവേചനം വ്യക്തമാണ്. "അന്യനോടു പലിശ വാങ്ങാം; എന്നാൽ നീ കൈവശമാക്കുവാൻ ചെല്ലുന്ന ദേശത്തു നീ തൊടുന്നതിലൊക്കെയും നിന്റെ ദൈവമായ യഹോവ നിന്നെ അനുഗ്രഹിക്കേണ്ടതിന്നു സഹോദരനോടു പലിശ വാങ്ങരുത്" (ആവർത്തനം 23:20).

കളഞ്ഞുകിട്ടിയ സാധനത്തിന്റെ വിഷയത്തിൽ പോലും യഹൂദരും അല്ലാത്തവരും തമ്മിലുള്ള പരസ്യമായ വിവേചനം തൽമൂദിൽ വ്യക്തമായി എഴുതിച്ചേർത്തിട്ടുണ്ട്: "ഇസ്രയേല്യന്റെ കാള അനിസ്രയേല്യന്റെ കാളയെ പരിക്കേൽപിക്കുന്നപക്ഷം അതിന് പിഴയില്ല. ഒരാൾക്ക് വല്ല സ്ഥാനത്തുനിന്നും ഒരു സാധനം വീണുകിട്ടിയാൽ പരിസരവാസികൾ ആരാണെന്ന് നോക്കേണ്ടതാണ്. ഇസ്രയേല്യരാണെങ്കിൽ വീണുകിട്ടിയത് വിളംബരപ്പെടുത്തേണ്ടതുണ്ട്. ഇസ്രയേല്യരല്ലെങ്കിൽ വിളംബരം ചെയ്യാതെ സാധനം എടുത്തുവക്കേണ്ടതാണ്..."

രിബ്ബി ഇശ്മായേൽ പറയുന്നു: "ഇസ്രയേല്യനും അനിസ്രയേല്യനും തമ്മിലുള്ള കേസ് ന്യായാധിപന്റെ മുമ്പിൽ വന്നാൽ ന്യായാധിപന് ഇസ്രയേലി നിയമപ്രകാരം തന്റെ മതസഹോദരനെ ജയിപ്പിക്കുവാൻ സാധിക്കുകയാണെങ്കിൽ അങ്ങനെ ജയിപ്പിക്കേണ്ടതും ഞങ്ങളുടെ നിയമം ഇതാണെന്ന് പറയേണ്ടതുമാകുന്നു. അനിസ്രയേല്യരുടെ നിയമപ്രകാരമാണ് ജയിപ്പിക്കാവുന്നതെങ്കിൽ അപ്രകാരം ജയിപ്പിക്കേണ്ടതും ഇത് നിങ്ങളുടെ നിയമമാണെന്ന് പറയേണ്ടതുമാണ്. ഇനി രണ്ടുനിയമവും അനുകൂലമല്ലെങ്കിൽ എന്തു തന്ത്രം പ്രയോഗിച്ചാണോ ഇസ്രയേല്യനെ ജയിപ്പിക്കാൻ സാധിക്കുക അത് പ്രയോഗിക്കേണ്ടതാണ്. അനിസ്രയേല്യന്റെ എല്ലാ പിശകും അബദ്ധവും പ്രയോജനപ്പെടുത്തേണ്ടതാണ്..." (Talmudic Miscellany Paul Isa'ac Hershon, London 1880, Page 37, 210, 221).

യഹൂദസമൂഹം പുലർത്തിവന്നിരുന്ന വ്യക്തമായ നീതിനിഷേധത്തിനും ശക്തമായ വംശീയതക്കും ഈ ഉദ്ധരണികൾ തെളിവാണ്. ഇത് സംബന്ധമായി ഖുർആനിൽ



ഇങ്ങനെ കാണാം: "ഒരു സ്വർണ ക്കൂമ്പാരം തന്നെ വിശ്വസിച്ചേൽപി ച്ചാലും അത് നിനക്ക് തിരിച്ചുനൽ കുന്ന ചിലർ വേദക്കാരിലുണ്ട്. അവരിൽ തന്നെ മറ്റൊരു തരക്കാ രുമുണ്ട്. അവരെ ഒരു ദീനാർ നീ വിശ്വസിച്ചേൽപിച്ചാൽ പോലും നിരന്തരം (ചോദിച്ചുകൊണ്ട്) നി ന്നെങ്കിലല്ലാതെ അവരത് നിനക്ക് തിരിച്ചുതരികയില്ല. അക്ഷരജ്ഞാ നമില്ലാത്ത ആളുകളുടെ കാര്യ ത്തിൽ (അവരെ വഞ്ചിക്കുന്നതിൽ) ഞങ്ങൾക്ക് കുറ്റമുണ്ടാകാൻ വഴി യില്ലെന്ന് അവർ പറഞ്ഞതിനാ ലത്രെ അത്. അവർ അല്ലാഹുവി ന്റെ പേരിൽ അറിഞ്ഞു കൊണ്ട് കള്ളം പറയുകയാകുന്നു" (ആലു ഇംറാൻ 75).

തങ്ങളുടെ ആമാശയ പൂരണ ത്തിനുതകുന്ന രീതിയിൽ ദൈവിക ഗ്രന്ഥത്തിന്റെ അർഥം മാറ്റിമറി ക്കുക, വാക്കുകൾ വളച്ചൊടിച്ച് ദുർഥം കണ്ടുപിടിക്കുക, ദുർവ്യാ ഖ്യാനങ്ങൾ നൽകുക തുടങ്ങിയ ദുസ്സ്വഭാവങ്ങൾ പ്രസ്തുത യഹൂദ സമുദായക്കാർ പിന്തുടർന്നുവന്നി രുന്നു. ഗ്രന്ഥം പാരായണം ചെ യ്യുന്ന സമയങ്ങളിൽ തങ്ങളുടെ താൽപര്യങ്ങൾക്കും സ്വയംകൃത വിശ്വാസാദർശങ്ങൾക്കും വിരുദ്ധ മായി വരുന്ന വചനങ്ങളെ വികൃത മായി ഉച്ചരിക്കുന്ന സ്വഭാവക്കാരാ യിരുന്നു അവർ.

അല്ലാഹു ഇപ്രകാരം ഓർമപ്പെ ടുത്തുന്നു: "വേദഗ്രന്ഥത്തിലെ വാ ചകശൈലികൾ വളച്ചൊടിക്കുന്ന ചിലരും അവരുടെ കൂട്ടത്തിലുണ്ട്. അത് വേദഗ്രന്ഥത്തിൽ പെട്ടതാ ണെന്ന് നിങ്ങൾ ധരിക്കുവാൻ വേ ണ്ടിയാണത്. അത് വേദഗ്രന്ഥത്തി ലുള്ളതല്ല. അവർ പറയും; അത് അല്ലാഹുവിന്റെ പക്കൽനിന്നുള്ള താണെന്ന്. എന്നാൽ അത് അല്ലാ ഹുവിങ്കൽനിന്നുള്ളതല്ല. അവർ അറിഞ്ഞുകൊണ്ട് അല്ലാഹുവി ന്റെ പേരിൽ കള്ളം പറയുകയാ ണ്" (ആലു ഇംറാൻ 78).

ഇന്ന് നമ്മുടെ സമുദായത്തിനി ടയിലുള്ള പുരോഹിതന്മാർ പയറ്റു ന്ന തന്ത്രങ്ങളും അന്നത്തെ യഹൂദ

**മതപരവും ആത്മീയവുമായ മാർഗദർശനം എന്നും തങ്ങളുടെ മാത്രം ജന്മാവകാശമാണെന്നാണ് അവർ കരുതിയിരുന്നത്. തങ്ങൾക്കെന്തോ പവിത്രതയും വിശുദ്ധിയുമുള്ളതുകൊണ്ട് സർവരാലും ആദരിക്കപ്പെടണമെന്ന ആഗ്രഹം അവരിൽ അടിയുറച്ചിരുന്നു. തങ്ങൾക്കുണ്ടെന്ന് കരുതപ്പെടുന്ന ആത്മീയ വിശുദ്ധി തലമുറകളിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നതാണെന്ന വിശ്വാസം ജനങ്ങളിൽ ഊട്ടിയുറപ്പിക്കുകയും ചെയ്തു. ദുർബലഹൃദയരായ ജനങ്ങളെ തങ്ങളുടെ സാമ്പത്തിക നേട്ടത്തിനും മാനസികവും വൈകാരികവുമായ അഭിലാഷങ്ങളുടെ പൂർത്തീകരണത്തിനും അവർ ഉപയോഗപ്പെടുത്തി. അങ്ങനെ സൃഷ്ടിക്കും സ്രഷ്ടാവിനുമിടയിൽ മധ്യവർത്തി ചമഞ്ഞുകൊണ്ട് അനാശാസ്യമായതിനെ ആശാസ്യമാക്കിയും ആശാസ്യമായതിനെ അനാശാസ്യമാക്കിയും സ്വാഭീഷ്ട പ്രകാരം മതനിയമങ്ങൾ ആവിഷ്കരിച്ചെടുക്കുകയും ചെയ്തു.**

തന്ത്രമന്ത്രങ്ങളും തമ്മിലുള്ള അന്തരം തുലോം കുറവാണെന്ന് നിരീ ക്ഷകർക്ക് വ്യക്തമാകും.

മതപരവും ആത്മീയവുമായ മേധാവിത്വം പതിച്ചെടുക്കാനും അധി കാരകേന്ദ്രം തങ്ങളിലേക്ക് തിരിച്ചുകൊണ്ട് ജനശ്രദ്ധ ആകർഷിക്കാനു മുള്ള വികലശ്രമങ്ങൾ എന്നും യഹൂദസമൂഹം നടത്തിയിട്ടുണ്ട്. മത പരവും ആത്മീയവുമായ മാർഗദർശനം എന്നും തങ്ങളുടെ മാത്രം ജന്മാവകാശമാണെന്നാണ് അവർ കരുതിയിരുന്നത്. തങ്ങൾക്കെന്തോ പവിത്രതയും വിശുദ്ധിയുമുള്ളതുകൊണ്ട് സർവരാലും ആദരിക്കപ്പെട ണമെന്ന ആഗ്രഹം അവരിൽ അടിയുറച്ചിരുന്നു. തങ്ങൾക്കുണ്ടെന്ന് കരു തപ്പെടുന്ന ആത്മീയ വിശുദ്ധി തലമുറകളിലേക്ക് കൈമാറ്റം ചെയ്യപ്പെ ടുന്നതാണെന്ന വിശ്വാസം ജനങ്ങളിൽ ഊട്ടിയുറപ്പിക്കുകയും ചെയ്തു. ദുർബലഹൃദയരായ ജനങ്ങളെ തങ്ങളുടെ സാമ്പത്തിക നേട്ടത്തിനും മാനസികവും വൈകാരികവുമായ അഭിലാഷങ്ങളുടെ പൂർത്തീകരണ ത്തിനും അവർ ഉപയോഗപ്പെടുത്തി. അങ്ങനെ സൃഷ്ടിക്കും സ്രഷ്ടാവിനു മിടയിൽ മധ്യവർത്തി ചമഞ്ഞുകൊണ്ട് അനാശാസ്യമായതിനെ ആശാ സ്യമാക്കിയും ആശാസ്യമായതിനെ അനാശാസ്യമാക്കിയും സ്വാഭീഷ്ട പ്രകാരം മതനിയമങ്ങൾ ആവിഷ്കരിച്ചെടുക്കുകയും ചെയ്തു. പുരോഹി തന്മാർ എന്നാണ് ഇവർ അറിയപ്പെടുന്നത്.

**ബുതുറുസ് ബുസ്താനിയുടെ നിഗമനം**

ക്രിസ്ത്യൻ ബുദ്ധിജീവിയും ഗവേഷകനും നിരവധി ഗ്രന്ഥങ്ങളുടെ രച യിതാവുമായ ലബനോനി പണ്ഡിതൻ ബുതുറുസ് ബുസ്താനി (1819-1883) എഴുതുന്നു: "ക്രിസ്ത്യാനികൾക്കിടയിൽ മതസേവകർക്കാണ് പുരോഹി തർ എന്ന പേര് പൊതുവെ ഉപയോഗിക്കുന്നത്. അവരുടെ ഈ അപര നാമം അവർ ദൈവത്തിന്റെ ഭാഗമോ അവന്റെ അനന്തരാവകാശികളോ ആണെന്ന ആശയത്തെ ധ്വനിപ്പിക്കുന്നുണ്ട്. മൂസയുടെ ദിവ്യവെളിപാ ടിൽ സബ്ത്ലാദിയെ 'റബ്ബിന്റെ പൊതുസ്വത്ത്' എന്ന് പറയപ്പെട്ടതുപോ ലെ പൗരാണിക ഈജിപ്തിലും എബ്രായേരിലും ഒരു വിഭാഗം ആരാധ നാനുഷ്ഠാനങ്ങൾ ചെയ്യാനായി നിശ്ചയിക്കപ്പെട്ടിരുന്നു. ചർച്ചുകളിൽ തുടക്കത്തിലേ ചില മേൽനോട്ടക്കാരുണ്ടായിരുന്നു. ചർച്ചിനു ലഭിച്ചി രുന്ന സമ്പത്തുകൾ ഈ പാതിരിമാരുടെ കൈകളിലേക്കാണ് പോയി രുന്നത്. ഈ ആളുകൾ കേവലം മതസേവകരോ ആത്മീയനേതാക്ക ളോ മാത്രമായിരുന്നില്ല. അക്കാലത്തെ സകല വിജ്ഞാനത്തിന്റെയും ബുദ്ധിയുടെയും അച്ചുതണ്ടായിട്ടാണ് അവർ മനസ്സിലാക്കപ്പെട്ടിരുന്ന ത്. റോമാ സാമ്രാജ്യത്തിൽ ഈ പുരോഹിതവർഗം നികുതിബാധ്യത

കളിൽനിന്നും ഒഴിവാക്കപ്പെട്ടിരുന്നു. ജനക്ഷേമകരമായ വല്ലതും ചെയ്യാൻ അവരോട് ആവശ്യപ്പെട്ടാൽ അവർ ഒഴിഞ്ഞുമാറും. തങ്ങളുടെ വൃത്തത്തിനകത്തും പുറത്തും സാധാരണക്കാരനുമേൽ ഒരുതരം അവകാശം അവർക്ക് ലഭ്യമായിരുന്നു...''

ദൈവദത്തമായ അധികാരം കയ്യാളാനായി മാത്രം സൃഷ്ടിക്കപ്പെട്ട ഈ പുരോഹിതർ ഭൂമിയിൽ ദൈവത്തിന്റെ നിഴലുകളായി മനസ്സിലാക്കപ്പെട്ടു. ദാരിദ്ര്യവും പട്ടിണിയും കാരണം സാധാരണക്കാർ കണ്ണുകളെ ഈറനണിയിക്കുന്ന ദുരന്തത്തിൽ ജീവിക്കുമ്പോഴും പുരോഹിതന്മാർ തങ്ങളുടെ സുഖഭോഗങ്ങൾ സംരക്ഷിക്കുന്നതിന് പുതിയ നികുതികളും ചട്ടങ്ങളും അവരിൽ അടിച്ചേൽപിക്കുകയായിരുന്നു. ദൈവത്തിലും പരലോകത്തിലും വിശ്വാസമുണ്ടെന്ന് ഗീർവാണം മുഴക്കിയിരുന്ന യഹൂദർ യഥാർഥത്തിൽ ദൈവികതയെ നിഷേധിച്ചമാതിരിയായിരുന്നു. ദൈവവിശ്വാസികൾ എന്ന് ഒരിക്കലും വിശേഷിപ്പിക്കാനാവാത്ത പ്രവർത്തനങ്ങളുടെ അപ്പോസ്തലന്മാരായിരുന്നു അവർ. ഈ അവസ്ഥ കേവലം യഹൂദ സമൂഹത്തിന്റെ മാത്രം ദുർഗതിയാണെന്ന് ധരിക്കേണ്ടതില്ല. പൗരോഹിത്യത്തിനാൽ നയിക്കപ്പെടുന്ന ജാതി, വർഗ, വർണ ഭേദമന്യെ എല്ലാ സമൂഹത്തിലും ഇന്ന് ഇത്തരം ദുരന്തങ്ങൾ വ്യാപകമാണ്.

**തൗറാത്ത് ക്രോഡീകരിച്ച ഉസൈർ**

യഹൂദന്മാർ മതപരിഷ്‌കർത്താവായി ഗണിക്കുന്ന യെസ്രാ (Ezra) ആണ് ഉസൈർ. ക്രിസ്തുവിനു മുമ്പ് ഏകദേശം 450ാം ആണ്ടോടടുത്താണ് അദ്ദേഹത്തിന്റെ കാലഘട്ടമെന്ന് കരുതപ്പെടുന്നു. ഇസ്രയേലി നിവേദനങ്ങൾ പ്രകാരം സുലൈമാൻ നബി(അ)ക്കുശേഷം അവർ നേരിട്ട പരീക്ഷണത്തിൽ തൗറാത്ത് ലോകത്തുനിന്നും തിരോധാനം ചെയ്യപ്പെട്ടുവെന്ന് മാത്രമല്ല, ബാബിലോണിയൺ ബന്ധം ഇസ്രയേൽ വംശത്തെ അവരുടെ നിയമസംഹിതകളിൽനിന്നും പാരമ്പര്യങ്ങളിൽനിന്നും സാമുദായിക ഭാഷയായ ഹിബ്രുവിൽനിന്നുപോലും വേർപെടുത്തിക്കളഞ്ഞു. അവസാനം ബൈബിൾ പഴയനിയമം ക്രോഡീകരിച്ചതും സമൂഹത്തെ പുനരുദ്ധരിച്ചതും ഉസൈർ അഥവാ യെസ്രാ ആണ്. അക്കാരണത്താൽ അദ്ദേഹത്തെ അത്യധികം ബഹുമാനിക്കുക മാത്രമല്ല, ബഹുമാനാദരം അതിരുകവിഞ്ഞ് ചില യഹൂദവിഭാഗങ്ങൾ അദ്ദേഹത്തെ ദൈവപുത്രനാക്കുകയും ചെയ്തു. ദൈവത്തെ സംബന്ധിച്ച യഹൂദസങ്കൽപം ദുഷിച്ച് ദുഷിച്ച് ഒടുവിൽ ഉസൈറിനെ ദൈവപുത്രനാക്കിയ ഒരുവിഭാഗം അവരിലുണ്ടെന്ന് ക്വുർആൻ വ്യക്തമാക്കുന്നു: ''ഉസൈർ (എസ്രാ പ്രവാചകൻ) ദൈവപുത്രനാണെന്ന് യഹൂദൻമാർ പറഞ്ഞു. മസീഹ് (മിശിഹാ) ദൈവപുത്രനാണെന്ന് ക്രിസ്ത്യാനികളും പറഞ്ഞു...''(അത്തൗബ 30).

യഹൂദ പുരോഹിതവർശം അന്യായമായ വഴിക്ക് ജനങ്ങളുടെ സമ്പത്ത് ഭുജിക്കുകയും സ്രഷ്ടാവിന്റെമാർഗത്തിൽനിന്നും ജനങ്ങളെ തട്ടിത്തിരിക്കുകയും ചെയ്തുവരുന്നതായി ക്വുർആൻ പറയുന്നുണ്ട്. അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കാതെ കെട്ടിപ്പൂട്ടിവെക്കുന്ന ഈ ധനംതന്നെ നരകത്തിലവർക്ക് ശിക്ഷയായി ഭവിക്കുമെന്നും ക്വുർആൻ ബോധിപ്പിക്കുന്നു. വേദക്കാരിലെ ഈ മ്ലേച്ഛ സ്വഭാവം വിശ്വാസികൾക്ക് ഉണ്ടായിക്കൂടായെന്നും ഉണ്ടാകുന്നപക്ഷം ഇതേ ശിക്ഷകൾക്ക് അവരും പാത്രീഭൂതരാകുമെന്ന താക്കീതാണിത്. ജനഹിതമനുസരിച്ച് മതവിധി (ഫത്‌വ) നൽകുക, ഇഷ്ടാനുസരണം നീക്കുപോക്കുകൾ സ്വീകരിച്ച് ജനങ്ങളിൽനിന്ന് കൈക്കൂലിയും കോഴയും കിഴിയും സമ്പാദിക്കുക, സൂത്രമാർഗങ്ങളിലൂടെ പലിശവാങ്ങുക, ക്വബ്ർ/പുണ്യവാളന്മാരുടെ പേരിൽ നേർച്ചയും വഴിപാടും സ്വീകരിക്കുക തുടങ്ങിയവയെല്ലാം ഈ ചൂഷണത്തിന്റെ വിവിധ വശങ്ങളാണ്.

ഒന്നുകൂടി വ്യക്തമാക്കിയാൽ, മതപണ്ഡിതൻ തന്റെ പാണ്ഡിത്യത്തിന്റെയും മതപുരോഹിതൻ തന്റെ പൗരോഹിത്യത്തിന്റെയും മറ

**യഹൂദ പുരോഹിതവർശം അന്യായമായ വഴിക്ക് ജനങ്ങളുടെ സമ്പത്ത് ഭുജിക്കുകയും സ്രഷ്ടാവിന്റെ മാർഗത്തിൽനിന്നും ജനങ്ങളെ തട്ടിത്തിരിക്കുകയും ചെയ്തു വരുന്നതായി ക്വുർആൻ പറയുന്നുണ്ട്. അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കാതെ കെട്ടിപ്പൂട്ടിവെക്കുന്ന ഈ ധനംതന്നെ നരകത്തിലവർക്ക് ശിക്ഷയായി ഭവിക്കുമെന്നും ക്വുർആൻ ബോധിപ്പിക്കുന്നു.**

പിടിച്ചുകൊണ്ട് ജനങ്ങളുടെ ധനം ചൂഷണം ചെയ്യുന്ന എല്ലാ തന്ത്രങ്ങളും ഈ ഗണത്തിൽ പെടുന്നു. ജനങ്ങളെ സത്യം ഗ്രഹിക്കുന്നതിൽനിന്നും വിദൂരത്താക്കി നേർമാർഗത്തിൽനിന്നും അകറ്റി നിർത്തുക എന്നതാണ് ഇതിന്റെ ലക്ഷ്യം. സുഖദുഃഖ സന്ദർഭങ്ങളെ ഉദരപൂരണത്തിനുള്ള അവസരമായി കരുതുന്നവരും ജനങ്ങളുടെ ഭാഗ്യനിർഭാഗ്യങ്ങൾ തീരുമാനിക്കുന്നവരും ജനങ്ങളെ ദുർമാർഗത്തിൽ തളച്ചിടാൻ ശ്രമിക്കുന്നവരും യഥാർഥ യഹൂദികളുടെ അനുയായികളാണെന്ന് ഈ സൂക്തത്തിൽനിന്നും ഗ്രഹിക്കാം.

ക്വുർആൻ പറയുന്നു: ''സത്യവിശ്വാസികളേ, പണ്ഡിതൻമാരിലും പുരോഹിതൻമാരിലുംപെട്ട ധാരാളം പേർ ജനങ്ങളുടെ ധനം അന്യായമായി തിന്നുകയും, അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് (അവരെ) തടയുകയും ചെയ്യുന്നു. സ്വർണവും വെള്ളിയും നിക്ഷേപമാക്കിവെക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽ അത് ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നവരാരോ അവർക്ക് വേദനയേറിയ ശിക്ഷയെപ്പറ്റി സന്തോഷവാർത്ത അറിയിക്കുക'' (അത്തൗബ 34).



# ഭൂമിയിൽ ജൂതരാഷ്ട്രം സ്ഥാപിതമാകില്ലെന്ന് ഖാദിയാനി 'നബി'യുടെ പ്രവചനം!

ഖാദിയാനി വേദപുസ്തകം 'തദ്കിറ'യിലൂടെ ഒരു യാത്ര 40

**പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ**
: 9447 701 741

ലോകാവസാനംവരെ ഭൂമുഖത്ത് ജൂതരാഷ്ട്രം സ്ഥാപിക്കപ്പെടുകയില്ലെന്നും യഹൂദർ എന്നും മറ്റു രാജാക്കന്മാരുടെ ഭരണത്തിൻ കീഴിലായിരിക്കുമെന്നും മിർസാ ഗുലാം അഹ്മദ് ഖാദിയാനി 'ഹമാമത്തുൽ ബുഷ്റ' എന്ന ഗ്രന്ഥത്തിൽ ഒരു പ്രവചനമായി എഴുതിവെച്ചിട്ടുണ്ട്.

"ദജ്ജാൽ യഹൂദരിൽനിന്നായിരിക്കുമെന്ന ചില പണ്ഡിതന്മാരുടെ വചനം ആദ്യം പറഞ്ഞതിനെക്കാൾ അതിശയകരമാണ്. അവരുടെ മേൽ അപമാനവും ദൈന്യതയും അടിച്ചേൽപിച്ചിരിക്കുന്നു എന്ന ഒരു വാക്യം അവർ ഖുർആനിൽ വായിക്കുന്നില്ലേ? ഉയിർത്തെഴുന്നേൽപിന്റെ നാൾവരെ അല്ലാഹു അവരുടെമേൽ ചുമത്തിയിരിക്കുന്നതെല്ലാം അപമാനകരമായിരിക്കും. യഹൂദന്മാർ എപ്പോഴും മറ്റു രാജാക്കന്മാരുടെ ഭരണത്തിൻ കീഴിലായിരിക്കുമെന്ന് അവൻ തന്റെ സമ്പൂർണവും കൃത്യവുമായ ഗ്രന്ഥത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. അവർ അഹങ്കാരികളും അടിച്ചമർത്തപ്പെട്ടവരുമാണ്. അവർക്ക് ഒരു രാജ്യം ഉണ്ടാകില്ല. ദജ്ജാൽ അവരിൽനിന്ന് ഉയർന്നുവന്ന് ഭൂമി മുഴുവൻ കൈവശമാക്കുമോ? ദൈവത്തിന്റെ വചനങ്ങൾ സത്യവും മാറ്റമില്ലാത്തതുമാണ്. പക്ഷേ, ആളുകൾക്ക് ഹദീസുകളുടെ അർഥം അറിയില്ല, അല്ലെങ്കിൽ അവ മനസ്സിലാക്കാൻ അവർക്ക് താൽപര്യമുണ്ടായിരുന്നില്ല. ദൈവം തന്റെ ദാസൻമാരിൽനിന്ന് ഇഷ്ടമുള്ളവർക്ക് അനുഗ്രഹം നൽകുന്നു" (പേജ് 16).

1893ലെ ലോകസാഹചര്യത്തിൽ ലോകത്ത് ജൂതരാഷ്ട്രം സ്ഥാപിതമാവാനുള്ള സാധ്യത ഊഹിക്കാൻ പറ്റുമായിരുന്നില്ല. 'അല്ലാഹു'വിൽ നിന്ന് ലഭിച്ച അറിവ് അനുസരിച്ചാണത്രെ ഇങ്ങനെ ഒരു പ്രവചനം നടത്താൻ അദ്ദേഹം മുതിർന്നത്. അദ്ദേഹത്തിന്റെ മരണശേഷം നാലു പതിറ്റാണ്ടുകൾ പിന്നിടുമ്പോൾ ജൂതരാഷ്ട്രം യാഥാർഥ്യമാവുകയും പ്രവാചകത്വവാദം വ്യാജമാണെന്ന് തെളിയുകയും ചെയ്തു.

ദജ്ജാലിന്റെ നേതൃത്വത്തിൽ ജൂത സൈന്യവുമായി ഈസാ (അ)യും മുസ്‌ലിം സൈന്യവും യുദ്ധം നടത്തുകയും ബാബു ലുദ്ദിൽവെച്ച് ദജ്ജാലിനെ വധിക്കുകയും ചെയ്യുമെന്ന് സ്വഹീഹായ ഹദീസുകളിലൂടെ നബി(സ്വ) പഠിപ്പിക്കുന്നു. ഇസ്രായേൽ തലസ്ഥാനമായ ടെൽ അവീവിനടുത്ത് ലിധിയ (ലുദ്ദിന്റെ ഹിബ്രു രൂപം) എന്ന സ്ഥലത്താണ് ബെൻഗൂരിയൻ എയർപോർട്ട് സ്ഥിതി ചെയ്യുന്നത്. സ്വാഭാവികമായും എയർപോർട്ടിലൂടെ രക്ഷപ്പെടാനുള്ള ശ്രമത്തിനിടെ ദജ്ജാൽ വധിക്കപ്പെടും എന്ന് മനസ്സിലാക്കാവുന്നതേയുള്ളൂ. ഈസാ നബിയുടെ കപടവേഷവുമായി വന്ന മിർസാ ഖാദിയാനി ആരാണ് ദജ്ജാൽ എന്നുപോലും മനസ്സിലാക്കാനാകാതെ, ചിലപ്പോൾ ക്രിസ്ത്യൻ പാതിരിമാരും മറ്റു ചിലപ്പോൾ മുസ്‌ലിം പണ്ഡിതന്മാരും ആണെന്ന് വിവക്ഷിക്കുകയും അവരെ 'സംവാദങ്ങളുടെ കവാടം' എന്ന ബാബു ലുദ്ദിൽ വച്ച് തോൽപിക്കുകയും ചെയ്തു എന്നാണ് അവകാശവാദം! ദജ്ജാലിന്റെ 70 മുഴം നീളമുള്ള കഴുതകൊണ്ടുദ്ദേശിക്കുന്നത് തീവണ്ടിയാണെന്നും അദ്ദേഹം സ്വന്തം ചിന്തയനുസരിച്ച് വിശദീകരിച്ചിട്ടുണ്ട്.

ആകാശയാത്ര പുരാണങ്ങളിലും സ്വപ്നങ്ങളിലും മാത്രം ഒതുങ്ങിയിരുന്ന 19ാം നൂറ്റാണ്ടിന്റെ അവസാനം, 1891ൽ രചിച്ച 'ഇസാലയേ ഔഹാം' എന്ന ഗ്രന്ഥത്തിൽ മനുഷ്യന് തന്റെ മണ്ണിന്റെ ശരീരവും പേറി ചന്ദ്രനിലോ സൂര്യനിലോ പോകാൻ സാധിക്കില്ലെന്ന് എഴുതിവച്ചിരുന്നു. 1906ൽ വിമാനം കണ്ടുപിടിക്കപ്പെടുകയും തുടർന്ന് ബഹിരാകാശത്തേക്കുള്ള മനുഷ്യന്റെ കുതിപ്പ് റോക്കറ്റിന്റെ വേഗതയിൽ മുന്നേറുകയും ചെയ്തു. 1969ൽ അവൻ ചന്ദ്രനിൽ കാലു കുത്തി. ഇപ്പോൾ വർഷങ്ങളോളം മനുഷ്യൻ ബഹിരാകാശത്ത് വസിക്കുന്നു!

തനിക്ക് നിരന്തരമായി വഹ്‌യ് ലഭിക്കുന്നു എന്നവകാശപ്പെടുന്ന ഖാദിയാനി പ്രവാചകൻ എന്ത് എഴുതിയാലും അബദ്ധവും തന്റെ പ്രവാചകത്വവാദത്തിന് തടസ്സവുമായി മാറുന്നു എന്നതാണ് ഖാദിയാനി പ്രസ്ഥാനത്തിന്റെ ദുരന്തം.

### യഥാർഥ മസീഹിന്റെ സദൃശനോ?

തന്റെ എല്ലാ പ്രാർഥനകളും അല്ലാഹു സ്വീകരിക്കുമെന്നും ഉദ്ദേശിച്ചതൊക്കെ അവൻ നിവർത്തിച്ചു തരുമെന്നുമാണ് ഖാദിയാനി പ്രവാചകനായ മിർസാ ഗുലാം അഹ്‌മദിന്റെ അവകാശവാദം.

1887ൽ അറബിയിലും ഉർദുവിലും അവതരിച്ചതായി അവകാശപ്പെടുന്ന ഒരു 'വഹ്‌യ്' 'തദ്കിറ'യിൽ വായിക്കാം: "ഞാൻ നിന്റെ എല്ലാ പ്രാർഥനകളും സ്വീകരിക്കും; നിന്റെ പങ്കാളികളുടേത് ഒഴികെ" (പേജ് 21).

ഈ വാഗ്ദാനപ്രകാരം പലതവണ തന്റെയും തന്നെ വിശ്വസിച്ചവരുടെയും ഒരുവേള, ശത്രുക്കളുടെയും മാരകമായ രോഗങ്ങൾ ഉടനെ സുഖപ്പെട്ടു എന്നതാണ് സമാഹാരത്തിലെ നിരവധി 'വഹ്‌യുകളുടെ' ഇതിവൃത്തം. യഥാർഥ മസീഹായ ഈസാ നബി(അ)യുടെ പ്രധാനപ്പെട്ട ഒരു മുഅ്ജിസത്തായിരുന്നുവല്ലോ രോഗികളെ സുഖപ്പെടുത്തൽ.

### ഇൽഹാമിയോപ്പതി

മൂന്ന് പേജുകളിലായി വിശദമായി രേഖപ്പെടുത്തിയ ഒരു 'അമാനുഷികത'യുടെ ചുരുക്കം ഇങ്ങനെ: "മലദ്വാരത്തിലൂടെ രക്തം പോകുന്ന അസുഖംമൂലം ഞാൻ ആകെ പരിക്ഷീണിതനായി. കക്കൂസിൽ ഇരിക്കുമ്പോൾ രക്തം ചീറ്റിയൊഴുകി. എന്നെ കാണാൻ വന്ന ചിലർ ഇതേ അസുഖം മൂലം മരണപ്പെട്ട ചിലരെപ്പറ്റി പറഞ്ഞതോടെ എന്റെ ആധി ഇരട്ടിച്ചു. ചിലർ ചുമരിനു പിന്നിൽനിന്ന് കരയാനും യാസീൻ ഓതാനും തുടങ്ങി. ഇതേ രോഗം ബാധിച്ച ഒരാൾ എട്ടാംദിവസം മരിച്ചതോടെ പലരും കരുതി ഇന്ന് സന്ധ്യയോടെ സംഗതി അവസാനിക്കുമെന്ന്."

"പതിനാറ് ദിവസം കഴിഞ്ഞപ്പോൾ എനിക്ക് ഇൽഹാമിലൂടെ ഒരു ചികിത്സ നിർദേശിക്കപ്പെട്ടു; അല്ലാഹുവിനെ സ്തുതിച്ചും മുഹമ്മദ് നബിയുടെ പേരിൽ സ്വലാത്ത് ചൊല്ലിയും പുഴയിലെ പൂഴി എടുത്ത് ശരീരം പൊതിയുക. അത് ചെയ്തപ്പോൾ എന്റെ രോമകൂപത്തിൽനിന്ന് തീപാറുന്ന സ്ഥിതി മാറി. രാത്രി ഞാൻ നന്നായി ഉറങ്ങി. നേരം പുലർന്നതോടെ ഇൽഹാം അവതരിച്ചു: 'നിങ്ങൾക്ക് ഈ അടയാളത്തെക്കുറിച്ച് സംശയം ഉണ്ടോ? എങ്കിൽ നമ്മുടെ ദാസന് നാം ഇറക്കിയ ചികിത്സക്ക് തുല്യമായ മറ്റൊരു ചികിത്സ കൊണ്ടുവരിക" (പേജ് 25-26).

നമുക്ക് അറിയാവുന്നപോലെ, വിശുദ്ധ ക്വുർആൻ ദൈവികമല്ലെന്നും കെട്ടിച്ചമച്ചതാണെന്നുമുള്ള ശത്രുക്കളുടെ ആക്ഷേപത്തിന് മറുപടിയായി, 'നമ്മുടെ ദാസന് അവതരിച്ച ഈ ക്വുർആനിൽ നിങ്ങൾക്ക് സംശയമുണ്ടെങ്കിൽ ഇതുപോലുള്ള ഒരു സൂറത്ത് കൊണ്ടുവരിക. അല്ലാഹുവിനെ ഒഴികെ മറ്റാരെ വേണമെങ്കിലും സഹായത്തിന് കൂട്ടിക്കൊള്ളുക' എന്ന് ലോകാവസാനം വരെയുള്ള നിഷേധികളെ വെല്ലുവിളിച്ചുകൊണ്ട് അവതരിച്ച ആയത്തിലെ ഒരു പദമായ 'സൂറത്ത്' എന്നതിനു പകരം 'ശിഫാഅ്' എന്നു ചേർത്ത്, തന്റെ മലദ്വാരത്തിലൂടെ ചോര പോകുന്ന രോഗത്തിനുള്ള ചികിത്സയുടെ ദൈവികതയും അപ്രമാദിത്വവും തെളിയിക്കാനായി വെല്ലുവിളിച്ചിരിക്കുകയാണ് അഭിനവ പ്രവാചകൻ!

ഈ ചികിത്സയ്ക്ക് പകരം വയ്ക്കാൻ മറ്റൊരു ചികിത്സയും ഇല്ലെന്നാണോ ഖാദിയാനികൾ കരുതുന്നത്? അവരിപ്പോഴും പ്രവാചകന്റെ ഇൽഹാമിയോപ്പതി തന്നെയാണോ ചികിത്സയ്ക്കായി ഉപയോഗിക്കുന്നത്? ഏതായാലും വിശുദ്ധ ക്വുർആനെ അപമാനിക്കുന്ന പിശാചിൽനിന്നുള്ള ഒരു 'വഹ്‌യാ'ണ് ഇവിടെ ഗുലാം അഹ്‌മദ് ഖാദിയാനി അവതരിപ്പിച്ചിട്ടുള്ളത് എന്ന കാര്യത്തിൽ പക്ഷാന്തരമില്ല.

*(തുടരും)*

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
✆:95444 92089

അധ്യായം 39

# സൂറ: അസ്സുമർ

## (കൂട്ടങ്ങൾ)

(മക്കയിൽ അവതരിച്ചത്)

24. എന്നാൽ ഉയിർത്തെഴുന്നേൽപിന്റെ നാളിൽ കടുത്ത ശിക്ഷയെ സ്വന്തം മുഖം കൊണ്ട് തടുക്കേണ്ടിവരുന്ന ഒരാൾ (അന്ന് നിർഭയനായിരിക്കുന്നവനെ പോലെയാകുമോ?). നിങ്ങൾ സമ്പാദിച്ചുകൊണ്ടിരിക്കുന്നത് നിങ്ങൾ ആസ്വദിച്ചുകൊള്ളുക എന്ന് അക്രമികളോട് പറയപ്പെടുകയും ചെയ്യും.
25. അവർക്ക് മുമ്പുള്ളവരും സത്യത്തെ നിഷേധിച്ചുകളഞ്ഞു. അപ്പോൾ അവർ അറിയാത്ത ഭാഗത്തുകൂടി അവർക്ക് ശിക്ഷ വന്നെത്തി.
26. അങ്ങനെ ഐഹികജീവിതത്തിൽ അല്ലാഹു അവരെ അപമാനം ആസ്വദിപ്പിച്ചു. പരലോക ശിക്ഷ തന്നെയാകുന്നു ഏറ്റവും ഗുരുതരമായത്. അവർ അത് മനസ്സിലാക്കിയിരുന്നെങ്കിൽ!
27. തീർച്ചയായും ഈ ക്വുർആനിൽ ജനങ്ങൾക്കു വേണ്ടി നാം എല്ലാവിധത്തിലുമുള്ള ഉപമകൾ വിവരിച്ചിട്ടുണ്ട്; അവർ ആലോചിച്ച് മനസ്സിലാക്കുവാൻ വേണ്ടി.
28. അതെ, ഒട്ടും വക്രതയുള്ളതല്ലാത്ത, അറബിഭാഷയിലുള്ള ഒരു ക്വുർആൻ, അവർ സൂക്ഷ്മത പാലിക്കുവാൻ വേണ്ടി.
29. അല്ലാഹു ഇതാ ഒരു മനുഷ്യനെ ഉപമയായി എടുത്തുകാണിച്ചിരിക്കുന്നു. പരസ്പരം വഴക്കടിക്കുന്ന ഏതാനും പങ്കുകാരാണ് അവന്റെ യജമാനന്മാർ. ഒരു യജമാനന് മാത്രം കീഴ്പ്പെടേണ്ടവനായ മറ്റൊരാളെയും (ഉപമയായി എടുത്തുകാണിച്ചിരിക്കുന്നു). ഉപമയിൽ ഇവർ രണ്ടുപേരും ഒരുപോലെയാകുമോ? അല്ലാഹുവിന് സ്തുതി. പക്ഷേ, അവരിൽ അധികപേരും അറിയുന്നില്ല.

أَفَمَن يَتَّقِي بِوَجْهِهِۦ سُوٓءَ ٱلْعَذَابِ يَوْمَ
ٱلْقِيَٰمَةِ ۚ وَقِيلَ لِلظَّٰلِمِينَ ذُوقُوا۟ مَا كُنتُمْ
تَكْسِبُونَ ﴿٢٤﴾
كَذَّبَ ٱلَّذِينَ مِن قَبْلِهِمْ فَأَتَىٰهُمُ ٱلْعَذَابُ
مِنْ حَيْثُ لَا يَشْعُرُونَ ﴿٢٥﴾
فَأَذَاقَهُمُ ٱللَّهُ ٱلْخِزْىَ فِى ٱلْحَيَوٰةِ ٱلدُّنْيَا ۖ وَلَعَذَابُ
ٱلْءَاخِرَةِ أَكْبَرُ ۚ لَوْ كَانُوا۟ يَعْلَمُونَ ﴿٢٦﴾
وَلَقَدْ ضَرَبْنَا لِلنَّاسِ فِى هَٰذَا ٱلْقُرْءَانِ مِن
كُلِّ مَثَلٍ لَّعَلَّهُمْ يَتَذَكَّرُونَ ﴿٢٧﴾
قُرْءَانًا عَرَبِيًّا غَيْرَ ذِى عِوَجٍ لَّعَلَّهُمْ يَتَّقُونَ ﴿٢٨﴾
ضَرَبَ ٱللَّهُ مَثَلًا رَّجُلًا فِيهِ شُرَكَآءُ
مُتَشَٰكِسُونَ وَرَجُلًا سَلَمًا لِّرَجُلٍ هَلْ
يَسْتَوِيَانِ مَثَلًا ۚ ٱلْحَمْدُ لِلَّهِ ۚ بَلْ أَكْثَرُهُمْ لَا
يَعْلَمُونَ ﴿٢٩﴾

24). (എന്നാൽ ഉയിർത്തെഴുന്നേൽപിന്റെ നാളിൽ കടുത്ത ശിക്ഷയെ സ്വന്തം മുഖം കൊണ്ട് തടുക്കേണ്ടിവരുന്ന ഒരാൾ) അല്ലാഹു സന്മാർഗം നൽകുകയും അവന്റെ സ്വർഗത്തിലേക്കുള്ള വഴിയിൽ പ്രവേശിപ്പിക്കുകയും ചെയ്തവനോട് സമമാകാൻ കഴിയുമോ? ഉയിർത്തെഴുന്നേൽപു നാളുവരെ വഴികേടിലും തെറ്റിൽ അടിയുറച്ചും നിൽക്കുന്നവവനും; ആ ദിവസം അയാൾക്ക് വലിയ ശിക്ഷ അനുഭവിക്കേണ്ടിവരും. ശരീരത്തിന്റെ ഏറ്റവും ശ്രേഷ്ഠമായ അവയവമായ തന്റെ മുഖംകൊണ്ട് സ്വയം പരിരക്ഷിക്കാൻ അവൻ ശ്രമിക്കും. ഏറ്റവും കുറഞ്ഞ ശിക്ഷ അതിൽ സ്വാധീനം ചെലുത്തും. അവന്റെ കൈകളും കാലുകളും കെട്ടിയിട്ടിരിക്കുന്നതിനാൽ ഭയങ്കരമായ ശിക്ഷയിൽനിന്ന് സ്വയം പരിരക്ഷിക്കാൻ അവൻ ശ്രമിക്കും. (അക്രമികളോട് പറയപ്പെടുകയും ചെയ്യും) നിഷേധം, പാപങ്ങൾ എന്നിവയാൽ സ്വന്തത്തോട് അക്രമം ചെയ്തവർ. അവരെ അപമാനിച്ചുകൊണ്ട് പറയപ്പെടും: (നിങ്ങൾ സമ്പാദിച്ചുകൊണ്ടിരിക്കുന്നത് നിങ്ങൾ ആസ്വദിച്ചുകൊള്ളുക).

25). (അവർക്ക് മുമ്പുള്ളവരും നിഷേധിച്ചുകളഞ്ഞു) ഇവരെപ്പോലെ മുൻ സമുദായത്തിൽ പെട്ടവരും. (അപ്പോൾ അവർ അറിയാത്ത ഭാഗത്തുകൂടി അവർക്ക് ശിക്ഷ വന്നെത്തി) അവർ അശ്രദ്ധയിലോ, പകലിലോ ഉച്ചയുറക്കം ഉറങ്ങുന്ന സന്ദർഭത്തിലോ.

26) (അവർക്ക് അല്ലാഹു ആസ്വദിപ്പിച്ചു) ആ ശിക്ഷമൂലം. (ഇഹലോകജീവിതത്തിൽ അപമാനം) അല്ലാഹുവിന്റെ അടുക്കലും ജനങ്ങളുടെ അടുക്കലും അവർ വഷളായി. (പരലോകശിക്ഷ തന്നെയാകുന്നു ഏറ്റവും ഗുരുതമായത് അവർ അത് മനസ്സിലാക്കിയിരുന്നെങ്കിൽ).

അതിനാൽ, ഈ ആളുകൾ അവിശ്വാസത്തിൽ ഉറച്ചുനിൽക്കുന്നത് സൂക്ഷിക്കട്ടെ, തങ്ങൾക്കു മുമ്പുള്ള സമുദായത്തിന് സംഭവിച്ച അതേശിക്ഷ അവർക്കും ഉണ്ടാകാതിരിക്കാൻ. അവർക്ക് സംഭവിച്ചതുതന്നെ ഇവർക്കും സംഭവിക്കും.

27). ധാരാളം ഉപമകൾ അല്ലാഹു ക്വുർആനിൽ പറഞ്ഞിട്ടുണ്ടെന്നാണ് ഇവിടെ പറയുന്നത്. നല്ലവരെക്കുറിച്ചും ചീത്ത ആളുകളെക്കുറിച്ചും. ശിർക്കിന്റെയും തൗഹീദിന്റെയും ഉപമകൾ. എല്ലാ ഉപമകളും യഥാർഥ സത്യങ്ങളിലേക്ക് നയിക്കുന്നു. ഇത്തരം ഉപമകൾ പറയുന്നത് (അവർ ആലോചിച്ച് മനസ്സിലാക്കാൻ വേണ്ടി). നാം സത്യം അവർക്ക് വ്യക്തമാക്കിക്കൊടുക്കുമ്പോൾ അവർക്ക് പഠിക്കാനും അതനുസരിച്ച് പ്രവർത്തിക്കാനും കഴിയും.

28). (അതെ, ഒട്ടും വക്രതയില്ലാത്ത അറബി ഭാഷയിലുള്ള ഒരു ക്വുർആൻ) പദങ്ങൾക്ക് വ്യക്തതയുള്ള-പ്രത്യേകിച്ചും അറബികൾക്ക്-ആശയ ലളിതമായ അറബി ഭാഷയിൽ ക്വുർആനിനെ നാം ആക്കി.

(വക്രതയില്ലാത്ത) അതിന്റെ പദങ്ങളിലോ ആശയങ്ങളിലോ യാതൊരുവിധ തകരാറോ ന്യൂനതകളോ ഇല്ലാത്തവിധം. അങ്ങനെ വരുമ്പോൾ അത് ഏറ്റവും നേരായതും ശരിയായതുമായിരിക്കും.

ٱلْحَمْدُ لِلَّهِ ٱلَّذِىٓ أَنزَلَ عَلَىٰ عَبْدِهِ ٱلْكِتَـٰبَ وَلَمْ يَجْعَل لَّهُۥ عِوَجَا ۜ ﴿١﴾

"തന്റെ ദാസന്റെ മേൽ വേദഗ്രന്ഥമവതരിപ്പിക്കുകയും അതിന് ഒരു വക്രതയും വരുത്താതിരിക്കുകയും ചെയ്ത അല്ലാഹുവിന് സ്തുതി" (18:1).

(അവർ സൂക്ഷ്മത പാലിക്കുവാൻവേണ്ടി) അല്ലാഹുവിനെ സൂക്ഷിക്കുവാൻ. ഋജുവായ അറബി ഭാഷയിലുള്ള ഈ ക്വുർആനിലൂടെ വൈജ്ഞാനികവും കർമപരവുമായ നിർദേശങ്ങൾ നൽകി സൂക്ഷ്മതയോടെ ജീവിക്കാൻ അവർക്ക് വഴിയൊരുക്കി. എല്ലാവിധത്തിലുമുള്ള വിശദീകരണങ്ങൾ ഈ ക്വുർആനിലുണ്ട്.

29). തുടർന്ന് തൗഹീദിന്റെയും ശിർക്കിന്റെയും ഉപമകളാണ് വിശദീകരിക്കുന്നത്. (അല്ലാഹു ഇതാ ഒരു മനുഷ്യനെ ഉപമയായി എടുത്തുകാണിച്ചിരിക്കുന്നു) ഒരു അടിമയെ. (പരസ്പരം വഴക്കടിക്കുന്ന) ഏതാ നും പങ്കുകാരാണ് അവന്റെ യജമാനന്മാർ. അവർ കുറേ പേരുണ്ട്. ഒരു കാര്യത്തിലും അവർ ഏകാഭിപ്രായക്കാരല്ല. ഒരവസ്ഥയിലും അവർ ഐക്യത്തിലല്ല. ഒരു സുഖവും അയാൾക്ക് നൽകുന്നില്ല. മാത്രവുമല്ല, അയാളുടെ കാര്യത്തിൽ അവരെപ്പോഴും അഭിപ്രായവ്യത്യാസത്തിലാണ്. ഓരോരുത്തർക്ക് ഓരോ ഉദ്ദേശ്യമാണുള്ളത്. അവനത് നടത്താൻ ഉദ്ദേശിക്കുമ്പോൾ മറ്റൊരാൾ മറ്റൊന്നാണ് ഉദ്ദേശിക്കുന്നത്. ഇയാളുടെ അവസ്ഥയൊന്ന് ചിന്തിച്ചുനോക്കൂ. ഈ പരസ്പരം പോരടിക്കുന്നവരോടൊപ്പമുള്ള അയാളുടെ ജീവിതം!

(ഒരു യജമാനന് മാത്രം കീഴ്പ്പെടേണ്ടവനായ മറ്റൊരാളെയും) ഉപമയായി എടുത്തുകാണിച്ചിരിക്കുന്നു. അയാൾക്ക് ഒരു യജമാനൻ മാത്രം. യജമാനന്റെ താൽപര്യം അയാൾക്ക് നന്നായറിയാം. (ഇവർ രണ്ടുപേരും ഒരുപോലെയാകുമോ?) ഈ രണ്ടുപേരും (ഉപമയിൽ) സമമാകുന്ന പ്രശ്നമില്ല.

ഒരു ബഹുദൈവവിശ്വാസിയുടെ അവസ്ഥയും ഇതാണ്. ഭിന്നതയുള്ള നിരവധി പങ്കാളികളെ സേവിക്കുന്നു. ഒരിക്കൽ ഒരാളോട്, മറ്റൊരിക്കൽ മറ്റൊരാളോട് അവൻ പ്രാർഥിച്ചുകൊണ്ടിരിക്കുന്നു. സ്ഥിരതയില്ല. അവന്റെ ഹൃദയം ഒരിടത്ത് ഉറച്ചുനിൽക്കുന്നില്ല. ഏകദൈവവിശ്വാസിക്ക് തന്റെ രക്ഷിതാവ് മാത്രം. അവനല്ലാത്ത പങ്കുകാരിൽ നിന്നെല്ലാം അവൻ ഒഴിവാണ്. അവന് പൂർണ സ്വസ്ഥതയും മനസ്സമാധാനവും ഉണ്ട്. (ഇവർ രണ്ടുപേരും ഒരു പോലെയാകുമോ? അല്ലാഹുവിന് സ്തുതി) അറിവില്ലാത്തവരെ വഴികാണിക്കാനും അസത്യത്തിൽനിന്ന് സത്യം വേർതിരിയാനും പറ്റുന്ന ഉപമ. (പക്ഷേ, അവരിൽ അധികപേരും അറിയുന്നില്ല) അവരുടെ ശിർക്കിന്റെ ഫലമായി അവർക്ക് ലഭിക്കാനിരിക്കുന്ന ശിക്ഷയെക്കുറിച്ച്.

നമുക്കുചുറ്റും



# അവസാനിപ്പിക്കണം ഈ ധൂർത്തുകൾ

**നബീൽ പയ്യോളി**

: +966 55 771 0981

ഭക്ഷണം ജീവിക്കാനുള്ള അടിസ്ഥാന ഘടകമാണ്. വിശക്കുന്ന വയറിന് ആശ്വാസമാകേണ്ട ഭക്ഷണം ഇന്ന് ആഘോഷമായി മാറിക്കഴിഞ്ഞിരിക്കുന്നു. ലോകത്ത് ഇരുപതിനായിരത്തോളം പേർ ദിനേന പട്ടിണിമൂലം മരിക്കുന്നതായാണ് ലോകാരോഗ്യ സംഘടനയുടെ കണക്കുകൾ സൂചിപ്പിക്കുന്നത്. സാമൂഹ്യ മാധ്യമങ്ങളുടെ അതിപ്രസരത്താൽ, തിന്നുന്നതിനെക്കാളും അതിന്റെ വലിപ്പവും വീമ്പും പറയുവാനാണ് പലരും മത്സരിക്കുന്നത്. അമിതാഹാരം ഉണ്ടാക്കുന്ന ശാരീരിക പ്രയാസങ്ങളും രോഗങ്ങളും മറുവശത്ത്. കോവിഡ് കാലത്തിനു ശേഷമാണ് പ്രകടനപരത ഇത്രമേൽ സമൂഹത്തെ ഗ്രസിച്ചത്. വിവാഹങ്ങളും സൽക്കാരങ്ങളും നാം സങ്കൽപിക്കുന്നതിനും എത്രയോ അപ്പുറം ധൂർത്തിന്റെയും ആഭാസങ്ങളുടെയും പ്രകടനമായി മാറിക്കഴിഞ്ഞിരിക്കുന്നു.

മുസ്‌ലിം സമൂഹത്തെ സംബന്ധിച്ച് വിവാഹമെന്നത് പവിത്രമായ ചടങ്ങാണ്. അത് ആർഭാടങ്ങളിലേക്ക് വഴിമാറുന്ന കാഴ്ച ഖേദകരമാണ്. വിവാഹം ലളിതമാക്കാൻ ക്യാംപെയ്ൻ നടത്തി, നാടൊട്ടുക്കും ലളിതവിവാഹങ്ങൾക്ക് വേദിയൊരുക്കിയ മുജാഹിദ് പ്രസ്ഥാനത്തിന്റെ പുതുതലമുറ പുതിയ ക്യാംപെയ്ൻ ആരംഭിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

ഫാസ്റ്റ് ഫുഡ് ഭ്രമംമൂലം നാട്ടിലെങ്ങും ഡയാലിലിസ് സെന്ററുകൾ ആരംഭിക്കേണ്ട അവസ്ഥയാ ണുള്ളത്. അമിതാഹാരവും ജീവിതശൈലീരോഗങ്ങളും സമൂഹത്തെ നശിപ്പിക്കുംവിധം വ്യാപകമായിക്കൊണ്ടിരിക്കുകയാണ്.

തീൻമേശയിലെത്തുന്നത് ഡസൻ കണക്കിനു വിഭവങ്ങൾ. അതെല്ലാമൊന്ന് രുചിച്ചുനോക്കാൻ പോലും ഒരാൾക്ക് സാധിക്കില്ല. ലക്ഷങ്ങൾ ചെലവുവരുന്ന അലങ്കാരങ്ങൾ. എല്ലാം തീരുമാനിക്കുന്നത് ഇവന്റ്മാനേജ്മെന്റുകൾ. ചടങ്ങെല്ലാം കഴിയുമ്പോൾ എത്രയോ പേർക്ക് കഴിക്കാനുള്ള ഭക്ഷണം ബാക്കിയാകുന്നു. വിളമ്പിയ ഭക്ഷണം മുഴുവൻ തിന്നാനാകാതെ ബാക്കിയാക്കുമ്പോൾ വെയ്സ്റ്റാക്കി കളയുന്നത് വേറെ.

മഹല്ലുമായി ബന്ധപ്പെട്ടാണ് വിവാഹം നടക്കുന്നത്. അതുകൊണ്ട് തന്നെ മഹല്ലുകൾക്ക് ഈ കാര്യത്തിൽ നിയന്ത്രണമേർപ്പെടുത്താൻ കഴിയണം. വിവാഹം പോലുള്ള പവിത്രമായ ചടങ്ങിൽ ആളുകൾക്ക് നല്ല ഭക്ഷണം നല്ല സാഹചര്യത്തിൽ നൽകണം എന്നാഗ്രഹിക്കുന്നതിൽ തെറ്റില്ല. എല്ലാവരും ഒരേ രീതിയിൽ വിവാഹസദ്യയും സൽക്കാരങ്ങളുമെല്ലാം നടത്തണം എന്ന് പറയാവതല്ല. ഓരോരുത്തർക്കും അവരുടെ സാമ്പത്തിക സ്ഥിതിക്കും സാഹചര്യത്തിനുമനുസരിച്ച് വലുതാക്കാം, ചെറുതാക്കാം. എന്നാൽ അത് ധൂർത്തിനും പൊങ്ങച്ചത്തിനും ആഭാസങ്ങൾക്കും വഴിമാറരുത്. അതിനുള്ള ജാഗ്രതയാണ് മഹല്ലും സമുദായ നേതൃത്വവും പുലർത്തേണ്ടത്.

ധനം അനാവശ്യമായി ചെലവഴിക്കാനുള്ളതല്ല. ആവശ്യത്തിന് ചെലവഴിക്കണം. അർഹരായ സാധുക്കളെ സഹായിക്കണം.

ലോകത്തിന് ഉത്തമമായ മാതൃക കാണിച്ച പ്രവാചകന്റെ അനുയായികളിൽനിന്നും സമൂഹത്തെ നാണിപ്പിക്കും വിധമുള്ള ആർഭാടവും ധൂർത്തും ആഭാസങ്ങളും ഉണ്ടാവുന്നത് ലജ്ജാകരമാണ്. തലചായ്ക്കാൻ വീടും മാരകരോഗങ്ങളിൽനിന്ന് ആശ്വാസമേകാൻ ചികിത്സയും വിശപ്പകറ്റാൻ ഭക്ഷണവുമൊക്കെ ആവശ്യമായ നിരവധി സാധുക്കൾ നമുക്കു ചുറ്റുമുള്ള കാര്യം നാം മറന്നുകൂടാ. സമുദായത്തെ ഈ വിഷയത്തിൽ ബോധവൽകരിക്കാൻ നിരന്തരം പരിശ്രമിച്ചേ മതിയാവൂ. പള്ളിമിമ്പറുകളും പ്രഭാഷണ വേദികളും അതിനായി ഉപയോഗിക്കാൻ മഹല്ല് കമ്മിറ്റികളും സംഘടനകളും ഉൽസാഹിക്കേണ്ടതുണ്ട്. ■




GET IT ON Google Play
Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
18 November 2023

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

**പുറത്തിറങ്ങിയ മുഴുവൻ ലക്കങ്ങളും ഓൺലൈനിൽ ലഭ്യമായ മലയാളത്തിലെ ഏക പ്രസിദ്ധീകരണം**

**ഇപ്പോൾ Unicode, PDF, Flipbook, Kindle & Audio വേർഷനുകൾ ലഭ്യം**

WISDOM
ISLAMIC ORGANIZATION




ഒറ്റ പ്രതി ₹12

വാർഷിക വരിസംഖ്യ: ₹624

നേരിന്റെ വരമൊഴി

# നേർപഥം

വാരിക

|| പ്രമാണങ്ങൾക്കൊപ്പം || ഗുണകാംക്ഷയുടെ ശബ്ദം
|| നേരിന്റെ ആർജ്ജവം || വേറിട്ട വായനാനുഭവം

**പ്രചാരണ മാസം**
**2023 നവം: 10 - ഡിസം: 10**

#Nerpathamweekly

Circulation Manager | Nerpatham Weekly | PB No: 597 | Wisdom islamic organization
CV Complex | PV Swami Road | Chalappuram PO | Kozhikode | 673002 | Kerala | India
Ph: 0495 4019437 | +91 92075 25244 | **mail@nerpatham.com** | **www.nerpatham.com**